# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2021 ജൂൺ 17 | ദീപം 54 | നാളം 11 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org

# പണമില്ലാക്കാലത്തെ പുതുമയില്ലാക്കണക്കുകൾ



റ്റി. സി. മാത്യു

നികുതി കൂട്ടിയില്ല. അതിനർത്ഥം ഭാവിയിൽ നികുതി കൂട്ടില്ല എന്നല്ല. കൊവിഡ് മാറി ജീവിതം സാധാരണനിലയിലാകുമ്പോൾ നികുതി കൂട്ടും. കാരണം, വരുമാനം കൂട്ടാതെ സർക്കാരിനു പിടിച്ചു നിൽക്കാനാവില്ല.

രണ്ടാം പിണറായി സർക്കാർ ബജറ്റ് പുതുക്കി അവതരിപ്പിച്ചപ്പോൾ നികുതിവർധനയെപ്പറ്റി ഉണ്ടായിരുന്ന ആശങ്ക ഇങ്ങനെ പരിഹരിച്ചു. അഥവാ ആശങ്ക വരുംകാലത്തേക്കുള്ള മുന്നറിയിപ്പാക്കി മാറ്റി. അതാണു പുതുക്കിയ ബജറ്റിൽ ധനമന്ത്രി കെ.എൻ.ബാലഗോപാൽ ചെയ്ത പ്രധാന കാര്യം. മദ്യനികുതിയും ഭൂനികുതിയുമാകും കൊവിഡ് കഴിഞ്ഞാൽ ഉടൻ വർധിപ്പിക്കുക എന്നാണു സൂചന.

### പണമില്ലാതെ ധനമന്ത്രി

ഇതിനപ്പുറം സംസ്ഥാനബജറ്റ് എന്തെങ്കിലും ചെയ്തോ എന്നു ചോദിച്ചാൽ ഇല്ല എന്ന് ഉത്തരം നൽകേണ്ടിവരും.

കടം മേടിച്ചായാലും കരുതൽ നടപ്പാക്കുന്നതാണ് ഇടതുനയം എന്നൊക്കെ വലിയ മുദ്രാവാക്യം ബജറ്റ് പ്രസംഗത്തിന്റെ തുടക്കത്തിലേ മുഴക്കിയെങ്കിലും ആ വഴിക്ക് ഒന്നും ചെയ്തുകണ്ടില്ല. പണമില്ലായ്മയെപ്പറ്റി ഏറെ പരിതപിച്ചിട്ടുണ്ട് ധനമന്ത്രി. പക്ഷേ, വായ്പയെടുക്കൽ ഡോ.തോമസ് ഐസക്ക് അവതരിപ്പിച്ച ബജറ്റിലെ തുകയിൽ ഒതുക്കി.

കടമെടുക്കലും മറ്റും കേന്ദ്രം അനുവദിക്കുന്നിടത്തോളം മാത്രമേ പറ്റൂ. സംസ്ഥാന ജിഡിപിയുടെ മൂന്നര ശതമാനമാണ് അനുവദനീയവായ്പ. അതനുസരിച്ചു വായ്പയും ധനക്കമ്മിയും ഒതുക്കി.

### പുതുമയില്ലാതെ പാക്കേജ്

കൊവിഡ് ദുരിതാശ്വാസത്തെപ്പറ്റി ഏറെ പറയുകയും  പാക്കേജ് പ്രഖ്യാപിക്കുകയും ചെയ്തു. ആരോഗ്യ അടിയന്തരാവസ്ഥയ്ക്ക് 2800 കോടി രൂപ, ഉപജീവനം പ്രതിസന്ധിയിലായവർക്കു നേരിട്ടു നൽകാൻ 8900 കോടി രൂപ, സാമ്പത്തിക പുനരുജ്ജീവനത്തിനു വായ്പയും സബ്സിഡിയുമായി 8300 കോടി എന്നിങ്ങനെ മൂന്നു ഭാഗമായി 20,000 കോടിയുടേതാണു പാക്കേജ്.

ബജറ്റിലെ ഏറ്റവും പ്രധാന സ്കീമായി പറയുന്ന ഈ പാക്കേജ് പുതിയ ഒന്നല്ല. കഴിഞ്ഞ വർഷം അവതരിപ്പിച്ചപ്പോഴും പുതിയതായിരുന്നില്ല. നിലവിലുള്ള വിവിധ പദ്ധതികൾ തന്നെയാണ് ഇതിൽ പറയുന്നത്. അതിനാലാണു ബജറ്റിൽ പാക്കേജിനായി പ്രത്യേക തുകയുടെ വകയിരുത്തൽ ഇല്ലാത്തത്.

സൗജന്യവാക്സിനേഷനുള്ള 1000 കോടിയും അതിനു സാമഗ്രികൾ വാങ്ങാനുള്ള 500 കോടിയും (ഇവ നേരത്തേ പ്രഖ്യാപിച്ച കാര്യങ്ങളാണ്) ഐസലേഷൻ വാർഡുകൾ നിർമിക്കാനുള്ള 636.5 കോടിയും (ഈ തുക എംഎൽഎ ഫണ്ടിൽനിന്നു മാറ്റുന്നതാണ്) ഒക്കെ ചേർന്നതാണ് ആരോഗ്യ അടിയന്തരാവസ്ഥ നേരിടുന്നതിനുള്ള 2800 കോടി രൂപ.

### കുറവുകൾ പരിഹരിക്കും

കൊവിഡിന്റെ രണ്ടാം തരംഗത്തിൽ കേരള ആരോഗ്യമേഖലയുടെ ചില കുറവുകൾ വെളിപ്പെട്ടിരുന്നു. ഓക്സിജൻ, വെന്റിലേറ്റർ ബെഡ്, ഐസൊലേഷൻ വാർഡ് തുടങ്ങിയവയുടെ കുറവ് പ്രത്യേകിച്ചും. ഇവ പരിഹരിക്കാനും രോഗംമൂലം ബുദ്ധിമുട്ടിലായ ദുർബലവിഭാഗങ്ങളെ സഹായിക്കാനും അദ്ദേഹം ശ്രദ്ധിച്ചതിന്റെ ഫലമാണ് ഈ വകയിരുത്തൽ. ഇനിയൊരു മൂന്നാം തരംഗമുണ്ടായാൽ അതു നേരിടാനുള്ള കുറെ അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പാക്കാനും ഇതു സഹായിക്കും.

വായ്പ-ധനസഹായപദ്ധതികൾ പ്രഖ്യാപിച്ചതിൽ വായ്പ നൽകുന്നത് ബാങ്കുകളും ധനകാര്യസ്ഥാപനങ്ങളുമാണ്. സർക്കാരിന്റെ പങ്ക് ഫസിലിറ്റേഷനും (സൗകര്യപ്പെടുത്തൽ) ചില ഇനങ്ങളിൽ പലിശ സബ്സിഡിയും മാത്രം.

ഉപജീവനം നഷ്ടമാകുന്നവർക്കു നേരിട്ടു പണം നൽകുന്ന പദ്ധതി നിലവിൽ ദുർബലവിഭാഗങ്ങൾക്കുള്ള പെൻഷൻ-ധനസഹായസ്കീമുകൾ തന്നെയാണ്. ക്ഷേമപെൻഷനുകൾ ഒന്നും ഇല്ലാത്തവർക്കു നൽകാൻ ഡോ. തോമസ് ഐസക്ക് പ്രഖ്യാപിച്ച 1100 കോടിയുടെ പദ്ധതിയും ഇതിൽപ്പെടുന്നു. പുതുതായി ഒന്നും തുടങ്ങുന്നില്ല. വിപണിയിലേക്കെത്തുന്ന പണമാണ്, കൈയിലേക്കു നൽകുന്നതല്ല എന്നൊക്കെ വിശദീകരിച്ച് ഇതേപ്പറ്റി പുകമറ സൃഷ്ടിക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്.

### വാങ്ങൽശേഷി കൂട്ടണം

പക്ഷേ, പുതുതായി ഒന്നുമില്ലെന്ന വസ്തുത നിലനിൽക്കുന്നു. ബാലഗോപാൽ ഇതിനുള്ള കാരണം വളച്ചുകെട്ടില്ലാതെ ആദ്യമേ പറഞ്ഞു വച്ചിരുന്നു. പണമില്ല; അതിനാൽ പുതിയ പദ്ധതികളില്ല.

പണമില്ലായ്മയുടെ കാലത്തു പണമൊഴുക്കി ജനങ്ങളുടെ വാങ്ങൽശേഷി കൂട്ടുകയാണു സർക്കാരുകൾ ചെയ്യേണ്ടത്. എങ്കിലേ നാട്ടിൽ പണിയും വരുമാനവും ഉണ്ടാകൂ. അതാണ് യഥാർത്ഥ വികസനവഴി.

പണമില്ലായ്മയുടെ മഹാമാരി സംസ്ഥാന ബജറ്റിനെ ബാധിച്ചിട്ടുണ്ട്. സംസ്ഥാന ജിഡിപിയിലെ കുറവ് 2020-21 ൽ 1,56,041 കോടി രൂപയാണ്. അതിന് ആനുപാതികമായ കുറവ് നികുതിവരുമാനത്തിലും ഉണ്ട്. കേന്ദ്രത്തിൽനിന്നുള്ള നികുതിവിഹിതവും ഇതേപോലെ കുറഞ്ഞു.

### കൂടുതൽ കടത്തിനു വഴിയില്ല; നികുതി കൂട്ടാൻ പഴുതുമില്ല

ഈ കുറവ് നികത്താനും അധികച്ചെലവിനുമായി കൂടുതൽ കടമെടുക്കാൻ പറ്റില്ല. അതത്രയും കണക്കാക്കിയുള്ള ചെലവുകൾ ഉൾക്കൊള്ളിച്ചാണു മുൻഗാമി ഡോ. തോമസ് ഐസക്ക് ജനുവരിയിൽ ബജറ്റവതരിപ്പിച്ചത്. ആ ബജറ്റിലെ നിർദേശങ്ങളെല്ലാം പുതുക്കിയ ബജറ്റിലും തുടരുന്നു. അതുകൊണ്ട് പുതിയ പദ്ധതികൾ പ്രഖ്യാപിച്ച് അവയ്ക്കുവേണ്ടി കടമെടുക്കാൻ പറ്റില്ല.

നികുതി കൂട്ടലും പ്രയാസം. ജിഎസ്ടിയിൽ തൊടാൻ പറ്റില്ല. സംസ്ഥാനത്തിന് അതിനധികാരമില്ല. സംസ്ഥാനത്തിനധികാരമുള്ള നികുതികൾ ഭൂനികുതി, വാഹനനികുതി, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, മദ്യനികുതി, പെട്രോൾ-ഡീസൽ വില്പന നികുതി എന്നിവയാണ്. ഇപ്പോൾ ഇവ കൂട്ടിയാൽ വലിയ വിമർശനമുയരും. അതു ഭരണത്തുടർച്ചയുടെ മുഴുവൻ ശോഭയും കെടുത്തും.

നികുതിയിതര വരുമാനം വർധിപ്പിക്കാനും വഴിയില്ല. ലോട്ടറിവില്പന കൊവിഡ് നിയന്ത്രണം മൂലം മുടങ്ങി. അതിൽ വരുന്ന നഷ്ടം 500 കോടി എന്നു പുതുക്കിയ ബജറ്റിൽ പറഞ്ഞിട്ടുള്ളത് ഒരു മാസത്തെ മാത്രം നഷ്ടമാണ്. നിയന്ത്രണങ്ങൾ നീളുംതോറും നഷ്ടം കൂടും.

### പഴയ കടത്തിന്റെ ഭാരം

കടമെടുപ്പിന്റെ കാര്യത്തിൽ കൂടുതൽ വിഷമത്തിലാണു സംസ്ഥാനത്തിന്റെ പുതിയ ധനമന്ത്രി. കടം സംസ്ഥാന ജിഡിപിയുടെ അനുപാതം എന്ന നിലയിൽ അപായകരമായ നിലയിൽ എത്തിയിരിക്കുന്നു. കഴിഞ്ഞ മാർച്ച് 31 ലെ അവസ്ഥ ഇങ്ങനെ: സംസ്ഥാന ജിഡിപി 8.22 ലക്ഷം കോടി രൂപ. സംസ്ഥാന കടബാധ്യത 2.99 ലക്ഷം കോടി രൂപ. കടം ജിഡിപിയുടെ 36.11 ശതമാനം. ഇതിന്റെ പലിശ 20,286 കോടി.

2024 മാർച്ചിൽ കടം 3.9 ലക്ഷം കോടിയും പലിശ 27,667 കോടി രൂപയുമായി ഉയരും.

കേന്ദ്രവും റിസർവ് ബാങ്കും ധനകാര്യ കമ്മീഷനും വരയ്ക്കുന്ന അതിർവരമ്പിനുള്ളിൽ അഭ്യാസം നടത്താനേ സംസ്ഥാനങ്ങൾക്ക് അനുവാദമുള്ളൂ. അതിർവരമ്പിൽ റവന്യു കമ്മി ഇല്ലാതാക്കുകയും ധനകമ്മി സംസ്ഥാന ജിഡിപിയുടെ മൂന്നു ശതമാനമായി താഴ്ത്തുകയും വേണം. കൊവിഡ് ആഘാതംമൂലം ഈ ലക്ഷ്യം നാലഞ്ചു വർഷം കഴിഞ്ഞേ ചിന്തിക്കാൻ പറ്റൂ.

▶ 8



# സഭ ഉള്ളിൽനിന്നു വളരണം

## കടുത്തുരുത്തിക്കാരൻ കടവിൽ ചാണ്ടിക്കത്തനാരെക്കുറിച്ച്

സഭാചരിത്രം / പഠനം



മാർ ജോസഫ് കല്ലറങ്ങാട്ട്

കഴിഞ്ഞ ലക്കം തുടർച്ച 2

### എളിമയുടെ ആൾരൂപം

കടവിൽ ചാണ്ടിക്കത്തനാർ മാർപാപ്പയ്ക്ക് (Pope Alexander VII) കവിതാരൂപത്തിൽ സുറിയാനിയിൽ എഴുതുന്ന കത്തുകളുണ്ട്. ഭാരതനസ്രാണികളുടെ കാര്യങ്ങളെല്ലാം അറിയിച്ചുകൊണ്ടും തദ്ദേശീയരായി മെത്രാൻമാർ ഈ സഭയുടെ ശുശ്രൂഷയിലേക്കു കടന്നുവരണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ടുമായിരുന്നു ഈ കത്തുകൾ. ഇതിന്റെകൂടെ പരിശുദ്ധ കുർബാനയെക്കുറിച്ച് എഴുതിയിരിക്കുന്ന സുറിയാനിക്കവിതകളും അദ്ദേഹം മാർപാപ്പയ്ക്ക് അയച്ചുകൊടുത്തിരുന്നു. ഇത്തരം കവിതകളിൽ അദ്ദേഹം തന്നെത്തന്നെ ചിത്രീകരിക്കുന്നത് വളരെ വിനയത്തോടും എളിമയോടും കൂടിയാണ്. വി. കുർബാനയെക്കുറിച്ച് പൗരസ്ത്യസുറിയാനിയിൽ എഴുതിയ കവിതകളുടെ ഒരു വലിയ സമാഹാരം പരിശുദ്ധ പിതാവിന് അയയ്ക്കുമ്പോൾ അദ്ദേഹം സ്വയം പരിചയപ്പെടുത്തുന്നത് ഇങ്ങനെയാണ്: "നീചരിൽ നീചനായ ഞാൻ അങ്ങയുടെ തൃക്കരങ്ങളിലേക്ക് ഒരു ചെറിയ കത്ത് കൊടുത്തുവിടുന്നു. എന്റെ വിവരക്കേടുകൊണ്ടായിരിക്കാം ഞാൻ വിശുദ്ധ കുർബാനയെക്കുറിച്ച് എഴുതിയത്. അത് അവിടുന്ന് സുറിയാനി അറിയാവുന്നവരെക്കൊണ്ട് വായിച്ചു മനസ്സിലാക്കി എന്റെ തെറ്റുകൾ കാണുമ്പോൾ എന്നെ കല്ലെറിയാതെ അവ തിരുത്തുന്നതിനുവേണ്ട പ്രകാശരശ്മികൾ എനിക്കു പ്രാർത്ഥനാപൂർവം നല്കണമേ." അദ്ദേഹത്തെക്കുറിച്ചു പണ്ഡിതന്മാർ പറഞ്ഞിട്ടുള്ളത് പൗരസ്ത്യസുറിയാനിയുടെ വ്യാകരണരൂപങ്ങൾ അദ്ദേഹംതന്നെയാണ് ഒരു പരിധിവരെ കണ്ടുപിടിച്ചത് എന്നാണ്. പുതിയ നാമപദങ്ങൾ, ക്രിയാരൂപങ്ങൾ, വിശേഷണങ്ങൾ തുടങ്ങിയവയൊക്കെ പൗരസ്ത്യസുറിയാനിയിലേക്കു കൊണ്ടുവന്നത് കടവിൽ ചാണ്ടിക്കത്തനാരാണെന്നാണ് പണ്ഡിതമതം. അതുകൊണ്ടാണ് നമ്മുടെ സഭയുടെ ചരിത്രം പഠിക്കുമ്പോൾ ഇദ്ദേഹത്തെപ്പോലുള്ള ആളുകളിലേക്കു നമ്മൾ തിരിച്ചുവരണം എന്നുപറയുന്നത്. അദ്ദേഹത്തിന് പൗരസ്ത്യസുറിയാനിയിൽ മാത്രമല്ല ലത്തീൻ ഭാഷയിലും ഹീബ്രുഭാഷയിലും നല്ല അറിവുണ്ടായിരുന്നു.

### മനുഷ്യസ്നേഹിയായിരുന്നു ചാണ്ടിക്കത്തനാർ

മനുഷ്യന്റെ പ്രശ്നങ്ങളൊക്കെ കാണുകയും അതു ദൈവത്തിന്റെ മുമ്പിൽ പാട്ടായും വർത്തമാനങ്ങളായും കീർത്തനങ്ങളായുമൊക്കെ അവതരിപ്പിക്കുകയും ചെയ്ത മനുഷ്യസ്നേഹിയായിരുന്നു ചാണ്ടിക്കത്തനാർ. സുവിശേഷവചനങ്ങൾക്ക് ഈടുറ്റ വ്യാഖ്യാനങ്ങൾ അദ്ദേഹം നൽകിയിട്ടുണ്ട്. അപ്രേം പുണ്യവാളനെക്കുറിച്ചും ജേക്കബ് ഓഫ് എദ്ദേസായെക്കുറിച്ചും എഴുതിയിട്ടുണ്ട്. അങ്ങനെ വിപുലമായ ഒരു പഠനരംഗമാണ് നമ്മൾ അദ്ദേഹത്തിൽ കാണുന്നത്. 17-ാം നൂറ്റാണ്ട് പൗരസ്ത്യസുറിയാനി പാരമ്പര്യത്തിലെ അതിന്റെ ആദ്യകാല പ്രഗല്ഭവ്യക്തികളെക്കുറിച്ച് വേണ്ട രീതിയിലുള്ള അറിവില്ലാതിരുന്ന ഒരു കാലഘട്ടമായിരുന്നു. തെയദോറിനെക്കുറിച്ചോ നെസ്തോറിയസിനെക്കുറിച്ചോ ആ കാലഘട്ടത്തിലുള്ള മറ്റു സുറിയാനി ഗ്രന്ഥകാരന്മാരെക്കുറിച്ചോ അവരുടെ രചനകളിലുള്ള സത്യസന്ധമായ ഡോക്ട്രിൻസിനെക്കുറിച്ചോ മനസ്സിലാക്കാൻ പലർക്കും പറ്റാതെപോയി. അതിന്റെ ചുവടുപിടിച്ചാണ് കടവിൽ ചാണ്ടിയും അവരെയൊക്കെ വിമർശിക്കുകയും അവരുടെ രചനകളിലുള്ള വീഴ്ചകൾ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നത്. അത് അന്നത്തെ ദൈവശാസ്ത്രസമീപനത്തിന്റെ ഒരു ഭാഗമായി വന്നതാണ്. പിന്നീട് കുറെക്കൂടി പണ്ഡിതോചിതമായ രീതിയിൽ നെസ്തോറിയസും തെയദോറുമെല്ലാം പഠനവിധേയമാക്കപ്പെട്ടു. അവരുടെ പ്രബോധനങ്ങൾ സത്യസന്ധമാണെന്ന് വീണ്ടും തിരുസ്സഭ കണ്ടെത്തി. അതുകൊണ്ടാണ് ഇവയെല്ലാം പൗരസ്ത്യസുറിയാനിസഭ ലിറ്റർജിയിൽ ഇപ്പോൾ ഉപയോഗിക്കുന്നത്.

കടവിൽ ചാണ്ടിക്കത്തനാരിൽ നമ്മൾ കാണുന്ന ഒരു സവിശേഷത റോസ് മെത്രാനെക്കുറിച്ച് അദ്ദേഹത്തിനു വലിയ മതിപ്പുണ്ടായിരുന്നു എന്നതാണ്. കടവിൽ ചാണ്ടിയുടെ അധ്യാപകനായിരുന്നു അദ്ദേഹം. അതുകൊണ്ട് വിട്ടുവീഴ്ചയില്ലാത്ത രീതിയിൽ റോസ് മെത്രാനെക്കുറിച്ചുള്ള വർണനകൾ അദ്ദേഹത്തിന്റെ കവിതകളിൽ നാം കാണുന്നു. ഒരു ഉദാഹരണം: "തോമാശ്ലീഹായുടെ അതിപുരാതനമായ ശ്ലൈഹികസിംഹാസനത്തിൽ അദ്ദേഹം ഉപവിഷ്ടനായിരിക്കുന്നു. അദ്ദേഹം വളരെ നല്ലൊരു മാതൃകയാണ്. വളരെ സമർത്ഥനാണ്. ലോകത്തിന്റെ വശീകരണങ്ങളൊന്നും അദ്ദേഹത്തെ സ്വാധീനിച്ചിട്ടില്ല. പരിശുദ്ധ സഭയിലെ ശുശ്രൂഷാപദവിയിലെ ഒരു വിശിഷ്ടാഭരണമാണ് അദ്ദേഹം. ധ്യാനാത്മകമായ ഒരു മനസ്സിന്റെയും ശ്ലൈഹികതയുടെ തുടർച്ചയുടെയും അടയാളം." റോസ് മെത്രാൻ ഇവിടെ ദീർഘനാൾ സുറിയാനിക്കത്തോലിക്കരുടെ മെത്രാനായിരുന്നപ്പോൾ മുൻകൂട്ടിയുണ്ടായിരുന്ന പരിചയവും ഗുരുശിഷ്യബന്ധവുമെല്ലാം പരിഗണനയിലെടുത്ത് ചാണ്ടിക്കത്തനാർ പറഞ്ഞ കാര്യമാണിത്. ചാണ്ടിക്കത്തനാരുടെ കവിതകളിൽ വലിയൊരു ഭാഗം റോസ് മെത്രാനെക്കുറിച്ചുള്ളതാണ്. ഇതു കേവലം വ്യക്തിവർണനകൾ മാത്രമല്ല. അദ്ദേഹം ഈ സഭയ്ക്കുവേണ്ടി ചെയ്ത കാര്യങ്ങളും സുറിയാനിയിലും മലയാളത്തിലുമുള്ള അദ്ദേഹത്തിന്റെ പാണ്ഡിത്യവും സാധാരണക്കാരുമായി ബന്ധപ്പെടാനുള്ള കഴിവുമെല്ലാം പരിഗണിച്ചുകൊണ്ടാണ് കടവിൽ ചാണ്ടി അദ്ദേഹത്തെക്കുറിച്ച് കൂടുതലായി എഴുതിയത്.

### വൈവിധ്യമാർന്ന ദൈവശാസ്ത്രവിഷയങ്ങൾ

പരിശുദ്ധ കുർബാനയെക്കുറിച്ച്, പരിശുദ്ധ റൂഹായെക്കുറിച്ച്, ലിറ്റർജിയെക്കുറിച്ച്, വൈദികർക്കും ജനങ്ങൾക്കും വേണ്ട നമസ്കാരങ്ങളെക്കുറിച്ച്, മരിയസ്തുതിപ്പുകളെക്കുറിച്ച്... ഇങ്ങനെയുള്ള ഒരുപറ്റം മേഖലകളെക്കുറിച്ച് അദ്ദേഹം എഴുതിയിട്ടുണ്ട്. ലിറ്റർജിക്കലും സെക്കുലറും ആയിട്ടുള്ള മേഖലകളെക്കുറിച്ച് അദ്ദേഹം കവിതകൾ എഴുതി. ഇതിന്റെയൊരു വിലയിരുത്തൽ നമ്മൾ നടത്തുകയാണെങ്കിൽ, അദ്ദേഹത്തിന്റെ കവിതകൾ വാക്കുകൾകൊണ്ടുള്ള ഒരു കളിയും പൗരസ്ത്യസുറിയാനിയിലുള്ള അഗാധമായ പാണ്ഡിത്യവുമാണ്. വൈവിധ്യമാർന്ന ദൈവശാസ്ത്രവിഷയങ്ങളുടെ വലിയ ഒരു കൂമ്പാരംപോലെയാണ് അദ്ദേഹത്തിന്റെ കവിതകൾ. അപ്രേമിന്റെ കവിതയുടെ ഒരു പ്രത്യേകത വളരെ ലളിതമായ ഭാഷയാണ് എന്നതാണ്. കടവിൽ ചാണ്ടിയും ആ ഒരു ശൈലിയാണ് ഉപയോഗിച്ചിരുന്നത്. അതുകൊണ്ട് ആരാലും ശ്രദ്ധിക്കപ്പെടാതെ അർക്കൈവ്സിൽ മാത്രം ഇരിക്കേണ്ട ഒന്നായി അവയെ നാം വിട്ടുകളയരുത്. ഒരു സഭയുടെ ലിറ്റർജിക്കൽ ഭാഷയുടെ പ്രാധാന്യം, അതിന്റെ ശ്ലൈഹികപാരമ്പര്യത്തിന്റെ പ്രാധാന്യം, ലിറ്റർജിക്കൽ ടെക്സ്റ്റുകളുടെ പ്രാധാന്യം തുടങ്ങിയ കാര്യങ്ങൾ മനസ്സിലാകുന്നത് സഭയ്ക്കുവേണ്ടി എഴുതുകയും ത്യാഗം അനുഭവിക്കുകയും ചെയ്ത വ്യക്തികളുടെ ചരിത്രംകൂടി പഠിക്കുമ്പോഴാണ്. കടവിൽ ചാണ്ടിയുടെ രചനകളിൽ, അതു മാർപാപ്പയെക്കുറിച്ചു പറയുമ്പോഴാണെങ്കിലും റോസ് മെത്രാനെക്കുറിച്ചു പറയുമ്പോഴാണെങ്കിലും അർക്കദിയാക്കോന്മാരെക്കുറിച്ചു പറയുമ്പോഴാണെങ്കിലും സാധാരണക്കാരെക്കുറിച്ചു പറയുമ്പോഴാണെങ്കിലും, സുറിയാനിഭാഷ ഉപയോഗിച്ചുള്ള വർണനകളും അതിവർണനകളുമാണ് നമ്മൾ കാണുന്നത്. അതുകൊണ്ട് അദ്ദേഹത്തിന്റെ വൈദഗ്ധ്യമുള്ള ബുദ്ധിസാമർത്ഥ്യം നമ്മൾ കൂടുതലായി കണ്ടെത്തണം.

> ഒരു സഭയുടെ ലിറ്റർജിക്കൽ ഭാഷയുടെ പ്രാധാന്യം, അതിന്റെ ശ്ലൈഹികപാരമ്പര്യത്തിന്റെ പ്രാധാന്യം, ലിറ്റർജിക്കൽ ടെക്സ്റ്റുകളുടെ പ്രാധാന്യം തുടങ്ങിയ കാര്യങ്ങൾ മനസ്സിലാകുന്നത് സഭയ്ക്കുവേണ്ടി എഴുതുകയും ത്യാഗം അനുഭവിക്കുകയും ചെയ്ത വ്യക്തികളുടെ ചരിത്രംകൂടി പഠിക്കുമ്പോഴാണ്. സുറിയാനി പഠിക്കാനും ദൈവശാസ്ത്രം പഠിക്കാനുമുള്ള ഏറ്റവും നല്ലൊരു മാർഗമാണ് കടവിൽ ചാണ്ടിക്കത്തനാരുടെ കവിതകൾ വായിക്കുക എന്നത്. സീറോ മലബാർ സഭയുടെ, ഭാരതത്തിലെ നസ്രാണികളുടെ, മാർത്തോമ്മാക്രിസ്ത്യാനികളുടെ സ്വത്വം, ഒരുമ, ആത്മീയത, ഭരണസംവിധാനം എന്നിവ കണ്ടെത്താൻ ഇത്തരത്തിലുള്ള പ്രതിഭകളെക്കുറിച്ചുള്ള പരിജ്ഞാനം അനിവാര്യമാണ്.

### വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ കടവിൽ തറവാട്ടിൽനിന്ന്

കത്തനാരുടെ തറവാട്ടിൽനിന്നാണ് വാഴ്ത്തപ്പെട്ട കുഞ്ഞച്ചനും പിറക്കുന്നത്. കുഞ്ഞച്ചന്റെ പൂർവമാതാക്കൾ കടുത്തുരുത്തിയിൽനിന്ന് (കടവിൽ കുടുംബത്തിൽനിന്ന്) രാമപുരത്തേക്കു കുടിയേറ്റം നടത്തിയവരാണ്. വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ ഏറ്റവും സംശുദ്ധമായ ജീവിതക്രമത്തിന് കടവിൽ ചാണ്ടിക്കത്തനാരുമായും അദ്ദേഹത്തിന്റെ കവിതകളുമായും നല്ല ബന്ധമുണ്ട്. പൗരസ്ത്യസുറിയാനിഭാഷയുടെ മാഹാത്മ്യം എടുത്തുകാണിച്ച ചരിത്രപുരുഷനായിരുന്നു കടവിൽ ചാണ്ടിക്കത്തനാർ. മറുവശത്ത്, വിശുദ്ധിയുടെ മഹിമയും ലാളിത്യവും എടുത്തുകാണിച്ച ശ്രേഷ്ഠപുരോഹിതനായിരുന്നു കുഞ്ഞച്ചൻ. കടവിൽകുടുംബം നമ്മുടെ സഭയ്ക്കു നല്കിയ അനശ്വരപൈതൃകങ്ങൾ നാം വീണ്ടും കണ്ടെത്തണം. സുറിയാനി പഠിക്കാനും ദൈവശാസ്ത്രം പഠിക്കാനുമുള്ള ഏറ്റവും നല്ലൊരു മാർഗമാണ് കടവിൽ ചാണ്ടിക്കത്തനാരുടെ കവിതകൾ വായിക്കുക എന്നത്. സീറോ-മലബാർ സഭയുടെ, ഭാരതത്തിലെ നസ്രാണികളുടെ, മാർത്തോമ്മാക്രിസ്ത്യാനികളുടെ സ്വത്വം, ഒരുമ, ആത്മീയത, ഭരണസംവിധാനം എന്നിവ കണ്ടെത്താൻ ഇത്തരത്തിലുള്ള പ്രതിഭകളെക്കുറിച്ചുള്ള പരിജ്ഞാനം അനിവാര്യമാണ്. എക്യുമെനിക്കലായിട്ടുള്ള കാര്യങ്ങളിലേക്കും ഇതിനു വലിയ പ്രോത്സാഹനം നല്കാൻ സാധിക്കും. പ്രത്യേകിച്ച് ചാണ്ടിക്കത്തനാർ കൂനൻകുരിശുസത്യവുമായും പകലോമറ്റത്തെ അർക്കദിയാക്കോന്മാരുമായും ബന്ധപ്പെട്ടു നിലനില്ക്കുന്ന വ്യക്തിത്വമായിരുന്നതിനാൽ നമ്മുടെ സഭയുടെ സമ്പൂർണമായിട്ടുള്ള ഒരു വ്യക്തിത്വം കണ്ടെത്താനായി, ഇദ്ദേഹത്തെക്കുറിച്ചുള്ള അറിവ് നമ്മെ സഹായിക്കും എന്നതുറപ്പാണ്. (മാന്നാനം കൊവേന്തയുടെ ആർക്കൈവ്സിൽ ചാണ്ടിക്കത്തനാരുടെ നിരവധി ഗ്രന്ഥങ്ങളുണ്ട്). സഭ ഉള്ളിൽനിന്നു വളരണം. ഇംഗ്ലണ്ടിൽ ഉണ്ടായ ഓക്സ്ഫോർഡ് മൂവ്മെന്റുപോലെ ഇവിടെ ഒരു സുറിയാനി ഭാഷാ മൂവ്മെന്റ് ഉണ്ടാവണം.

# കഠിനാധ്വാനത്തിന്റെ കരുത്തറിയിച്ച് മന്ത്രിക്കസേരയിൽ ഒരു പാലാക്കാരൻ



**രണ്ടാം പിണറായി സർക്കാരിന്റെ തലമുറ മാറ്റത്തിൽ തലയെടുപ്പോടെ ഒരു കേരളാ കോൺഗ്രസുകാരനുമുണ്ട് – ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ. പാലായിൽ പയറ്റിത്തെളിഞ്ഞ്, ഇടുക്കിയിൽ കൊടിനാട്ടിയ ഇദ്ദേഹം കെ. എം. മാണിയെപ്പോലെ അധ്വാനവർഗത്തെ അടുത്തറിഞ്ഞയാളാണ്. പുതിയ സ്ഥാനലബ്ധിയിൽ ആത്മാർത്ഥത സ്ഫുരിക്കുന്ന വാക്കുകളുമായി, വികസനത്തെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാടുകൾ റോഷി അഗസ്റ്റിൻ ദീപനാളത്തോടു പങ്കുവയ്ക്കുന്നു.**

**അഭിമുഖം**

**ബെന്നി കോച്ചേരി**

? ജലവിഭവവകുപ്പ് മന്ത്രിയെന്ന നിലയിൽ ജനസേവനത്തിന്റെ പുതിയ മുഖം. പുതിയ ദൗത്യത്തെ എങ്ങനെ നോക്കിക്കാണുന്നു.

■ എല്ലാ ദൗത്യവും പ്രധാനപ്പെട്ടതാണ്. സർക്കാർനയങ്ങൾക്കനുസൃതമായി മുഖ്യമന്ത്രിയുടെ നിർദേശങ്ങൾ മാനിച്ച് നേരിന്റെ മാർഗത്തിൽ ജനകീയവിഷയങ്ങളിൽ ഇടപെട്ട് പരിഹാരം കണ്ടെത്തണം. സംസ്ഥാനസർക്കാരെന്നത് വലിയ കൂട്ടുത്തരവാദിത്വമാണ്. ജനങ്ങൾക്കു ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ പ്രവർത്തനങ്ങൾ ക്രോഡീകരിക്കണം.

എല്ലാവർക്കും ശുദ്ധജലം നൽകുക എന്നതാണു പ്രധാന ലക്ഷ്യം. തീരദേശവിഷയങ്ങൾക്കു പരിഹാരം കാണേണ്ടതുണ്ട്. കായൽ, കടൽത്തീരങ്ങളിൽ താമസിക്കുന്നവർ മഴക്കാലത്തു വീടുവിട്ടു പോകേണ്ടിവരുന്നതിനു പരിഹാരമുണ്ടാകണം. വ്യക്തമായ സാങ്കേതികപരിജ്ഞാനത്തിലൂടെ ആധുനികരീതിയിൽ ഈ പ്രശ്നം പരിഹരിക്കണം. ഇതിനുള്ള പരിശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ചെല്ലാനത്ത് 16 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് അനുവദിച്ചു ലക്ഷ്യമിടുന്നത്.

? രണ്ടാം പിണറായി സർക്കാരിൽ ഒരു തലമുറമാറ്റം പ്രകടമാണല്ലോ?

■ മുഖ്യമന്ത്രി പിണറായി വിജയൻ ഭരണപരമായി നല്ല ഗ്രാഹ്യമുള്ള വ്യക്തിയാണ്. മുഖ്യമന്ത്രിയുടെയും മുന്നണിയുടെയും കാഴ്ചപ്പാടിനനുസരിച്ച് മുന്നേറാൻ പരിശ്രമിക്കും. ജനഹിതത്തിനനുസൃതമായ നല്ല ഭരണം എന്നതാണു ലക്ഷ്യം.

ഏതു രംഗത്തും പ്രധാനം കാഴ്ചപ്പാടുകളാണ്. കാഴ്ചപ്പാടിനനുസരിച്ച് ഭരണത്തെ ക്രമപ്പെടുത്തുക. നല്ല ഉദ്യോഗസ്ഥസാന്നിദ്ധ്യവും സംസ്ഥാനത്തുണ്ട്. പരസ്പരാലോചനയുടെയും ബന്ധത്തിന്റെയും അടിസ്ഥാനത്തിൽ വികസനത്തിന്റെ അന്തരീക്ഷം രൂപപ്പെടുത്താനാണ് ഞാൻ പരിശ്രമിക്കുന്നത്.

? രണ്ടു പതിറ്റാണ്ടിലേറെ നീണ്ട യുഡിഎഫ് ബന്ധത്തിൽനിന്ന് എൽഡിഎഫിലേക്കെത്തിയതിനെക്കുറിച്ച്.

■ തിരഞ്ഞെടുപ്പിൽ മാത്രമാണ് ഞാൻ രാഷ്ട്രീയം കാണുന്നത്. യുഡിഎഫ് എംഎൽഎ ആയിരുന്നപ്പോൾ എൽഡിഎഫ് പ്രവർത്തകരെന്ന പേരിൽ ഒരിക്കലും ആരെയും മാറ്റിനിറുത്തിയിട്ടില്ല. പൊതുവിഷയങ്ങളിൽ മുന്നണിസ്വഭാവം പാടില്ലെന്ന നിലപാടാണുള്ളത്. ജനത്തെയാണ് എനിക്കു വിശ്വാസം. അതിനാൽ രാഷ്ട്രീയപരമായി അന്തരം ഇല്ല. ദൈവത്തിന്റെ കരുതലാണ് ജയപരാജയങ്ങൾ. കർത്താവിൽ ആശ്രയിക്കുന്നവന് എല്ലാം നന്മയ്ക്കായി ഭവിക്കും.

? കേരളാകോൺഗ്രസ്–എമ്മിന്റെ രാഷ്ട്രീയനിലപാടുകളെക്കുറിച്ച്.

■ പൊതുസമൂഹത്തിനു പരക്കെ സ്വീകാര്യനായിരുന്ന, അരനൂറ്റാണ്ടുകാലം നിസ്തുലമായ സംഭാവനകൾ നൽകിയ കെ.എം മാണിസാറിന്റെ പ്രസ്ഥാനത്തെയും അദ്ദേഹത്തിന്റെ മകൻ ജോസ് കെ. മാണിയെയും യുഡിഎഫിൽനിന്നു പുറത്താക്കിയതു സൃഷ്ടിച്ച വേദന ചെറുതായിരുന്നില്ല. വിഷയത്തിൽ ആദ്യം പ്രതികരിച്ചത് ഞാനായിരുന്നു. മനസ്സ് അത്രയും വേദനിച്ചു. ഒരുമിച്ച് യാത്ര ചെയ്ത ഒരാളെ വഴിയിൽ ഇറക്കിവിട്ടതുപോലുള്ള അനുഭവം. കോട്ടയം ജില്ലാപഞ്ചായത്തിലെ ഒരു സ്ഥാനത്തെ ചൊല്ലി സംസ്ഥാന രാഷ്ട്രീയത്തിൽ ഇത്തരത്തിലൊരു വിഷയം ഉദയം ചെയ്യാൻ പാടില്ലായിരുന്നു. കേരളാ കോൺഗ്രസ്–എം മുന്നണിയിൽ വേണ്ടെന്ന യുഡിഎഫ് നിലപാട് ഏറെ വേദനിപ്പിച്ച സാഹചര്യത്തിൽ ഞങ്ങൾ ഏറെ ആലോചനകൾ നടത്തി. പാർട്ടിയുടെ നിലപാടുകൾക്കനുസൃതമായി രാഷ്ട്രീയഗവേഷണങ്ങൾ നടന്നു. പാർട്ടിയുടെ അടിസ്ഥാന മുഖമായ കേരളത്തിലെ കർഷക സമൂഹത്തിന്റെ നിലനില്പും വളർച്ചയും ക്ഷേമപദ്ധതികളും ചർച്ചചെയ്യപ്പെട്ടു. 'പുതിയ കേരളം' എന്ന ചരൽക്കുന്ന് ക്യാമ്പ് തീരുമാനം നടപ്പിലാക്കി. എൽഡിഎഫ് ഉയർത്തുന്ന കാർഷിക നിലപാടുകൾക്കും മതേതര കാഴ്ചപ്പാടിനുമൊപ്പം പാർട്ടി നിലകൊണ്ടു. പഞ്ചായത്ത് – നിയമസഭാ തിരഞ്ഞെടുപ്പുകളിൽ അതിന്റെ ഫലം കണ്ടു.

? മന്ത്രിയെന്ന നിലയിൽ സ്വന്തം മണ്ഡലത്തിനുള്ള സ്ഥാനം.

■ മന്ത്രിയെന്ന നിലയിൽ സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും തുല്യനീതിയും സേവനവും നൽകേണ്ടതുണ്ട്. മന്ത്രിയാണെങ്കിലും എം.എൽ.എ. എന്ന നിലയിൽ ഇടുക്കിയോട് കടപ്പാടുണ്ട്, സ്നേഹമുണ്ട്.

? ഇടുക്കിയിൽ നടത്തിയ വികസനമുന്നേറ്റങ്ങൾ ഏറെയാണല്ലോ.

■ 2001 ലാണ് ആദ്യം എം.എൽ.എ. ആയി ഇടുക്കിയിലെത്തുന്നത്. 2011 ലെ ബജറ്റിൽ മലയോര മേഖലയ്ക്കു സ്വന്തമായി മെഡിക്കൽ കോളജ് നേടി നൽകാനായി. ഇപ്പോൾ കൊവിഡ് പ്രതിസന്ധിയിൽ ഈ ആശുപത്രി നൽകുന്ന സേവനം ചെറുതല്ല. കെട്ടിടസമുച്ചയങ്ങൾ കാണണം. സി.ടി. സ്കാൻ ഉൾപ്പെടെ എന്തെല്ലാം സൗകര്യങ്ങൾ. ഡയാലിസിസ് സൗകര്യം ഏർപ്പെടുത്താനുള്ള നീക്കത്തിലാണിപ്പോൾ. മെഡിക്കൽ വിദ്യാഭ്യാസരംഗത്തും വലിയ മുന്നേറ്റമാണ് ഇതിലൂടെ ഉണ്ടായിരിക്കുന്നത്. ഇടുക്കിക്ക് താലൂക്കില്ലാതിരുന്നതിനു പരിഹാരമായി. ഇടുക്കി ആർച്ച് ഡാമിന്റെ രണ്ടു വശങ്ങൾ രണ്ടു താലൂക്കുകളിലായിരുന്നു; ഉടുമ്പൻചോല, തൊടുപുഴ താലൂക്കുകളിൽ. സപ്ലൈ ഓഫീസ് പ്രവർത്തനം തുടങ്ങി. കട്ടപ്പനയിൽ സംസ്ഥാനത്തുതന്നെ മനോഹരമായ നഗരസഭയെത്തി. യാത്രാസൗകര്യങ്ങൾ എത്രയോ വർധിപ്പിച്ചു.

ചിന്നാർ, മേലേചിന്നാർ, കല്ലാർകുട്ടി, വെള്ളത്തൂവൽ, കനകപ്പുഴ, പെരിയാർകുട്ടി എന്നിങ്ങനെ കരിമ്പൻ പാലംവരെ യാഥാർത്ഥ്യമായി. ഉന്നതവിദ്യാഭ്യാസ രംഗത്ത് കട്ടപ്പനയിൽ ആർട്സ് ആൻഡ് സയൻസ് കോളജ് ആരംഭിച്ചു. ആശുപത്രികൾ വലിയ വികസനം നേടി. കായികരംഗത്ത് വോളിബോൾ അക്കാദമി സമ്മാനിക്കുന്ന നേട്ടം ചെറുതല്ല.

? ഇനിയുള്ള ലക്ഷ്യം.

■ ടൂറിസം രംഗത്തെ സാധ്യതകൾ മികവുറ്റതാക്കണം. ഇത് ഇടുക്കിയുടെ നിലനില്പിന് ആവശ്യമാണ്. ഇടുക്കിയെ കൂടുതൽ മിടുക്കിയാക്കണം.

? പൊതുജീവിതത്തിലും വ്യക്തിജീവിതത്തിലും വലിയൊരു കഠിനാധ്വാനം നിഴലിക്കുന്നുണ്ടല്ലോ?

■ കഠിനാധ്വാനം ആവശ്യമാണ്. അധ്വാനത്തിനു ഫലം ലഭിക്കും എന്നുമാത്രമല്ല, അധ്വാനഫലമേ നിലനിൽക്കൂ. സ്കൂൾ വിദ്യാഭ്യാസകാലംമുതൽ നേതൃനിരയിലെത്താൻ കഴിഞ്ഞിട്ടുണ്ട്. ജയിൽവാസവും ലാത്തിച്ചാർജുമൊക്കെ സമ്മാനിച്ചിട്ടുള്ള പാഠങ്ങൾ ചെറുതല്ല. മറ്റുള്ളവരുടെ പ്രോത്സാഹനവും സ്നേഹവും കരുതലും എനിക്കു തുണയായിട്ടുണ്ട്.

? കെ.എം. മാണിയെക്കുറിച്ചുള്ള ഓർമകൾ.

■ എനിക്ക് ഏഴു വയസുള്ളപ്പോഴാണ് ഞാൻ മാണിസാറിനെ ആദ്യം കാണുന്നത്. ചക്കാമ്പുഴയിലെ വീടിനു സമീപത്തുകൂടി തുറന്ന ജീപ്പിൽ ആഭ്യന്തരമന്ത്രിയായ മാണിസാർ കടന്നുപോകുകയായിരുന്നു. അന്നത്തെ പാർട്ടിയുടെ വാർഡ് പ്രസിഡന്റ് മത്തച്ചൻചേട്ടൻ എന്നെ കൈയിലെടുത്തുയർത്തി മാണിസാറിനു മാലയിടീച്ചു. അന്നു മനസ്സിൽ കുടിയേറിയതാണ് മാണിസാറിന്റെ രൂപം. അദ്ദേഹത്തിന്റെ മൃതദേഹം കത്തീഡ്രൽ പള്ളിയിലേക്കു സംവഹിക്കുന്നിടംവരെ ആ ബന്ധം തുടർന്നു.

മാണിസാറിനെ അനുകരിച്ചു പഠിക്കാൻ ഏറെയുണ്ട്. ജനങ്ങളുടെ ദുഃഖങ്ങളുടെകൂടെ നിൽക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. വിവാഹവീട്ടിലെത്തിയാൽ വരനെക്കാൾ സന്തോഷത്തിൽ ആ കുടുംബത്തോടു ചേരുമായിരുന്നു.

? മുതിർന്ന തലമുറയോട് വലിയ ബഹുമാനവും ആദരവും പ്രകടിപ്പിക്കുകയും കടപ്പാടുകൾ അറിയിക്കുകയും ചെയ്യുന്ന രീതി പ്രകടമാണല്ലോ.

■ മുതിർന്ന തലമുറ നടത്തിയ അധ്വാനത്തിന്റെയും എടുത്ത തീരുമാനങ്ങളുടെയും ഫലമാണ് ഇന്നു നാം അനുഭവിക്കുന്നത്. വിദ്യാർത്ഥിരാഷ്ട്രീയത്തിലിറങ്ങിയ എന്നെ എന്റെ അപ്പച്ചൻ പ്രോത്സാഹിപ്പിക്കുകയും അനുവദിക്കുകയും ചെയ്തിരുന്നില്ലെങ്കിൽ എനിക്ക് ഇത്തരത്തിലാകാൻ കഴിയുമായിരുന്നോ? ഒരുപാടുപേരുടെ പ്രോത്സാഹനവും സ്നേഹവുമുണ്ട്. രാമപുരത്തെ പി.ജെ. ജോൺ പുതിയിടത്തുചാലിൽ എന്ന അപ്പച്ചൻചേട്ടൻ നൽകിയ പ്രോത്സാഹനം ചെറുതല്ല. ഒരു സംഭവം ഓർമിക്കുന്നു. ഞാൻ അന്ന് യൂത്ത്ഫ്രണ്ട് രാമപുരം മണ്ഡലം സെക്രട്ടറിയാണ്. മണിസാർ പങ്കെടുത്ത ഒരു യോഗത്തിൽ ഞാൻ സ്വാഗതപ്രസംഗം നടത്തി. അത് ആരാണെന്ന് മാണിസാർ അപ്പച്ചൻചേട്ടനോടു ചോദിച്ചു. അടുത്ത ദിവസം രാവിലെ വീട്ടിൽ റബർ വെട്ടാൻ അപ്പച്ചനെ സഹായിച്ചുകൊണ്ടിരുന്ന എന്റെ അടുത്ത് അപ്പച്ചൻ ചേട്ടനെത്തി. എന്നെ മാണിസാറിന്റെ വീട്ടിലെത്തിക്കാൻ മാണിസാർ നിർദേശിച്ചിട്ടുണ്ടെന്നു പറഞ്ഞു. ഞാൻ എന്റെ അപ്പച്ചനോട് അനുവാദം ചോദിച്ചു. അപ്പച്ചൻ അനുവദിച്ചിരുന്നില്ലെങ്കിൽ... ഇങ്ങനെ ഒരുപാട് ഓർമകളുണ്ട്.

? സ്കൂൾ, കോളജ് വിദ്യാഭ്യാസത്തെക്കുറിച്ച്.

■ ഗവ. സ്കൂളിലായിരുന്നു പഠനം. അഞ്ചാംക്ലാസ് മുതൽ ലീഡറായി. പിന്നീട് സ്കൂൾ ലീഡറായി. പാലാ സെന്റ് തോമസ് കോളജിലായിരുന്നു പ്രീഡിഗ്രി, ഡിഗ്രി പഠനങ്ങൾ. ബി.എസ്.സി. ഫിസിക്സായിരുന്നു. ചെറുപുഷ്പമിഷൻലീഗ്, സൊഡാലിറ്റി തുടങ്ങിയ ഭക്തസംഘടനകളിൽ സജീവാംഗമായിരുന്നു.

കോളജിൽ വോളിബോളിൽ സജീവമായിരുന്നു. വോളിബോളും വിദ്യാർത്ഥിപ്രവർത്തനവുമായി നീങ്ങുന്ന പകലുകൾ. വൈകുന്നേരം ജെകെഎംഎസ് എന്ന ബസിൽ കോട്ടയത്തേക്ക്. അവിടെ പ്രതിഭ കോളജിൽ പ്രാക്ടിക്കൽ പഠനം നടത്തും. രാത്രിയിൽ തിരികെ മുത്തോലിയിലെ വാടകമുറിയിലേക്ക്. രാവിലെ കുളിച്ച് വീണ്ടും വോളിബോൾ കോർട്ടിലേക്ക്.

*ശേഷം 5–ാം പേജിൽ*

# ഓ! പ്രിയ സക്കേവൂസ്



കഥ

**പീറ്റർ കുരിശിങ്കൽ**

**താ**ങ്കളുടെ പേര് ലോകപ്രശസ്തമാണല്ലോ സക്കേവൂസ്! അതുപിന്നെ അങ്ങനെയല്ലേ വരൂ. വിശുദ്ധ ഗ്രന്ഥത്തിലല്ലേ ഇടംപിടിച്ചിരിക്കുന്നത്. ചെറിയ കാര്യമാണോ!

താങ്കൾ ചുങ്കംപിരിവുകാരനായിരുന്നല്ലോ. ചുങ്കംപിരിവുകാരുടെ നേതാവും വലിയ ധനികനും ആയിരുന്നു എന്നല്ലേ ലൂക്കാസുവിശേഷകൻ എഴുതിവച്ചിരിക്കുന്നത്. താങ്കൾക്കു പൊക്കം കുറവായിരുന്നെന്നും. നാടൻഭാഷയിൽ പറഞ്ഞാൽ കുള്ളൻ.

ഇന്നത്തെ കാലത്തെ സ്ഥിതിയല്ല. താങ്കളുടെ കാലത്ത് ചുങ്കംപിരിവുകാരെ എല്ലാവർക്കും വെറുപ്പായിരുന്നു. പാപികളായിട്ടാണു ഗണിച്ചിരുന്നത്. അതിലൊരു പൊരുത്തക്കേടില്ലേ? താങ്കളും താങ്കളുടേതുപോലുള്ള ചുങ്കം പിരിവുകാരും രാഷ്ട്രസേവനമല്ലേ ചെയ്തിരുന്നത്. രാജാക്കന്മാരുടെയോ ഉന്നത ഉദ്യോഗസ്ഥരുടെയോ നിർദ്ദേശം നിങ്ങൾ അനുസരിക്കുന്നു. ചുങ്കം പിരിക്കുന്നു, ഖജനാവ് സമ്പന്നമാക്കുന്നു. ആ നിലയ്ക്ക് താങ്കളെയും മറ്റുള്ളവരെയും പാപികളുടെ കൂട്ടത്തിൽ പെടുത്തേണ്ടിയിരുന്നില്ല; വെറുക്കപ്പെടേണ്ടിയിരുന്നില്ല. ഒരു പക്ഷേ ചുങ്കംപിരിവിന്റെ മറവിൽ സ്വന്തം കീശ വീർപ്പിക്കുന്നവർ ഉണ്ടായിരുന്നിരിക്കാം. അത്തരക്കാരുടെ ദുഷ്ചെയ്തികളായിരിക്കാം ചുങ്കക്കാർക്ക് പാപികൾ എന്ന ദുഷ്പേര് ഉണ്ടാക്കിയത്.


താങ്കൾക്കും ചുങ്കംപിരിവുകാർക്കു പൊതുവെയും ഉണ്ടായിരുന്ന ഈ ദുഷ്പേരിൽ താങ്കൾ ആകുലചിത്തനായിരുന്നു എന്നു തോന്നുന്നു. രാഷ്ട്രത്തിനുവേണ്ടി വേല ചെയ്യുക; ദുഷ്പേരിനു പാത്രമാകുക – ഈ ദൂഷിതവലയത്തിൽനിന്നു പുറത്തുകടക്കണമെന്ന് താങ്കൾ ആഗ്രഹിച്ചിരുന്നു; അതിനു വഴി തേടിയിരുന്നു എന്നു കരുതാവുന്ന ചില സാഹചര്യങ്ങളും ഉണ്ടായിരുന്നല്ലോ. താങ്കൾ യേശുവിനെ നേരിലൊന്നു കാണുവാൻ അതിയായി ആഗ്രഹിച്ചിരുന്നു. അതുതന്നെയാണല്ലോ ഏറ്റവും വലിയ സാഹചര്യത്തെളിവ്.

മഗ്ദലനമറിയയുടെ പാപം പൊറുത്തതും, പാപങ്ങൾ പൊറുത്ത് രോഗശാന്തി നൽകുന്നതുമെല്ലാം സക്കേവൂസും മനസ്സിലാക്കിയിരുന്നില്ലേ? അത് താങ്കളിൽ വലിയ പ്രതീക്ഷ ഉണർത്തിയിരുന്നു അല്ലേ? അതുകൊണ്ടാണല്ലോ യേശു താങ്കളുടെ പട്ടണമായ ജറീക്കോയിലൂടെ വരുന്നുവെന്നറിഞ്ഞ് സിക്കമൂർമരത്തിനു മുകളിൽ കയറിയിരുന്നത്. ജനക്കൂട്ടത്തിനു നടുവിലൂടെ നടന്നുവരുന്ന യേശുവിനെ കാണുവാൻ അഥവാ യേശുവിന് തന്നെ കാണുവാൻ തന്റെ ഉയരക്കുറവ് തടസമാകുമോ എന്ന ചിന്തയായിരിക്കാം താങ്കളെ മരത്തിനു മുകളിൽ കയറിയിരിക്കാൻ പ്രേരിപ്പിച്ചിരിക്കുക.

താങ്കളുടെ പൊക്കക്കുറവിനെക്കുറിച്ചും; മരത്തിൽ കയറിയതിനെക്കുറിച്ചും സിദ്ധാന്തപരവും പണ്ഡിതോചിതവുമായ ചില വ്യാഖ്യാനങ്ങളുമുണ്ടായി പിന്നീട്. അവനവൻ അവനവനെ അറിയുക; സ്വന്തം കഴിവുകളെ അഥവാ കുറവുകളെ സ്വയം കണ്ടെത്തുക, വിലയിരുത്തുക, പരിഹരിക്കുക എന്നൊരു സിദ്ധാന്തം!

താങ്കൾ താങ്കളുടെ കുറവ് കണ്ടെത്തി – ആ കുറവ് പരിഹരിക്കാൻ മരത്തിനു മുകളിൽ കയറി; കുറവുകളിൽ പരിതപിക്കുന്ന, നിരാശരാവുന്ന ചിലരുണ്ടല്ലോ, അവർക്കൊരു മാതൃകയാവുകയാണ് താങ്കൾ. താങ്കൾ അത്തരക്കാർക്കൊരു സന്ദേശം നൽകുന്നു; പ്രചോദനത്തിന്റെ സന്ദേശം.

മരത്തിൽ കയറിയിരുന്നതുകൊണ്ട് യേശുവും ശിഷ്യന്മാരും വരുന്നത് ദൂരെ നിന്നുതന്നെ കാണാമായിരുന്നു. യേശു അടുത്തുവരുന്നത് താങ്കൾ ആകാംക്ഷാപൂർവ്വം നോക്കിയിരിക്കയായിരുന്നല്ലോ.



യേശു നടന്നുനടന്ന് താങ്കൾ കയറിയ മരത്തിനു കീഴേ വന്നു. പിന്നെ നടന്നത് താങ്കൾ തീരെ പ്രതീക്ഷിച്ചതല്ല. അല്ലേ? അത് താങ്കളെ അത്ഭുതപ്പെടുത്തി. എങ്ങനെ അദ്ഭുതപ്പെടാതിരിക്കും? യേശു മരത്തിനു മുകളിലിരുന്ന താങ്കളെ നോക്കി വിളിക്കുകയായിരുന്നല്ലോ.

“സക്കേവൂസ്, വേഗം ഇറങ്ങി വരുക.”

യേശു താങ്കളെ പേരുചൊല്ലി വിളിക്കുക; ഇതിനുമുമ്പൊരിക്കലും താങ്കൾ യേശുവിനെ കണ്ടിട്ടില്ല; യേശു താങ്കളെയും കണ്ടിട്ടില്ല. എങ്ങനെ അദ്ഭുതപ്പെടാതിരിക്കും!

യേശുവിന്റെ അടുത്ത വാക്കുകൾ താങ്കളെ സ്തബ്ധനാക്കിക്കളഞ്ഞിരിക്കും.

“ഇന്ന് എനിക്ക് നിന്റെ വീട്ടിൽ താമസിക്കേണ്ടിയിരിക്കുന്നു.”

ഈ വാക്കുകൾ കേട്ട് താങ്കൾ മാത്രമല്ല, ജനക്കൂട്ടം മുഴുവൻ സ്തംഭിച്ചുവല്ലോ. അതുകൊണ്ടാണല്ലോ അവർ ‘ഇവൻ പാപിയുടെ വീട്ടിൽ അതിഥിയായി താമസിക്കുന്നല്ലോ'എന്ന് പിറുപിറുത്തത്.

ഒരു മാനസാന്തരചിന്ത താങ്കളെ മഥിക്കുന്നതായി കണ്ടുവല്ലോ. ഒരുപക്ഷേ താങ്കളുടെ ഈ തീവ്രവികാരം സർവ്വശക്തനായ യേശു കണ്ടറിഞ്ഞ് മാനസാന്തരത്തിനായൊരവസരം താങ്കൾക്കു നൽകുകയായിരുന്നോ?

അങ്ങനെ കരുതുകയാകും യുക്തിഭദ്രം. താങ്കൾ അകപ്പെട്ടിരുന്ന ആ ദൂഷിതവലയത്തിൽനിന്നു രക്ഷപ്പെടുന്നതിന് താങ്കൾക്കു നൽകപ്പെട്ട അവസരം താങ്കൾ പരിപൂർണ്ണമായും പക്വതയോടെ വിനിയോഗിച്ചു. ‘ഇതാ എന്റെ സ്വത്തിൽ പകുതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നു, ആരുടെയെങ്കിലും വക വഞ്ചിച്ചെടുത്തിട്ടുണ്ടെങ്കിൽ നാലിരട്ടിയായി തിരിച്ചു കൊടുക്കുന്നു' എന്ന താങ്കളുടെ വാക്കുകൾതന്നെ അതിന് ധാരാളം.

“ഇന്ന് ഈ ഭവനത്തിന് രക്ഷ ലഭിച്ചിരിക്കുന്നു, ഇവനും അബ്രാഹത്തിന്റെ പുത്രനാണ്.”

യേശുവിന്റെ വാക്കുകൾ താങ്കളുടെ കാതിൽ പതിഞ്ഞില്ലേ? താങ്കൾക്കവ പീയൂഷമായില്ലേ?

അതേ, താങ്കൾക്കവ പീയൂഷംതന്നെയായി. താങ്കളുടെ മാനസാന്തരം ലോകത്തിനു വലിയ സന്ദേശമായി, ഇന്നേക്കു മാത്രമല്ല; കല്പാന്തകാലത്തോളം. ■

# ഒരച്ഛൻ മകൾക്കയച്ച കത്തുകൾ




കുട്ടികൾ വായിച്ചിരിക്കേണ്ട വിശിഷ്ടഗ്രന്ഥങ്ങളെ ഹൃദ്യമായി പരിചയപ്പെടുത്തുന്ന പംക്തി




**ജോയിഷ് ജോസ്**

“1928 ലെ വേനൽക്കാലത്ത് എന്റെ മകൾ ഇന്ദിര, ഹിമാലയത്തിലുള്ള മുസ്സൂറിയിലും ഞാൻ അടിവാരത്തുള്ള സമഭൂമിയിലും താമസിക്കുമ്പോൾ ഞാൻ അവൾക്ക് എഴുതിയതാണ് ഈ കത്തുകൾ. ഇവ പത്തു വയസ്സുള്ള ഒരു കുട്ടിക്ക് അച്ഛന്റെ നിലയിൽ ഞാൻ എഴുതിയതാണ്. എന്നാൽ, മാന്യന്മാരായ ചില സ്നേഹിതന്മാർ ഇവയിൽ ചില ഗുണങ്ങൾ കാണുന്നുണ്ട്. അതുകൊണ്ട് കുറേയധികം പേരുടെ ദൃഷ്ടിയിൽ പെടുത്തിയാൽ നന്നെന്ന് അവർ അഭിപ്രായപ്പെടുകയും ചെയ്യുന്നു. മറ്റു കുട്ടികൾക്ക് ഇതെത്രമാത്രം രസിക്കുമെന്ന് എനിക്കറിഞ്ഞുകൂടാ. എന്നാൽ, ഇതു വായിക്കുന്നവർ ഈ ലോകം അനേകം രാഷ്ട്രങ്ങളടങ്ങിയ ഒരു ലോകകുടുംബമാണെന്നു ക്രമേണ ചിന്തിക്കുവാൻ തുടങ്ങുമെന്നു ഞാൻ വിശ്വസിക്കുന്നു. എനിക്ക് അതെഴുതുന്നതിലുണ്ടായ സന്തോഷത്തിൽ ഒരംശമെങ്കിലും ആ കുട്ടികൾക്കും ഉണ്ടായേക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.” (ഒരച്ഛൻ മകൾക്കയച്ച കത്തുകൾ)

ഇന്ദിരാ ഗാന്ധി മുസ്സൂറിയിൽ താമസിക്കുമ്പോൾ നെഹ്റു അയച്ച കത്തുകളാണ് ‘ഒരച്ഛൻ മകൾക്കയച്ച കത്തുകൾ' എന്ന പേരിൽ പിൽക്കാലത്ത് പുസ്തകമാക്കപ്പെട്ടത്. അച്ഛൻ മകളുടെ സുഖവിവരങ്ങൾ അന്വേഷിച്ചു കൊണ്ട് എഴുതിയ കത്തുകളായിരുന്നില്ല അവ. പകരം, ഈ കത്തുകളിൽ തന്റെ മകൾലോകത്തെ അറിഞ്ഞു വളരാനുള്ളതെല്ലാം അദ്ദേഹം കുറിച്ചിരുന്നു. ഭൂമിയുടെ ഉദ്ഭവം, മനുഷ്യന്റെ പരിണാമം, പ്രകൃതിയുടെ വൈവിധ്യം, ആദ്യമുണ്ടായ ജീവികൾ, മൃഗങ്ങളുടെയും മനുഷ്യരുടെ ആവിർഭാവം, മനുഷ്യരിലെ വിവിധ വർഗങ്ങൾ, ഭാഷകൾ, ചരിത്രം, സംസ്കാരം, മതം, ആര്യൻമാരുടെ കുടിയേറ്റം, രാമായണവും മഹാഭാരതവും എന്നിങ്ങനെയെല്ലാം മകൾക്കു വേണ്ടി അദ്ദേഹം ലളിതമായി എഴുതി.

വിവിധ വിഷയങ്ങളിലേക്കു തുറന്നിട്ട ജാലകങ്ങളാണ് ഇതിലെ ഓരോ കത്തും. നെഹ്റു




വിന്റെ അറിവും കാഴ്ചപ്പാടും ഇന്ദിരയുടെ ചിന്താധാരയെ രൂപപ്പെടുത്തുന്നതിൽ വഹിച്ച പങ്ക് എത്ര വലുതായിരുന്നുവെന്ന് അറിയുവാൻ ഈ കത്തുകൾ നമ്മെ സഹായിക്കും. ഈ കത്തുകളിലൂടെ കണ്ണോടിക്കുമ്പോൾ നമ്മുടെ ചിന്തകൾ വിശാലമായ ലോകത്തേക്കു ചിറകടിച്ചുയരും. പത്തുവയസുകാരിയായ മകൾക്ക് അച്ഛനെഴുതിയ ഈ കത്തുകൾ മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ഒരുപോലെ പ്രകാശം ചൊരിയുന്ന വഴിവിളക്കുകളാണ്. ■

നുറുങ്ങുകഥ

**ഉണ്ണി വാരിയത്ത്**

## അസാധാരണത്വം

ഒരു സാധാരണ വ്യക്തിയാണ് അയാൾ. അവൾ പ്രതീക്ഷിച്ചത് ഒരു അസാധാരണക്കാരനെയായിരുന്നു. അതുകൊണ്ടുതന്നെ അവൾക്ക് ദാമ്പത്യജീവിതത്തിൽ കല്ലുകടി അനുഭവപ്പെട്ടു.

അസാധാരണവ്യക്തിത്വം തനിക്കുണ്ടോ എന്ന് അവൾ ചിന്തിക്കാഞ്ഞതെന്ത്? അരിയിൽനിന്ന് കല്ലു പെറുക്കിക്കളയാൻ കൂട്ടാക്കാത്തവൾ ചോറുണ്ണുമ്പോൾ കല്ലു കടിച്ചേ മതിയാവൂ. സാധാരണക്കാരനായ അയാൾ കല്ലുകടിച്ചിട്ടും പല്ലിറുമ്മാത്തതിൽ അസാധാരണത്വം കാണാൻ അവൾക്കു കഴിയാത്തതെന്ത്?

ദീപനാളം

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



**ദൈവമായ കർത്താവിനെ എപ്പോഴും വാഴ്ത്തുക; നിന്റെ പാതകൾ നേരേയാകാനും നീ നിനയ്ക്കുന്ന കാര്യങ്ങൾ ശുഭമായി ഭവിക്കാനും അവിടുത്തോടു പ്രാർത്ഥിക്കുക.** തോബിത് 4:19

**എഡിറ്റോറിയൽ**

# മാതൃഭാഷ മൗലികാവകാശമാണ്

മലയാളിനഴ്സുമാർ മാതൃഭാഷയിൽ സംസാരിച്ചതിനു വിലക്കേർപ്പെടുത്തിയ ഡൽഹിയിലെ ഗോവിന്ദ് ബല്ലഭ് പന്ത് ആശുപത്രിയധികൃതരുടെ നടപടി ബഹുസ്വരചിന്തകൾ പുലർന്നുപോരുന്ന ഒരു രാജ്യത്തെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം നിന്ദ്യവും ആക്ഷേപാർഹവുമാണ്. മാതൃഭാഷ സംസാരിക്കാനുള്ള പൗരന്റെ മൗലികാവകാശത്തിന്മേലുള്ള കടന്നുകയറ്റമായും രാജ്യത്തെ ഫെഡറൽ സംവിധാനത്തോടുള്ള വെല്ലുവിളിയായും ഈ സംഭവം വ്യാഖ്യാനിക്കാതിരിക്കാനാവില്ല. കേരളമുഖ്യമന്ത്രിയുടെയും സംസ്ഥാനത്തുനിന്നുള്ള എം. പി.മാരുടെയും രാഷ്ട്രീയഭേദമെന്യേ രാജ്യത്തെ പ്രമുഖനേതാക്കന്മാരുടെയും സമയോചിതമായ ഇടപെടലുകളും പ്രതിഷേധങ്ങളും ശക്തമായതോടെ പിറ്റേദിവസംതന്നെ സർക്കുലർ പിൻവലിക്കുകയും പിന്നീട് നേഴ്സിങ് സൂപ്രണ്ട് മാപ്പുപറയുകയും ചെയ്തു. ഇതോടെ വിവാദങ്ങൾ കെട്ടടങ്ങുമായിരിക്കാം; പക്ഷേ, വിവാദ ഉത്തരവിനു പിന്നിൽ ഗൂഢാലോചനകളോ സങ്കുചിതതാത്പര്യങ്ങളോ മറഞ്ഞിരിപ്പുണ്ടോയെന്നു ഗൗരവപൂർവം പരിശോധിക്കേണ്ടതാണ്. കാരണം, വിവിധ ഭാഷകൾ സംസാരിക്കുന്ന നേഴ്സുമാർ ആശുപത്രിയിലുണ്ടായിരിക്കെ, മലയാളത്തിനുമാത്രം അയിത്തം കല്പിച്ചതിലെ കറുത്ത ചിന്ത നിരീക്ഷണവിധേയമാക്കേണ്ടതുണ്ട്.

ആയിരത്തിലധികം നഴ്സുമാരുള്ള ഡൽഹിയിലെ ജി.ബി. പന്ത് ആശുപത്രിയിലേറെയും മലയാളികളാണ്. ജോലിസമയത്ത് രോഗികളോടും ആശുപത്രിയധികാരികളോടും സംസാരിക്കാൻ രാഷ്ട്രഭാഷയായ ഹിന്ദിയോ ഔദ്യോഗികഭാഷയായ ഇംഗ്ലീഷോ അവലംബിക്കണമെന്നു ശഠിക്കുന്നതിൽ തെറ്റില്ല. മാത്രമല്ല, പ്രായോഗികബുദ്ധ്യാ അതു മനസ്സിലാക്കാവുന്നതുമാണ്. എന്നാൽ, മലയാളിനഴ്സുമാർക്ക് പരസ്പരം സംസാരിക്കുന്നതിന് അവരുടെ മാതൃഭാഷ ഉപയോഗിക്കാനാവില്ലെന്നു പറയുന്നതു ക്രൂരതയാണ്. ആശുപത്രിയധികൃതർ മലയാളിനഴ്സുമാരോട് അസഹിഷ്ണുതയും വിവേചനവും പുലർത്തിയിരുന്നെന്നും ആക്ഷേപമുണ്ട്.

കൊവിഡ് മഹാമാരിയിൽ രാജ്യം വീർപ്പുമുട്ടുമ്പോൾ, സ്വജീവൻ പണയംവച്ച് അന്യനാട്ടിൽ ആതുരശുശ്രൂഷ ചെയ്യുന്ന മാലാഖമാരോട് ഭാഷയുടെ പേരിൽ വിവേചനം കാണിക്കുന്നത് അനുവദിച്ചുകൂടാ. ഇന്ത്യയിലെ വിവിധ ഭാഷകൾക്ക് ഉച്ചനീചമനോഭാവം കല്പിക്കുന്നതും ശരിയല്ല. ഒരു രാജ്യം, ഒരു ഭാഷ എന്ന തരത്തിലുള്ള കേന്ദ്രീകൃതവും സങ്കുചിതവുമായ ഭരണാധികാരനയമാണ് ഇതിന്റെയൊക്കെ പിന്നിലെങ്കിൽ, അത് ഇന്ത്യയെപ്പോലുള്ള ബഹുസ്വരരാജ്യത്ത് ഒട്ടും ഭൂഷണമല്ല. ഹിന്ദി മാത്രമാണ് ഭാരതീയഭാഷ എന്ന പ്രീണനനയം, വൈവിധ്യങ്ങളെ പ്രഘോഷിക്കുന്ന ഇന്ത്യയുടെ സാംസ്കാരികപ്പെരുമയെ വല്ലാതെ മുറിപ്പെടുത്തുന്നുണ്ട്. ഭാഷയെയെന്നല്ല, എല്ലാവിധ വൈവിധ്യങ്ങളെയും ഒരുപോലെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്ന പൈതൃകമാണു നമ്മുടേത്. ഇവിടെ ഏകഭാഷാവാദവും നയസമീപനങ്ങളും വച്ചുപൊറുപ്പിക്കാനാവില്ല. സംസ്കൃതവും തമിഴും തെലുങ്കും കന്നടയുമടക്കമുള്ള ശ്രേഷ്ഠഭാഷകളുടെ കൂട്ടത്തിലാണ് ഇന്നു മലയാളത്തിന്റെയും സ്ഥാനമെന്നു മറക്കാതിരിക്കാം. ഭരണഘടന അംഗീകരിച്ച ഭാഷകൾക്കെല്ലാം തുല്യപരിഗണന ഉറപ്പുവരുത്തേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. ■

# മന്ത്രിക്കസേരയിൽ ഒരു പാലാക്കാരൻ

*3-ാം പേജ് തുടർച്ച*

അങ്ങനെയിരിക്കെ പരീക്ഷയെഴുതാൻ ഹാജർ കുറവുണ്ടായി. പരീക്ഷാഫീസടയ്ക്കാൻ കഴിയുന്നില്ല. പ്രിൻസിപ്പലായിരുന്ന ഈനാസ് ഒറ്റത്തെങ്ങുങ്കൽ അച്ചനു പിന്നാലെ കൂടി. അച്ചൻ കോളജിൽനിന്നിറങ്ങി മരിയൻ ആശുപത്രിയിലേക്കു പോയപ്പോൾ ആ പിറകേ പോയി ഫീസടയ്ക്കാൻ അനുവാദം ചോദിച്ചു. അച്ചൻ മറുപടി നൽകിയില്ല. ആശുപത്രിയിൽനിന്ന് മുറിയിലേക്കു നടന്ന അച്ചന്റെ പിന്നാലെ നടന്നു. മുറിയിലെത്തിയിട്ടും മറുപടി പറഞ്ഞില്ല. ഏറെനേരം മുറിക്കു പുറത്തു നിന്നു. മുറിതുറന്ന അച്ചൻ എന്നെ കണ്ടു. ഞാൻ അവിടെത്തന്നെ ഉണ്ടായിരുന്നു. പിറ്റേന്ന് കോളജിലെത്തിയപ്പോൾ ഫീസടയ്ക്കാൻ അനുവാദം നൽകി. ഈനാസച്ചനെ അന്നും ഇന്നും വലിയ ആദരവോടെയാണു കാണുന്നത്. ഒരു മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുക്കവേ അച്ചനെ കണ്ടിരുന്നു. ഞാൻ കുറേനേരം അച്ചനെ നോക്കി നിന്നുപോയി. അത്രമാത്രം കരുതലുള്ള ഒരു അധ്യാപകനായിരുന്നു അച്ചൻ. ഞാൻ ബി.എസ്.സി ഫിസിക്സ് ഫസ്റ്റ് ക്ലാസിൽ പാസായപ്പോൾ അച്ചനുണ്ടായ സന്തോഷം വലുതായിരുന്നു.

? വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ മെഡിക്കൽ കോളജ് ആശുപത്രിയിലടക്കം സഹായവുമായി എത്താറുണ്ടായിരുന്നതായി കേട്ടിട്ടുണ്ട്.

■ പഠനകാലത്ത് ഗാന്ധിനഗറിൽ താമസിക്കുമ്പോൾ ആംബുലൻസുകൾ പാഞ്ഞുപോകുന്ന ശബ്ദം കേട്ടാൽ പാതിരാത്രിയാണെങ്കിലും ഓടി ആശുപത്രിയിലെത്തും. ആരുമില്ലാത്തവർക്ക് കൂട്ടിരിക്കും. സഹായം ചെയ്യും. ഇതിന്റെ സംതൃപ്തി ഒന്നു വേറേതന്നെ.

? ദൈവാശ്രയബോധം പ്രവൃത്തികളിൽ വ്യക്തമാണല്ലോ.

■ നമുക്ക് അവസരങ്ങൾ നൽകുന്നത് കർത്താവാണ്. ഒന്നും സ്ഥിരമല്ല. നമുക്കു ലഭിക്കുന്ന എല്ലാ അവസരങ്ങളോടും നന്ദി ഉണ്ടായിരിക്കണം. കാലഘട്ടത്തിന്റെ സ്നേഹം നമ്മളിലേക്ക് ഒഴുകുന്നുണ്ടെന്നു മനസ്സിലാക്കണം.

പൊതുജീവിതത്തിൽ കുടുംബവും അപ്പച്ചനും നൽകിയ പിന്തുണ വലുതാണ്. അപ്പച്ചനും വല്യപ്പനും ഒരു പാർട്ടിയുടെ വാർഡ് പ്രസിഡന്റുപോലും ആയിട്ടില്ല. എം.എൽ.എ.യും മന്ത്രിയുമാണെന്നതിനാൽ റാങ്ക് മുകളിലാണെന്നു കരുതരുത്. ജ്ഞാനവും വിവേകവും അറിവും ലഭിക്കണമെന്നു പ്രാർത്ഥിക്കുന്ന ഞാൻ മറ്റുള്ളവരെ ആദരിക്കുമ്പോഴാണ് അതു നേടുന്നത്.

എന്റെ ദൈവവിശ്വാസമാണ് ഞാൻ സമൂഹത്തിനു കൊടുക്കേണ്ട സന്ദേശം. അത് അംഗീകരിക്കുന്നവരിലൂടെയുള്ള അംഗീകാരമാണ് ഞാൻ ആഗ്രഹിക്കുന്നത്. നാമെടുക്കുന്ന ഓരോ തീരുമാനത്തിലും ദൈവാശ്രയബോധം ഉണ്ടെങ്കിൽ കൂടുതൽ സുരക്ഷിതത്വം ഉറപ്പുവരുത്താൻ കഴിയും. കർത്താവിന്റെ കരുതൽ എന്റെ മേൽ ഉണ്ടാവുമെന്നുള്ള വിശ്വാസം എനിക്കുണ്ട്. മാനുഷികമായ തെറ്റുകളും കുറ്റങ്ങളും കുറവുകളും ഉണ്ടായേക്കാം. അതിൽനിന്ന് എന്നെ മോചിപ്പിക്കാനും നേർവഴിക്കു നടത്താനും കഴിയുന്ന ദൈവത്തിന്റെ ശക്തി എന്റെമേൽ പ്രവർത്തിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.



റോഷി അഗസ്റ്റിൻ കുടുംബാംഗങ്ങൾക്കൊപ്പം

? ജപമാലഭക്തിയുടെ പ്രേഷിതനും പ്രചാരകനുമാണെന്ന് കേട്ടിട്ടുണ്ട്.

■ ഞാൻ എപ്പോഴും ജപമാല ധരിക്കും. എത്ര തിരക്കായാലും ഉറങ്ങുംമുമ്പ് ജപലമാല ചൊല്ലും. നമ്മുടെ വിശ്വാസം സംരക്ഷിക്കാൻ ഭരണഘടന ഉറപ്പു നൽകുന്നുണ്ട്. എന്റെ വിശ്വാസം ശരിയാണെന്നു പറയുന്നതിൽ ഭയപ്പെടേണ്ടതില്ല.

? മലയാറ്റൂർ തീർത്ഥാടനം പതിവായി നടത്താറുണ്ടോ?

■ ഇത്തവണ 35 വർഷം പൂർത്തീകരിച്ചു. 15 വയസ്സുള്ളപ്പോൾ തുടങ്ങിയതാണ്. പഞ്ചായത്ത് മെമ്പർ പോലും ആകുമെന്നു കരുതാതിരുന്ന നാളുകളിലാണു തുടക്കം. ഇത്തവണത്തേതു സാക്ഷ്യപ്പെടുത്തൽകൂടിയാണ്. പ്രചാരണത്തിനിടയിൽനിന്നാണു പോയത്. രാത്രിയിൽ മലകയറ്റം നിരോധിച്ചതിനാൽ ശനിയാഴ്ച രാവിലെയാണു കയറിയത്. യാത്ര പുറപ്പെടുന്നതിനുമുമ്പ് എന്റെ കാലു കണ്ടവരെല്ലാം ഭയപ്പെട്ടു. ചിലർ നിരുത്സാഹപ്പെടുത്തി. അത്രമാത്രം കാലിനു നീരുവച്ചിരുന്നു. എല്ലാം ദൈവത്തിൽ സമർപ്പിച്ചു നടന്നു. തിരിച്ച് തൊടുപുഴയിലെത്തി അറക്കുളം പഞ്ചായത്തിലെ പര്യടനത്തിനിറങ്ങുമ്പോൾ കാലിൽ അല്പംപോലും നീരില്ല.

വ്യക്തിജീവിതത്തിൽ നിലനിർത്താൻ കഴിയുന്ന എല്ലാ മൂല്യങ്ങളും ഉൾക്കൊണ്ടുള്ള പൊതുപ്രവർത്തനമാണ് ഞാൻ നടത്തുന്നത്.

* * *


ചക്കാമ്പുഴ ചെറുനിലത്തു ചാലിൽ അഗസ്റ്റിൻ - ലീലാമ്മ ദമ്പതികളുടെ മൂത്തമകനാണ്. സഹോദരൻ റിജോഷും സഹോദരി റീനയും. ഭാര്യ റാണി തോമസ് തിരുവനന്തപുരത്ത് നേഴ്സായി സേവനം ചെയ്യുന്നു. മൂന്നു മക്കളിൽ മൂത്തയാൾ ആൻമരിയ റോഷി, വാഴത്തോപ്പ് സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂളിൽ പ്ലസ് ടു വിദ്യാർത്ഥിനിയാണ്. രണ്ടാമത്തെ മകൾ എയ്ഞ്ചൽ മരിയ റോഷി ഒൻപതിലും മകൻ അഗസ്റ്റിൻ റോഷി മൂന്നിലും തിരുവനന്തപുരത്ത് പഠിക്കുന്നു. ■

കഥ



ഹാഷിം വേങ്ങര

# മമിഴൻ



**താ**ലൂക്കാശുപത്രിയുടെ കട്ടപാകിയ മുറ്റത്തുനിന്ന് ആകാശക്കോളുണ്ടോ എന്നറിയാൻ മുകളിലോട്ട് ഒന്നുനോക്കി. അങ്ങിങ്ങായി അമ്മമേഘങ്ങൾ ഇരുണ്ടിരിപ്പുണ്ട്. ആശുപത്രിയുടെ ഉള്ളിലേക്കു കയറി നിൽക്കാമെന്നു വച്ചാൽ പേടിയാണ്. കൊറോണരോഗികൾക്കായി മാത്രം ക്രമീകരിച്ച ആശുപത്രിയിലേക്കു കയറി നിൽക്കുന്നതെങ്ങനെ... അതും ആ നടപ്പുദീനം നടത്തംവിട്ട് ഓടുന്ന ഈ സാഹചര്യത്തിൽ. ഉച്ചയൂണിന്റെ പൊതിയുമായി പുറത്തുതന്നെ നിൽക്കാമെന്നുകരുതി. ഇനിയെങ്ങാനും മഴപെയ്താൽ ആശുപത്രിയുടെ പുറത്തേക്കു ചെന്ന് ബസ്സ്റ്റോപ്പിൽ കയറി നിൽക്കാമല്ലോ... ഈ നടപ്പുദീനം തുടങ്ങിയതുമുതൽ ഏതു സ്ഥലത്ത് എത്തിയാലും നാം നമ്മോടുതന്നെ മിണ്ടിയും പറഞ്ഞുമിരുന്നോണം... എന്നാൽ, മുമ്പോ...? തനിച്ചാകുന്ന അവസ്ഥയില്ല... എവിടെകപ്പെട്ടാലും മിണ്ടിയും പറഞ്ഞുമിരിക്കാൻ ആരെങ്കിലുമൊക്കെ കാണും... അന്നേരം ഒന്ന് തനിച്ചു സംസാരിക്കാനായിരുന്നു പ്രയാസം.

മൂന്നുദിവസംമുന്നേ കുഞ്ഞമ്മയ്ക്ക് ഒരു തലകറക്കം... കൈകാലുകൾക്ക് അനുവാദമില്ലാത്ത ഒരു ഇളക്കവും... ശരീരത്തിന് ഒരു പുകച്ചിലും... ആർത്തികാണിക്കാതെ ആഹരിച്ചിട്ടും വെള്ളത്തിന്റെ സ്വാദുപോലെ എല്ലാം കുഞ്ഞമ്മയ്ക്കു തോന്നുന്നു... അടുത്തുള്ള പ്രൈവറ്റ് ആശുപത്രിക്കാരാണ് രോഗം നടപ്പുദീനം തന്നെയെന്നു മുക്കുകുത്തി വിധി പറഞ്ഞത്. അറിഞ്ഞതുമുതൽ കുഞ്ഞമ്മയുടെ കടുത്ത മനസ്സ് അലിഞ്ഞു. മരണഭയം പെരുത്തു. ധരിച്ച ചെരിപ്പിനോടുപോലും വാത്സല്യം. വെറുതെ മെത്ത വിരിപ്പിലേക്കുനോക്കി കരയാൻ തുടങ്ങി. കറങ്ങുന്ന പങ്കയെ നോക്കി ചിന്താമഗ്നയായി ഒരു പാടുനേരം അങ്ങനെ ഇരിക്കും.. പോകെപ്പോകെ മോങ്ങിത്തേങ്ങി പള്ളും പായാരവും കൂടിത്തുടങ്ങി.

കേട്ടുകേട്ട് കുഞ്ഞപ്പന് അരിശവും പേടിയും വന്നു. ഇക്കണ്ട മനുഷ്യർക്കെല്ലാം നിസ്സാരമായി മാറിയില്ലേ ഈ ദീനം... പക്ഷേ, കുഞ്ഞമ്മ ചെവി കൊടുത്തില്ല.

എളുപ്പം മാറുമെന്നെല്ലാം പറഞ്ഞ് ഒരുപാടു തവണ ആശ്വസിപ്പിച്ചിട്ടും കുഞ്ഞമ്മക്കേശിയില്ല. ഒടുക്കം ഞാനും അമ്മാവനും കുഞ്ഞപ്പന്റെ വണ്ടിയിൽ കുഞ്ഞമ്മയെ താലൂക്ക് ആശുപത്രിയിൽ കൊണ്ടുപോയി. എല്ലാ ടെസ്റ്റും നടത്തി കുഞ്ഞമ്മയുടെ ക്ഷീണമകറ്റാൻ ഒരു കുപ്പി ഗ്ലൂക്കോസും ചോരയിലാക്കി കൊണ്ടുവരാമല്ലോ. കുഞ്ഞമ്മ മാസ്ക് ധരിച്ച് പടികളിറങ്ങിവന്ന് കാറിൽ കയറാൻ ഒരുങ്ങവേ ഒരാളിച്ച... രണ്ടാം ചിന്തയിൽനിന്ന് ഓർത്തെടുക്കുംപോലെ കോണുതെറ്റിയ നോട്ടത്താൽ എല്ലാവരോടുമായി പറഞ്ഞു: 'ഞാൻ എന്റെ കോഴികളോടു യാത്ര പറഞ്ഞുവരാം. ഇനി ഒരു പക്ഷേ പറയാൻ പറ്റിയെന്നു വരില്ല...'

അടുക്കളച്ചായ്പ്പിലെ കൂടിന്റെ കമ്പിവേലിയിലേക്കു മുഖം ചാർത്തി കുഞ്ഞമ്മ കോഴികളോട് യാത്ര ചോദിച്ചു:

'കോഴികളേ നിങ്ങൾക്കു സലാം... ഞാൻ പോണ്.' കോഴികൾ തലചരിച്ച് കൂടിന്റെ നാലു കോണുകളിലേക്കും കൺപാർത്തുനിന്നു. അന്തരാളങ്ങളിൽ നിന്ന് അവയൊന്ന് കുറുകി യാത്ര പറഞ്ഞിരിക്കാം.

തിരിച്ചുവരുന്നതിനിടയിൽ കുഴിക്കൂറകളോടായി കഥാകാഥികന്റെ ഭാവത്തോടെ മുഖകവചം അല്പം താഴ്ത്തി കുഞ്ഞമ്മ ഒന്നുകൂടി മൊഴിഞ്ഞു:

'മക്കളേ... കുഞ്ഞിച്ചി പോകുന്നു...' ശേഷം ശ്മശാനനോട്ടം കണക്ക് ഏകദിശയിൽ കണ്ണും നട്ട് പതിയെ നടന്നുവന്ന് കുഞ്ഞമ്മ വണ്ടിയിലേറി. ഒട്ടും അമാന്തിക്കാതെ കുഞ്ഞപ്പനും കുഞ്ഞമ്മയും താലൂക്ക് ആശുപത്രിയിലേക്കു കുതിച്ചു. ഞാനും അമ്മാവനും അവർക്കുള്ള ഉച്ചയൂണ് വീട്ടിൽനിന്ന് എടുത്ത ശേഷം സ്കൂട്ടറിൽ 'ജമ്പനും തുമ്പനും' കണക്കെ താലൂക്കാശുപത്രി ലാക്കാക്കി പോന്നു. ഈ.സി.ജി.യിലോ രക്തത്തിലോ പ്രശ്നമൊന്നുമില്ല... പേടികൊണ്ടാണ് അസ്വസ്ഥയാകുന്നതെന്ന് ഡോക്ടർ പറഞ്ഞപ്പോഴാണ് എല്ലാവർക്കും സമാധാനമായത് കുഞ്ഞമ്മയുടെ രക്തത്തിലേക്കു ഗ്ലൂക്കോസ് കയറ്റിക്കൊണ്ടിരിക്കുകയാണ്. അതുകഴിഞ്ഞാൽ വീട്ടിലേക്കു പോകാം. ഉച്ചയൂണ് തിരികെ വീട്ടിലേക്കുതന്നെ...

ആശുപത്രിയുടെ മുൻവശത്തെ ഗെയ്റ്റ് കടന്നാൽ ഹൈവേയാണ്. പണ്ട് വാഹനങ്ങളാൽ തുടല തീർത്തിരുന്ന ഹൈവേ ഇപ്പോൾ ശൂന്യം. ഗെയ്റ്റിനോടു ചേർന്ന് ഒരു ബസ്സ്റ്റോപ്പുണ്ട്... കുറെ നേരമായി ആ ബസ്സ്റ്റോപ്പിൽനിന്ന് ആരോ തമിഴ് മൊഴിയുന്നതു കേൾക്കാൻ തുടങ്ങിയിട്ട്. ഞാനതു വകവച്ചില്ല. അമ്മാവൻ ആശുപത്രിയുടെ കന്മതിലിനെപ്പോലും ഭയന്ന്, മുറ്റമൂലയിലുള്ള ട്രാൻസ്ഫോർമറിന്റെ കമ്പിവേലിയിൽ കാലുകുത്തി മറുകാലിൽ കൊറ്റിയെപ്പോലെനിന്ന് ഫോണിൽ നോക്കിക്കൊണ്ടിരിക്കുന്നു. അമ്മാവന്റെ അരികിലായുള്ള വെളുത്ത ബോർഡിൽ തലയോട്ടിയുടെയും അതിനു കീഴിലായി ഗുണനചിഹ്നത്തിലുള്ള രണ്ട് എല്ലുകളുടെയും പടം കണ്ടപ്പോൾ എനിക്കു ചിരിവന്നു. യക്ഷിയെപ്പേടിച്ച് രാക്ഷസന്റെ ഗുഹയിൽ കയറിയ ഒരു പ്രതീതി.

തമിഴ് അല്പം കടുപ്പംകൂടി വീണ്ടും പരന്നൊഴുകുന്നു... ആ ഭാഷയ്ക്ക് ഒരു പ്രത്യേകതയുണ്ട്. ചീത്ത വിളിക്കുകയാണോ അതോ സംസാരിക്കുകയാണോ എന്നു തിരിച്ചറിയാൻ വളരെ പ്രയാസമാണ്. ഇനി കേരളത്തിലെ തമിഴണ്ണന്മാരിൽ മാത്രമാണോ ഇങ്ങനെ ഒരു പ്രതിഭാസം എന്നറിയില്ല. ഏതായാലും ഗെയ്റ്റുവരെ ചെന്ന് ബസ്സ്റ്റോപ്പിലേക്ക് ഒന്ന് കണ്ണെറിഞ്ഞു.

കാലങ്ങളായി വെള്ളം തീണ്ടാത്ത ഒരു അർധനഗ്നകളേബരം പിറുപിറുത്തുകൊണ്ടിരിക്കുന്നു. മുഖത്തെ പ്രായവിള്ളലുകളിൽ ചെളിക്കറുപ്പ് കെട്ടിക്കിടക്കുന്നുണ്ട്. കൺപാട മാത്രമാണ് വെളുത്തിരിക്കുന്നത്. ശിരസ്സിൽ പൊടിപിടിച്ച ജടാജൂടം. നരച്ച, തിങ്ങിയ താടി. പിരമിഡിനറ്റം പൊട്ടിയപോലെ അലങ്കോലമായി തുറിച്ചിരിക്കുന്നു. നഗ്നപാദങ്ങളിലെ അഴുക്കുശേഖരമായ വിരലുകൾ വളഞ്ഞിരിക്കുന്നു. അയാളുടെ നേർദിശയിൽ അല്പം അകലം പാലിച്ച് ഒരു ചെറുപ്പക്കാരൻ താഴ്മ സ്ഫുരിക്കുന്ന ഭാവത്തിൽ അയാളെ നോക്കി നിൽക്കുന്നുണ്ട്. കുറച്ചുകൂടി അകലത്തിലായി ബാഡ്ജണിഞ്ഞ മറ്റൊരു യുവാവുമുണ്ട്.

"അണ്ണാ... സീക്രം എന്റെ കൂടെ വാങ്കോ... ബീഡി ഞാൻ വാങ്കിത്തരാം..." ആ ചെറുപ്പക്കാരൻ തമിഴിൽ അയാളോടു കെഞ്ചി....

"നീ കൊഞ്ചം പോറയാ.... നാം ഇങ്കതാൻ നിപ്പേൻ... എനക്ക് ഒരു ബീഡി വേണും. നീങ്ക് യാറടാ കേക്കറ്ക്ക്. എനക്ക് ദം വേണും..." ജടാജൂടൻ നിഷേധഭാവത്തിൽ തലതിരിച്ച് തിരിച്ചടിക്കുന്നു. ഉടനെ പുറകിലെ ചെറുപ്പക്കാരന്റെ ഈർഷ്യമുറ്റിയ സംസാരം എന്റെ ശ്രദ്ധ തിരിച്ചു:

"എടാ, നീ എന്തിനാ ഇതുങ്ങളെ ഇങ്ങനെ നോക്കുന്നത്... നമ്മുടെ ഡ്യൂട്ടി മനുഷ്യരെ ഒഴിവാക്കുകയല്ലേ... കൂട്ടം കൂടുന്നത് തടയുകയല്ലേ... ഇതുങ്ങളെ വിട് നീ...'

അല്പനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം ചെറുപ്പക്കാരൻ സുഹൃത്തിനോടു താഴ്മയായി പറഞ്ഞു: 'അവരും മനുഷ്യരല്ലേ... കൊറോണയുടെ താവളത്തിൽ ഇയാളെ ഇങ്ങനെ വിട്ടാൽ... അതും ഒരു മാസ്കുപോലും ധരിക്കാതെ.... എങ്ങനെയും വശത്താക്കി ആശുപത്രി മുറ്റത്തുനിന്ന് കൊണ്ടുപോകണം... ഒരു ബീഡി വാങ്ങിക്കൊടുത്താൽ അയാൾ പൊക്കോളും... അതും നമ്മുടെ ജോലിയാണ്...'

മനസ്സില്ലാമനസ്സോടെ ശുണ്ഠി മൂത്ത യുവാവ് അടങ്ങി. മറുപടി കേട്ടതും എന്നിൽ കുമിഞ്ഞു ചുഴലിക്കുന്ന ആകാംക്ഷകൾക്കിടയിലൂടെ ഒരു ഊർജം പെരുത്തുകയറി. സാരോപദേശിയായ ആ ചെറുപ്പക്കാരനോട് അതിയായ ബഹുമാനവും തോന്നി. ഈ കാത്തിരിപ്പിന്റെ മുഷിപ്പിൽ ലാഭിക്കാൻ ഒരു നേട്ടവും... ജീവിതം ഒരു കച്ചവടംപോലെയല്ലേ... കാഴ്ചകളാണ് അതിന്റെ ലാഭം.

'എനക്ക് ഒരു ദം വേണും... നീ യാറ്ടാ എങ്കിട്ട് സൊള്ളറ്ത്ക്കിതെല്ലാം. എണ്ണെ തൊന്തറവ് സെയ്യാത്... മുന്നാടി ഇറുന്ത് തള്ളിപ്പോ... ഇല്ലെന്നാ ഒതച്ചിടുവേ... പാക്കലാം... എനക്ക് എവനെയും ബയമില്ലേ...'

തമിഴൻ വഴങ്ങുന്ന ലക്ഷണമില്ല... അയാളുടെ രാജശാസനകൾ ഭാവഹാവാദികളിൽനിന്ന് ഞാൻ ഊഹിച്ചെടുത്തു. പ്രായത്തഴക്കം കലർന്ന തമിഴ് മനസ്സിലാകുന്നില്ല... ചെറുപ്പക്കാരൻ തമിഴിൽ തുടർന്നുകൊണ്ടിരുന്നു.

"വാങ്കോ... അണ്ണാ... അങ്കെ ഒരു കടയിറ്ക്ക്... അവിടെ നല്ല ബീഡി കിടയ്ക്കും. ഇങ്കെ റൊമ്പ പേടിയാന ഇടം. കൊറോണ... വാങ്കോ... ഞാൻ വാങ്കിത്തരാം..." എത്ര പറഞ്ഞിട്ടും ചെറുപ്പക്കാരന്റെ യാചനാസ്വരങ്ങളൊന്നും തന്നെ ചെവിക്കൊള്ളുന്നേയില്ല. താൻ അവിടെനിന്ന് ഒരടിമാറില്ലെന്ന ഭീഷ്മപ്രതിജ്ഞയിൽ തമിഴൻ ഉറച്ചുനിൽക്കുന്നു. ചെറുപ്പക്കാരന്റെ കൂട്ടാളിക്ക് ഈ യാചനാസ്വരങ്ങളൊന്നുംതന്നെ ക്ഷന്തവ്യമായി തോന്നുന്നേയില്ല.... അയാൾ വെറുപ്പോടെ തമിഴനെ ഒന്നു നോക്കി ചെറുപ്പക്കാരനെയുംകൂട്ടി നടക്കാനുള്ള ശ്രമം തുടങ്ങി. കൂട്ടാളിയുടെ കൈയാൽ തോളുവലിഞ്ഞു നടക്കുമ്പോഴും ആ നിഷ്കാമകർമി തമിഴനെത്തന്നെ തല തിരിച്ചു നോക്കുന്നുണ്ടായിരുന്നു.

അമ്മാവൻ എന്റെ അടുത്തേക്കു നടന്നുവരുന്നതു കണ്ട് ഞാൻ വീണ്ടും ആശുപത്രിയുടെ മുറ്റത്തേക്കുതന്നെ ചെന്നു.

"ഈ ഡപ്പി കൊണ്ടുപോയി ലാബിൽ കൊടുക്കണം, കൂടെ ഈ ശീട്ടും... അവസാനത്തെ ഒരു റിസൾട്ടുകൂടി കിട്ടാനുണ്ട്... ഇവിടെ ഈ ടെസ്റ്റില്ല... അവിടെ കാണും... സമയം വൈകുകയുമില്ല... അതുകഴിഞ്ഞാൽ നമുക്ക് പോവാം... അപ്പോഴേക്കും ഗ്ലൂക്കോസു കയറ്റിക്കഴിയും..." അമ്മാവൻ ഒരു ചെറുഡപ്പിയിലായി കടുംചെമപ്പുള്ള ജീവാധാരവും ആംഗലേയം എഴുതിയ ഒരു ശീട്ടും കയ്യിൽ തന്ന്, താലൂക്കാശുപത്രിയുടെ അരികിലൂടെയുള്ള ഒരു നടപ്പാതയുടെ മറുവശത്തുള്ള ലാബിലേക്കു വിരൽചൂണ്ടി എന്നോടു പറഞ്ഞു. ഞാൻ ലാബിലേക്കു നടന്നു. ഹൈവേയിൽ ലാബില്ല. ഉണ്ടെങ്കിൽ ഗെയ്റ്റുവഴി പോകാമായിരുന്നു. ആ തമിഴനെ ഒരാവൃത്തി ശ്രദ്ധിക്കാമായിരുന്നു.

ഒരു 'ചന്ദ്രയാൻ' എന്റെ കൈയിൽനിന്ന് ഡപ്പി വാങ്ങി ചിന്മുദ്രയാൽ ഇരിപ്പിടം കാണിച്ച് അകത്തേക്കു പോയി. ഞാൻ ഫോണിൽ വിരലോടിച്ചുകൊണ്ടിരുന്നു.

അരമണിക്കൂറിനുശേഷം ശീട്ട് തിരികെത്തരുന്നതിനിടെ ചന്ദ്രയാൻ, 'പേടിക്കേണ്ട... നോർമലാണ്...' എന്ന് പറയുന്ന നേരമാണ് അത് ഒരു സ്ത്രീയാണെന്ന ബോധ്യംതന്നെ വന്നത്. പി.പി.ഇ. കിറ്റിട്ട് പൂട്ടിയ മനുഷ്യനെ എങ്ങനെ തിരിച്ചറിയും? ഞാൻ ശീട്ടുമായി ശീഘ്രം അമ്മാവന്റെ അടുത്തെത്തി. കുഞ്ഞപ്പനും കുഞ്ഞമ്മയും അപ്പോഴേക്കു കാറിൽ കയറിയിരിപ്പുണ്ടായിരുന്നു.

"നോർമലാണ്..." ഞാൻ അമ്മാവനോട് ഉറക്കെ പറയുന്നതുകേട്ട് കുഞ്ഞമ്മ സമാശ്വാസത്തിന്റെ 'ഹോം'കാരം മുഴക്കി നെടുവീർപ്പിട്ടു. ശ്മശാനങ്ങളിൽനിന്ന് കണ്ണെടുത്ത് ഉത്സാഹത്തോടെ എന്റെ കവചിതമുഖത്തോട്ടു നോക്കി.

"എന്നാൽ ഇനി പോവാം... ഞങ്ങൾ വന്നോളാം... ഇങ്ങള് പൊക്കോ..." കുഞ്ഞപ്പന്റെ ആജ്ഞയിൽ സ്നേഹാർദ്രമായ ഒരു തൂനനവിൻ സ്പർശമുണ്ടായിരുന്നു. സ്കൂട്ടർ ഗെയ്റ്റു കടന്നതും ബസ്സ്റ്റോപ്പിലേക്ക് കണ്ണെയ്തു. രണ്ടു പട്ടികളെയല്ലാതെ ഒന്നും കണ്ടില്ല...

'മമിഴൻ' എവിടെപ്പോയി...? ഉള്ളിലൊരു പ്രതീക്ഷാഭംഗത്തിന്റെ നോവ്. പതിയെ ചുറ്റുപാടും കണ്ണോടിച്ച് വണ്ടിയോടിക്കുന്നതിനിടെ പൊടുന്നനെ വണ്ടി നിന്നു. അമ്മാവന്റെ നെഞ്ചിൻകൂട് എന്റെ പുറത്തടിച്ചു. എന്താണെന്ന് ആരാഞ്ഞെങ്കിലും മറുപടി പറഞ്ഞില്ല. തെല്ലിടയ്ക്കുശേഷം ഞാൻ പതിയെ വണ്ടി സ്റ്റാർട്ടാക്കി. എന്റെ കണ്ണുനിറയുന്നുണ്ട്.... പഴഞ്ചൻ മാസികകൾ തൂങ്ങിയാടുന്ന റോഡുവക്കിലെ കടയ്ക്കു ചാരേ പുകച്ചുരുളുകളിലേക്കു കണ്ണും നട്ടിരിക്കുന്ന മമിഴന്റെയും അയാളുടെകൂടെ അകലം പാലിച്ച് ഊരയ്ക്ക് കൈയും താങ്ങി നിൽക്കുന്ന ചെറുപ്പക്കാരന്റെയും ചിത്രങ്ങൾ ആ തെല്ലിടയിൽത്തന്നെ മനസ്സിന്റെ ഖജാനയിൽ ഒരു ലാഭതന്തുവായി സ്ഥാനം പിടിച്ചിരുന്നു. വൈകാതെ ഒരു കുളിർത്തെന്നൽ എന്നെ തലോടി പോയി... മഴ ചാറാനും തുടങ്ങി.

■

# പൊതുവിദ്യാഭ്യാസം വാതിൽ ചാരുമ്പോൾ



ഫാ. ബ്രൈറ്റ് മഠത്തിക്കുന്നേൽ

ചില കാര്യങ്ങൾ മറക്കുന്നത് ഒരു നിമിഷത്തെ തകർക്കും; മറ്റു ചില കാര്യങ്ങൾ മറക്കുന്നത് ഒരു പതിറ്റാണ്ട് തകർക്കും. പക്ഷേ, ചില കാര്യങ്ങൾ കാലം കുട്ടിയുടെ മനസ്സിൽ ഉണ്ടാവും.

അനുഭവങ്ങൾ നൽകുന്ന പദ്ധതികൾ നമ്മുടെ നാട്ടിൽ അൺ എയ്ഡഡ് സ്കൂളുകൾ കൊവിഡ് കാലത്ത് ഭംഗിയായി നടത്തി. പൊതുവിദ്യാഭ്യാസത്തെ വാനോളം ഉയർത്തിയെന്ന് ഖജനാവിലെ പണം മുടക്കി പരസ്യം മാത്രം നടത്തിയിട്ടു കാര്യമില്ല. മറിച്ച്, പരിഗണിക്കേണ്ട തലമുറയെ പരിഗണിക്കുകതന്നെ വേണം. കുട്ടികളുടെ വിദ്യാഭ്യാസം വിസ്മരിച്ച് മുന്നോട്ടു പോകുമ്പോൾ സ്യ അടിമപ്പെടുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുന്നു. ചിട്ടയായ ക്രമീകരണമാണ് ആരോഗ്യമുള്ള ശരീരവും മനസ്സും രൂപപ്പെടുത്താൻ സഹായിക്കുന്നത്. കൊവിഡ് മഹാമാരിയുടെ ഇക്കാലത്ത് അധ്യയനവർഷത്തെക്കുറിച്ചു പദ്ധതികൾ രൂപപ്പെടുത്തേണ്ടതും ക്രമീകൃതമായ പൊതുവിദ്യാഭ്യാസം നൽകുകയെന്നതും രാജ്യത്തിന്റെ ഉത്തരവാദിത്വമാണ്. കാരണം, സമഗ്രമായ വളർച്ചയ്ക്കാവശ്യമായ വിദ്യാഭ്യാസം ഇന്ത്യയിലെ ഓരോ പൗരന്റെ



മനഃപൂർവം മറക്കുന്നത് ഒരു നൂറ്റാണ്ടിനെത്തന്നെ ഇരുട്ടിലാക്കുമെന്നു പറയാറുണ്ട്. കൊവിഡ് കാലത്തെ രാഷ്ട്രീയ കോളിളക്കങ്ങളും വർഗീയ ധ്രുവീകരണങ്ങളും അന്നന്നത്തെ അപ്പം കൊടുത്തുള്ള തൃപ്തിപ്പെടുത്തലുകളും മനുഷ്യൻ ഓർത്തിരിക്കുമ്പോൾ, നൂറ്റാണ്ടിനെ നിർണയിക്കുന്ന വിദ്യാഭ്യാസത്തെ നാം മനപൂർവം അവഗണിക്കുന്നു.

'ഭാരതത്തിന്റെഭാവി അതിന്റെ ക്ലാസ് മുറികളിലാണ്' എന്നു പറഞ്ഞ കോത്താരി കമ്മീഷന്റെ വാക്കുകൾ അത്രകണ്ട് വിസ്മരിക്കപ്പെടുന്നു എന്നു വേണം പറയാൻ. ലാഭം കൊയ്യുന്ന പലതിനും ഇതര മാർഗങ്ങൾ കണ്ടുപിടിച്ചപ്പോൾ പൊതുവിദ്യാഭ്യാസം ടെലിവിഷനിലെ ഏതാനും ക്ലാസ്സുകളിലും അധ്യാപകരുടെ വാട്സ്ആപ്പ് വോയ്സ് ക്ലിപ്പുകളിലും ഒതുങ്ങിയെന്നത് ചിന്തിക്കേണ്ടതാണ്.

എഡ്ഗർ ഡെയ്ലസിന്റെ 'കോൺ ഓഫ് എക്സ്പീരിയൻസ്' സിദ്ധാന്തം 1960 കളിൽ പുറത്തിറങ്ങിയപ്പോൾ, ഒരാളുടെ അനുഭവങ്ങളാണ് അയാൾ കേൾക്കുന്നതിലും വായിക്കുന്നതിലും കൂടുതലായി അറിവായി ശേഖരിക്കുന്നത് എന്ന് ലോകം അംഗീകരിച്ചതാണ്. ഇതു സത്യമായതുകൊണ്ടുതന്നെയാണ് ഫിൻലാൻഡിലെ വിദ്യാഭ്യാസരീതിയെ ലോകം ആരാധനയോടെ കാണുന്നതും. അറിവു സ്വായത്തമാക്കാനുള്ള ഏറ്റവും ഉചിതമായ മാർഗം പഞ്ചേന്ദ്രിയങ്ങളുടെ ഉത്തേജനത്തിലൂടെ നേടിയെടുക്കുന്ന വിദ്യാഭ്യാസമാണ്. അവ അറിവായി, ഉയിരവസാനിക്കുന്നിടത്തോളം ഷ്ടിക്കുന്നത് കാര്യപ്രാപ്തിയില്ലാത്ത ഒരു പൊതുസമൂഹത്തെയാണ് എന്ന സത്യം മറന്നു പോകരുത്.

മനുഷ്യന്റെ ഏറ്റവും വലിയ മല്പിടിത്തം അവനോടുതന്നെയുള്ള യുദ്ധമാണ്. നിയതമായ ഒരു ചട്ടക്കൂടിൽ തങ്ങളെ കൊണ്ടുവരുകയെന്നതും അടുക്കും ചിട്ടയുമുള്ള ഒരു ജീവിതം കെട്ടിപ്പടുക്കുകയെന്നതും ഈ യുദ്ധത്തിന്റെ ഭാഗമാണ്. ചെറുപ്പം മുതലുള്ള വിദ്യാഭ്യാസത്തിലൂടെ നടക്കുന്നതും ഇതുതന്നെയാണ്. ചരടുവിട്ടു നീങ്ങാൻ കൊതിക്കുന്ന ഒരു പട്ടത്തെ ചരടിൽ കോർത്ത് ലക്ഷ്യത്തിലെത്തിക്കാൻ പരിശ്രമിക്കുന്നു. രാവിലെ എഴുന്നേൽക്കുമ്പോൾ മുതൽ ജീവിതം ക്രമപ്പെടുത്താൻ സ്കൂളുകളിലെ ക്ലാസ്സുകൾ കുട്ടികളെ സഹായിക്കുന്നുണ്ട്. ഈ ക്രമവത്കൃതജീവിതം കൊവിഡ് കാലം ഒരു പരിധിവരെ മാറ്റിമറിച്ചു എന്നുവേണം പറയാൻ.

ഇവിടെയാണ് ഇന്നത്തെ വെല്ലുവിളി. ജർമനിയിൽ ജനങ്ങൾക്കു മടി പിടിക്കാതിരിക്കാൻ അവരെക്കൊണ്ട് റോഡുകൾ പണി തീർപ്പിച്ച ഹിറ്റ്ലർ തിരിച്ചറിഞ്ഞു പറഞ്ഞുവച്ച കാര്യമുണ്ട്: ക്രമമല്ലാത്ത മനുഷ്യൻ അരാജകത്വം സൃഷ്ടിക്കുന്നു. ക്രമീകൃതമല്ലാത്ത ഒരു സമൂഹം ഇവിടെ രൂപപ്പെടുന്നു എന്നതു സത്യമാണെന്ന് സോഷ്യൽ മീഡിയയിലെ കമന്റുകൾ വായിക്കുമ്പോൾ തോന്നാറുണ്ട്. ക്രമം നഷ്ടപ്പെട്ട ഒരു തലമുറ ഇവിടെ രൂപപ്പെട്ടുകൊണ്ടിരിക്കുന്നു.

ജൈവഘടികാരത്തിന്റെ ക്രമം തെറ്റുന്നത് രോഗങ്ങൾക്ക് യും അവകാശമാണ്. അതു നൽകേണ്ടത് അധ്യാപകരുടെയും മാതാപിതാക്കളുടെയും രാജ്യത്തിന്റെയും ഉത്തരവാദിത്വമാണ്. പൊതുവിദ്യാഭ്യാസ പദ്ധതികളെ എപ്രകാരം നടപ്പിലാക്കണമെന്നുള്ള ഒരു നിയതമായ രൂപരേഖ കൊണ്ടുവരികയും അതു നടപ്പിലാക്കുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ട സമയം അതിക്രമിച്ചു.

ശമ്പളവർദ്ധനയ്ക്കുവേണ്ടി നിരന്തരം കയറിയിറങ്ങുന്ന ഇടങ്ങളിൽ വിദ്യാർത്ഥികൾക്ക് നല്ല വിദ്യാഭ്യാസം നൽകണമെന്നു പറഞ്ഞുവരുന്ന അധ്യാപകരെ കാണാൻ സാധിക്കുക എന്നതാണ് ഇതിന്റെ ആദ്യപടി. അല്ലാത്തപക്ഷം കൊവിഡ് കാലംകഴിഞ്ഞ് ക്ലാസ്സിലെത്തുന്ന കുട്ടികൾ എപ്രകാരമുള്ളവരായിരിക്കുമെന്നത് അചിന്ത്യമാണ്. തന്റെ ഇഷ്ടത്തിൽ ജീവിക്കാനാഗ്രഹിക്കുന്ന, ഉന്മേഷമില്ലാത്ത, ശ്രദ്ധയില്ലാത്ത ഒരു തലമുറയെ ക്ലാസ് മുറിയിൽ കൈകാര്യം ചെയ്യേണ്ടിവരും.

രക്ഷാകർത്തൃത്വവും അധ്യാപനവും ഭരണക്രമവും പദ്ധതികളുടെ രൂപകല്പനയും ഒരു ജോലിയല്ല; മറിച്ച്, അത് പ്രതിബദ്ധതയാണ്. നാളെയുടെ നന്മകളെ സ്വപ്നം കണ്ട് അതിനനുസരിച്ചുള്ള ചിട്ടയായ പദ്ധതികൾ രൂപപ്പെടുത്തുകയോ അതിനായി പ്രേരിപ്പിക്കുകയോ ചെയ്തു നന്മകൾ പ്രാവർത്തികമാക്കണം. അതിനു കാര്യക്ഷമമായ ഒരു പൊതുവിദ്യാഭ്യാസം ആവശ്യമാണ്. അതിന് ഇനിയും താമസം വന്നാൽ ഒരു നൂറ്റാണ്ടുതന്നെ ഇരുട്ടിലാകും.

■

പ്രണയപാഠാവലി



82

ഡോ. ആന്റണി ജോസ്

# ഉപഭോഗത്തിനു മത്സരിക്കുന്നവർ

ഉപയോഗിക്കലാണ് ഉപഭോഗം. ഉപയോഗിക്കുന്നത് ഉത്പന്നങ്ങളോ സേവനമോ ആകാം. അതിനെന്താണു കുഴപ്പം? ഉപഭോഗസംസ്കാരം എന്നും മറ്റും വിളിച്ച് അത്ര താഴ്ത്തിക്കെട്ടേണ്ടതുണ്ടോ?

കുഴപ്പം കടന്നുവരുക മൂന്നു സാഹചര്യങ്ങളിലാണ്.

അഹത്തിന്റെ തൃപ്തിമാത്രം നേടുമ്പോൾ... ജഡത്തിന്റെ സുഖം മാത്രം അന്വേഷിക്കുമ്പോൾ... അധ്വാനത്തെ വെറുക്കുമ്പോൾ. അഹത്തിന്റെ പദ്ധതികൾ, താനാണ് ഏറ്റവും ശ്രേഷ്ഠനെന്ന സങ്കല്പത്തിൽനിന്നാണു തുടങ്ങുക. ആ മഹിമാതിരേകം നിലനിർത്തുവാൻ കുറെയധികം വിഭവങ്ങൾ സമാഹരിച്ചു കൂടെക്കരുതേണ്ടിവരും. (പണം, സ്വാധീനം, അനുയായികൾ, ആഡംബരങ്ങൾ മാധ്യമസാന്നിധ്യം തുടങ്ങിയവ). ഇതൊന്നുമില്ലാത്തവന് ആരു വില കൊടുക്കാൻ? അങ്ങനെയാണ് കേമനാകാൻ വേണ്ട സംവിധാനങ്ങൾക്കായി ഓട്ടം ആരംഭിക്കുക. വിപണി തുറന്നിരിക്കുകയാണല്ലോ. എങ്ങനെയും പണമുണ്ടാക്കുക, മത്സരിച്ച് വാങ്ങിക്കൂട്ടിക്കൊള്ളുക. അങ്ങനെ മിടുക്കനാകുക. ഉപഭോഗസംസ്കാരം നമുക്കായി കുറിച്ചിട്ടുള്ള ജാതകമാണിത്.

ദമ്പതിമാർ രണ്ടല്ലെന്നും മറിച്ച്, അവർ ഒന്നാണെന്നും ഒരാൾക്കു മറ്റൊരാളെക്കാൾ മേന്മ അവകാശപ്പെടാൻ സാധ്യമല്ലെന്നുമുള്ള പ്രണയസൂക്തം, പുതിയ സംസ്കാരത്തിനുമുമ്പിൽ ഒരു ജല്പനം മാത്രമായി അവശേഷിക്കുമോ? ഭർത്താവാണോ ഭാര്യയാണോ കൂടുതൽ സമ്പാദിക്കുന്നത് എന്ന തർക്കം കയറിവന്നാൽ ഇതല്ലേ സംഭവിക്കുക? "എന്നെ മാനിക്കാൻ വേറെയാളുണ്ട്" എന്നു വിളിച്ചുപറയാൻ ഒരാളെ ധൈര്യപ്പെടുത്തുക, ഇതേ സംസ്കാരമല്ലേ? അതായത്, ഒറ്റയ്ക്കു മിടുക്കു കാണിക്കാൻ വേണ്ട വിഭവശേഷി ഉപഭോഗസംസ്കാരം ഉറപ്പുനല്കുന്നു. അതിനു മറ്റൊരാളെ ആശ്രയിക്കുകപോലുമോ വേണ്ട.

ജഡത്തിന്റെ തൃപ്തിക്ക് ഇന്ദ്രിയങ്ങളാണ് ഉപാദാനം. കാഴ്ചയിലും കേൾവിയിലും മണത്തിലും രുചിയിലും സ്പർശത്തിലും എന്തിന് ഇതിനെയെല്ലാം സ്വീകരിച്ച്, പരിപാകപ്പെടുത്തി ആനന്ദവിസ്ഫോടനമാക്കി മാറ്റുന്ന ഹൃദയസ്ഥലികളിലും ഉപഭോഗിക്കപ്പെടാൻ എന്തെല്ലാമാണുള്ളത്? അടിസ്ഥാനപ്രേരണകളെ (വിശപ്പ്, പോര്, സെക്സ് തുടങ്ങിയവ.) കുതിച്ചുപായിക്കാൻ പരുവത്തിന്, വിനോദമെന്ന പേരിലും മറ്റും എത്രയെത്ര ചാലുകളാണ് വെട്ടിയൊരുക്കിയിട്ടുള്ളത്? വീട്ടിൽ വിളമ്പുന്ന കലർപ്പില്ലാത്ത അമ്മയുടെ (ഭാര്യയുടെ) ഭക്ഷണം ആർക്കുവേണം? വർണപ്പൊതിയിലൊളിച്ചിരുന്നോ, സ്വാദിഷ്ഠതയുടെ നഗ്നത തുറന്നു കാണിച്ചോ എൽ.ഇ.ഡി. പ്രഭയിൽ കാത്തിരിക്കുന്ന നിറത്തിന്റെയും മണത്തിന്റെയും കൊഴുപ്പുകൂട്ടുകൾ അകത്താക്കാനല്ലേ ആവേശം? പോരടിച്ച് എതിരാളികളെ വലിച്ചുകീറാൻ എല്ലാ സാഹചര്യങ്ങളുമൊരുക്കിയിട്ടുള്ള വീഡിയോ ഗെയിമുകളും, റസലിങ് പേക്കൂത്തുകളും 'അഭിനവനായാട്ടനുഭവങ്ങ'ളായി മാറുന്നു. അശ്ലീലസൈറ്റുകൾ ഒരുക്കുന്ന 'പൂതിപര്യുഷിത'വിഭവങ്ങൾ നയനഭോഗത്തിന്റെ വിഭ്രാന്തലോകം സൃഷ്ടിക്കുന്നു.

മുമ്പൊരിക്കൽ ചർച്ച ചെയ്ത, 'ആവശ്യം-അതിമോഹം', എക്സ്പ്രസ് ഹൈവേയുടെ കാര്യമോർക്കുക. അതിലൂടെയാണ് ഈ പരക്കം പാച്ചിൽ. മോഹങ്ങൾ മുമ്പേ പോകുന്ന സ്വന്തം നിഴലുപോലെയാണ്. ഒരിക്കലും പിടിച്ചടക്കാൻ സാധിക്കില്ല. ഒടുവിൽ തളർന്നു വീഴുകയേ നിവൃത്തിയുള്ളൂ. നമ്മെക്കൊണ്ടു വിഴുങ്ങിപ്പിക്കാൻ തയ്യാറാക്കിയിരിക്കുന്ന കെണികളെ കരുതിയിരിക്കുക. ദാമ്പത്യജീവിതം ആസ്വദിക്കാൻ സാവകാശവും അവധാനതയും കാത്തിരിപ്പും ശാന്തതയുമൊക്കെ ഇഴചേരണം. അതാണ് പ്രണയത്തിന്റെ രാസത്വരകങ്ങൾ. ക്ഷണത്തിൽ വിരിഞ്ഞു പരിലസിക്കുന്ന പ്ലാസ്റ്റിക് പൂവല്ല പ്രണയം.

കായികാധ്വാനത്തിനു വേണ്ടവിധം ഡിസൈൻ ചെയ്തെടുത്തിട്ടുള്ള ശരീരമാണ് മനുഷ്യന്റേത്. കുറച്ചുനാൾ ഉപയോഗിക്കാതിരുന്നാൽ പേശികൾ ശോഷിച്ചുപോകും. എന്നാൽ, അതിനുള്ളിലും ആലസ്യത്തിന്റെ സുഖം നുകരുന്ന മുകുളങ്ങൾ ഒളിച്ചിരിക്കുന്നു. ഡിജിറ്റൽ സാങ്കേതികവിദ്യകൾ വർദ്ധിച്ചതോതിൽ ജീവിതത്തിൽ ഇടപെട്ടുതുടങ്ങുമ്പോൾ കുഴിമടിയുടെ വേലി നമുക്കു ചുറ്റും ഉയരുന്നു. കിടപ്പുരോഗികളായ അച്ഛനമ്മമാരെയോ ശാരീരികാവശതയുള്ള പങ്കാളിയെയോ മക്കളെയോ ശുശ്രൂഷിക്കേണ്ടിവരുമ്പോൾ അതു നമുക്ക് ഭാരമായി മാറാം. കാറ്റിലൊടിഞ്ഞു മുറ്റത്തുവീണ മരക്കൊമ്പ് മുറിച്ചുമാറ്റാൻ, ആപ്പുകൾ തിരയേണ്ടിവരാം.

ദീർഘകാലം ഉപയോഗിക്കാൻ പറ്റുന്ന ഗുണമേന്മയെ ഉപഭോഗസംസ്കാരം പ്രോത്സാഹിപ്പിക്കുന്നില്ല. ചൂസ് ആൻഡ് ത്രോയത്രേ അഭികാമ്യം. ഉപയോഗം കഴിഞ്ഞ് വലിച്ചെറിഞ്ഞു കൊള്ളുക. പേനയുടെ റീഫില്ലിന്, പേനയുടെതന്നെ വിലയിട്ടാൽ, പേന വലിച്ചെറിയാം. അടിക്കടിയുള്ള വേർഷൻ, മോഡൽ മാറ്റങ്ങൾ ഹാർഡ്വെയർ, സോഫ്റ്റ്‌വെയർ രംഗത്തെ വലിച്ചെറിയൽ സംസ്കാരത്തിന് ആക്കം കൂട്ടുന്നു. കുറവുകളുള്ള പങ്കാളിക്ക്, എത്ര കണ്ട് കരുണയും കരുതലുമാണ് ഈ മനോഭാവത്തിൽനിന്നു പ്രതീക്ഷിക്കാനുള്ളത്? ഉപഭോഗം ചെയ്യാവുന്ന ഗുണങ്ങളില്ലെങ്കിൽ, പങ്കാളിയെ ചുമക്കേണ്ട കാര്യമുണ്ടോ?

ജാഗ്രതയോടെ ജീവിക്കണം. ഉപഭോഗം മിതമായും ന്യായമായും ആകട്ടെ. നിഴലിനു പിന്നാലെയുള്ള ഓട്ടം നിരാശയിലേക്കായിരിക്കും ചെന്നെത്തിക്കുക.

■

# പണമില്ലാക്കാലത്ത് പുതുമയില്ലാക്കണക്കുകൾ

(1–ാം പേജ് തുടർച്ച)

**കമ്മിപരിധി മറികടന്നില്ല**

നടപ്പുവർഷത്തേക്കു ബജറ്റിൽ ലക്ഷ്യമിടുന്നത് 1,62,032.39 കോടി രൂപയുടെ ചെലവാണ്. അതിൽ 1,47891.18 കോടി റവന്യു ഇനം. ബാക്കി 14,141.21 കോടി മൂലധനച്ചെലവും. ചെലവിൽ 42,000 കോടി രൂപയുടെ വർധന കണക്കാക്കുന്ന ബജറ്റ് 16,910 കോടിയുടെ റവന്യു കമ്മി കാണിക്കുന്നു. 30,697.52 കോടിയുടെ ധനകമ്മി ഉണ്ടാകും. റവന്യു കമ്മി സംസ്ഥാന ജിഡിപിയുടെ 1.93 ശതമാനത്തിലും ധനകമ്മി 3.5 ശതമാനത്തിലും ഒതുക്കിയിട്ടുണ്ട്. ഈ പരിധി മറികടക്കാൻ കേന്ദ്രവും റിസർവ് ബാങ്കും അനുവദിക്കാത്തതിനാൽ മുണ്ടു വരിഞ്ഞുമുറുക്കുകയേ ധനമന്ത്രിക്കു മാർഗമുള്ളൂ. ധനകാര്യ അച്ചടക്കം പാലിക്കുന്നു എന്നു മേനി പറയുകയും ചെയ്യാം.

ജനുവരിയിലെ ബജറ്റുകണക്കിൽനിന്ന് കാര്യമായ മാറ്റം ബാലഗോപാൽ വരുത്തിയിട്ടില്ല. ലോട്ടറിവരുമാനപ്രതീക്ഷ 500 കോടി കുറച്ചു. വാറ്റ് – വില്പനനികുതി ഇനത്തിൽ 1000 കോടിയുടെ കുറവും കണക്കാക്കി. ഇതു മദ്യനികുതിയിലെ മാത്രം കുറവായിരിക്കാനാണു സാധ്യത. പെട്രോൾ – ഡീസൽ വില്പനയിൽ കുറവു വന്നെങ്കിലും വില കൂടിയപ്പോൾ വാറ്റ് വരുമാനം കൂടിയിട്ടുണ്ട്.

കേന്ദ്രത്തിൽനിന്നു കിട്ടുന്ന തുക തോമസ് ഐസക്കിന്റെ ബജറ്റിൽ പറഞ്ഞതിനെക്കാൾ 4392 കോടി രൂപ അധികമുണ്ട്. അവിടെനിന്നുള്ള നികുതി വിഹിതം കുറയുകയും ഗ്രാന്റ് ഇൻ എയിഡ് കൂടുകയും ചെയ്തു. ഗ്രാന്റ് ധനകാര്യ കമ്മീഷൻ അവാർഡ് വഴിയുള്ളതാണ്. കേന്ദ്രത്തിന്റെ ഔദാര്യമൊന്നുമല്ല.

**ഭാവനയുടെ കമ്മി**

ബാലഗോപാലിന്റെ ബജറ്റ് പുതുമകൾ ഒന്നും സമ്മാനിക്കുന്നില്ല. കവിതയും കഥയുമൊന്നും ചേർത്തില്ല, അധികസമയമെടുക്കാതെ കാര്യം പറഞ്ഞുതീർത്തു എന്നൊക്കെ പുകഴ്ത്തുമ്പോഴും ഒരു സംശയം ബാക്കി. കുറെക്കൂടി ഭാവനാപൂർണമായ കാര്യങ്ങൾ ബജറ്റിൽ കൊണ്ടുവരാമായിരുന്നില്ലേ? (പ്രത്യേകിച്ചും ധാരാളം ആശയങ്ങൾ ഉള്ള ഒരു മുന്നണിയുടെ തുടർഭരണബജറ്റ് ആകുമ്പോൾ).

ഗവണ്മെന്റിന്റെ ധനനില മെച്ചപ്പെടുത്താൻ ബജറ്റിൽ പല നല്ല കാര്യങ്ങളും തുടങ്ങിവയ്ക്കാമായിരുന്നു. അതുണ്ടായില്ല. പുതിയ സർക്കാരിന് ആദ്യവർഷം മുഖം നോക്കാതെ പലതും ചെയ്യാം. പിന്നീടുള്ള വർഷങ്ങളിൽ അത് എളുപ്പമല്ല. സർക്കാരിന്റെ ചെലവു ചുരുക്കാനും വരവു കൂട്ടാനും ആലോചനയും ഗൃഹപാഠവും തുടങ്ങി എന്നാണു ധനമന്ത്രി പറഞ്ഞത്. അതു നേരത്തേ ചെയ്യേണ്ടതായിരുന്നു. ഇനി ആലോചനയും പഠനവും വെട്ടും തിരുത്തും കഴിയുമ്പോൾ വർഷങ്ങൾ കടന്നുപോകും.

**ആശയങ്ങൾ പഠനമുറിയിൽ**

ബജറ്റിൽ നിരവധി ആശയങ്ങളും പദ്ധതികളെപ്പറ്റിയുള്ള നിർദേശങ്ങളും ഉണ്ട്. വൈദ്യശാസ്ത്രഗവേഷണത്തിനും സാംക്രമികരോഗനിവാരണത്തിനും അമേരിക്കയിലെ സെന്റർ ഫോർ ഡിസീസ് കൺട്രോൾ മാതൃകയിൽ സ്ഥാപനം തുടങ്ങുന്നത് അതിലൊന്നാണ്. പക്ഷേ, അതേപ്പറ്റി പഠനം തുടങ്ങുന്നതു മാത്രമേയുള്ളൂ.

വാക്സിൻ ഗവേഷണം, നിർമാണം തുടങ്ങിയവയിലേക്കു കടക്കാനുള്ള പ്രഖ്യാപനവും പഠനതലത്തിൽ മാത്രമാണ്.

തീരദേശത്തിനു തീരസംരക്ഷണപദ്ധതിയും വികസനപദ്ധതികളും അടങ്ങുന്ന പാക്കേജ് വിശദീകരിച്ചെങ്കിലും അവ നിലവിലുള്ളവ തന്നെയാണ്.

കാര്യമായി പുതിയ കാര്യങ്ങൾ ഇല്ല എന്നത് ധനമന്ത്രിയുടെ പിഴവല്ല. വരുമാനം കുറഞ്ഞു; റവന്യുചെലവുകളിൽ സിംഹഭാഗവും കുറയ്ക്കാൻ പഴുതില്ലാത്ത ശമ്പളം (39,837 കോടി), പെൻഷൻ (23,106 കോടി), പലിശ (21,940 കോടി) എന്നിവയാണ്. ഇവ കഴിഞ്ഞാൽ 63,008 കോടി മാത്രം. അതിൽനിന്ന് തദ്ദേശസ്ഥാപനങ്ങൾക്കുള്ള തുക കിഴിച്ചാൽ 48,525 കോടി രൂപ മാത്രം. നിലവിലുള്ള പദ്ധതികളുടെ ചെലവും കെഎസ്ആർടിസിയുടെ ദുരിതം നീക്കലും കഴിഞ്ഞാൽ പുതിയ പദ്ധതികൾക്കു പഠനച്ചെലവ് നടത്താനേ ഇപ്പോൾ പറ്റൂ. അതാണു ബാലഗോപാൽ വിജയകരമായി നിർവഹിച്ചത്.

■

## കേരളത്തിലെ കാട്ടുമൃഗങ്ങൾ

# വരയാട്

മാത്യൂസ് ആർപ്പൂക്കര



അപൂർവയിനം കാട്ടാടാണ് വരയാട്. കേരളത്തിലെ പശ്ചിമഘട്ടമുൾപ്പെടെ ലോകത്തിൽ രണ്ടോ മൂന്നോ പ്രദേശങ്ങളിൽ മാത്രമേ വരയാടുകൾ കാണപ്പെടുന്നുള്ളൂ. കേരളത്തിലെ ഇരവികുളം നാഷണൽ പാർക്ക് വരയാടുകളുടെ ആവാസകേന്ദ്രമാണ്. ഇവിടെ ആയിരത്തോളം വരയാടുകൾ ഉണ്ടെന്നു കണക്കുകൾ പറയുന്നു. കൂടാതെ, തിരുവനന്തപുരത്തുള്ള പൊന്മുടി വനമേഖലയിലും സൈലന്റ് വാലിയിലും വരയാടുകളെ കാണാം.

ഇവ ഹിമാലയൻ വരയാടുകളുടെ ബന്ധുക്കളാണ്. ഹിമാലയത്തിൽ കാണുന്നയിനം വരയാടുകൾക്കുള്ള ജട നമ്മുടെ വരയാടുകൾക്കില്ല. പാറക്കെട്ടുകളിൽനിന്നു പാറക്കെട്ടുകളിലേക്ക് അനായാസം ഇവ സഞ്ചരിക്കുന്നു. ചാടാനും ഓടാനും നല്ല മികവ്. മേയുമ്പോൾ പ്രായമുള്ള ഒരാട് ശത്രുക്കളെ നിരീക്ഷിച്ചുകൊണ്ടു നില്ക്കുന്നു. അപകടം മണത്താൽ ഉടനെ ശബ്ദസൂചന കൊടുക്കുന്നു. തൽക്ഷണം എല്ലാവരും കൂട്ടമായി സ്ഥലംവിടുന്നു.

ചാരനിറം കലർന്ന തവിട്ടുനിറമാണ് വരയാടിന്. കഴുത്തിലും വയറിന്റെ അടിഭാഗത്തും വെള്ളനിറം. വരയാടിന്റെ കൊമ്പിൽ മോതിരവളയങ്ങൾ അടുക്കിവച്ചിരിക്കുന്നതുപോലെ വരകൾ കാണപ്പെടുന്നു. ആദ്യകാഴ്ചയിൽ ഇവ നമ്മുടെ നാട്ടാടു തന്നെയെന്നു തോന്നും. ചെറിയ വാലും വരകളുള്ള വളഞ്ഞ കൊമ്പും വരയാടിനെ വ്യത്യസ്തമാക്കുന്നു.

പൂർണവളർച്ചയെത്തിയ ആൺവരയാടിന് ഒരു മീറ്ററോളം ഉയരം വരും. 100 കിലോഗ്രാം വരെ തൂക്കമുള്ളതിനെ കണ്ടെത്തിയിട്ടുണ്ട്. കൊമ്പ് ആണിനും പെണ്ണിനുമുണ്ട്. പിന്നോട്ട് വളഞ്ഞതാണ് കൊമ്പ്. ആണിന്റെ കൊമ്പുകൾക്കു പെണ്ണിന്റേതിനേക്കാൾ നീളമുണ്ട്. മലമുകളിലെ പുൽമേടാണ് ഇവയുടെ താവളം. സാധാരണമായി ഒരു കൂട്ടത്തിൽ അമ്പതോ അതിൽക്കൂടുതലോ എണ്ണമുണ്ടാവും. കൂട്ടം വിട്ടുപോവുക അപൂർവമാണ്. മനുഷ്യനോട് ഇണങ്ങുന്ന മാൻവർഗമാണിത്.

നീലഗിരി താർ, നീലഗിരി ഐബക്സ്, മൗണ്ടൻ ഗോട്ട് എന്നൊക്കെ പേരുകളുണ്ട്. വരയാടിന്റെ ശാസ്ത്രനാമം ഹെമിട്രാഗസ് ഹൈലോക്രിയസ് (Hermitragus hylocrius) എന്നാണ്.

■

കവിത

ഫാ. തോമസ് പാട്ടത്തിൽചിറ സി.എം.എഫ്.



# സ്മൃതി

കൊവിഡ് മഹാമാരിയൂതിക്കെടുത്തിയ
സോദരമാനവദീപങ്ങളേ,
തോറ്റുപോകാതെ ചെറുത്തുനിന്നെങ്കിലും,
പോർക്കളത്തിൽ മൃതരായവരേ,
ശോഭനഭാവിതൻ സ്വപ്നമലരുകൾ
കോർത്തു നിങ്ങളെത്ര മാലകെട്ടി!
മോഹങ്ങളെല്ലാമൊരു ക്ഷണം വ്യാധിയാം
ചോരനണഞ്ഞു കവർന്നുവല്ലേ?
രോഗശയ്യയിലെ നിങ്ങൾതൻ മൂകമാം
രോദനം കേൾക്കാതെ കേട്ടു ഞങ്ങൾ.
ലോലമാം ഞങ്ങൾതൻ ചങ്കിലാവേദന
കോറിയിട്ടായിരം വിങ്ങലുകൾ.
മോദമോടേ നിന്ന ഭൗമമുഖത്തിനു
ശോകഭാവം നല്കി മാഞ്ഞു നിങ്ങൾ.
കോമളമാം നിങ്ങൾതൻ മുഖങ്ങളൊരു–
നോക്കുകാണാൻ ഞങ്ങൾക്കിന്നു മോഹം.
മോക്ഷഭാഗ്യമേകുമീശ്വരൻ നിങ്ങൾതൻ
ദോഷങ്ങളേതും പൊറുത്തിടട്ടെ.
ദ്യോവിലെ വാസികൾക്കൊപ്പമനശ്വര–
ജ്യോതികളായ് നിങ്ങൾ മിന്നിടട്ടെ.
ലോകം വെടിഞ്ഞു ഞങ്ങൾക്കുമുമ്പേ നിങ്ങൾ
പോയെങ്കിലുമങ്ങു സ്വർഗനാട്ടിൽ
തോരണം ചാർത്തിയ കൂടാരങ്ങളിൽ നാൾ–
തോറും ഞങ്ങൾക്കായി പ്രാർത്ഥിക്കണേ.
ദ്രോഹികൾ വൈറസുകൾ നിർദയം കര–
ഘോഷം മുഴക്കിപ്പരിഹസിച്ചു.
കോട്ട കെട്ടി നിന്നവയിന്നും ലോകരെ
ഗോഷ്ടി കാട്ടി ഭീതിയേറ്റിടുന്നു.
കോടമഞ്ഞുപോൽ പടർന്ന ദീനം ശ്വാസ–
കോശങ്ങളെത്രയോ കാർന്നുതിന്നു!
ലോപമില്ലാതെ വളരുമതിനിന്നും
പോരാത്തതത്രേ വൈദ്യങ്ങളൊന്നും.
ചോദ്യമിന്നുമുയരുന്നീ ഗതിക്കൊരു–
മോചനമെന്നു കൈവന്നുചേരും?
നോവുകളൊക്കെയും നീങ്ങിയീ ദുരിതഭൂ–
ഗോളമെന്നു പൂർവസ്ഥിതിയിലാകും?
കോവിലാം ഹൃത്തിൽ നിങ്ങൾക്കായനുദിനം
ഹോമമണയ്ക്കുന്നൂ സോദർ ഞങ്ങൾ.
കോടിപ്രണാമങ്ങളർപ്പിച്ചിടുന്നു കൺ–
പോളകൾ കവിയും സന്താപമോടേ.
കോലാഹലങ്ങൾതൻ നടുവിലീ പ്രപഞ്ച–
കോണിലുള്ള ഞങ്ങൾതൻ മാനസ–
കോകിലങ്ങൾ മൂളുമീസ്തുതിഗീതകം
വ്യോമസീമകളിൽ മുഴങ്ങിടട്ടെ.

# ദുർമോഹങ്ങൾ തിരിച്ചടിക്കുമ്പോൾ



കൊഴുവനാൽ ജോസ്

പ്രപഞ്ചവും അതിലെ സകല ചരാചരങ്ങളും ആകാശം, ഭൂമി, അഗ്നി, വായു, വെള്ളം എന്നീ പഞ്ചമഹാഭൂതങ്ങളിൽനിന്ന് ഉദ്ഭൂതമായവയാണെന്നാണ് ഹൈന്ദവസങ്കല്പം. ഈ ഭൂതങ്ങൾ എങ്ങനെ ഉണ്ടായെന്നോ ആരു സൃഷ്ടിച്ചെന്നോ ഒന്നും സങ്കല്പം മിണ്ടുന്നേയില്ല. മേൽപ്പറഞ്ഞ അഞ്ചു ഘടകങ്ങളും ചേർന്നു രൂപപ്പെടുന്ന പ്രകൃതി എന്ന വലിയ ശക്തിയെപ്പറ്റിപ്പോലും സങ്കല്പം മൗനം പാലിക്കുകയാണ്. സൃഷ്ടിയുടെ പാരമ്യമായ മനുഷ്യൻ മുതൽ ഏറ്റവും ചെറിയ പരമാണുവരെ പ്രപഞ്ചത്തിൽ രൂപപ്പെടുന്ന ചേതനവും അചേതനവുമായ സകലതിനെയും പോറ്റാനും തീറ്റാനും ഒടുവിൽ തീർക്കാനുമുള്ള അചഞ്ചലമായ ബാധ്യതയുണ്ട് പ്രകൃതിക്ക്. ചുരുക്കത്തിൽ സൃഷ്ടിസ്ഥിതിസംഹാരങ്ങളുടെ മേൽനോട്ടം പ്രകൃതിക്കാണെന്നു സാരം. ഈ മേൽനോട്ടം പ്രകൃതിക്ക് ഏല്പിച്ചുകൊടുത്ത ഒരു ശക്തി എല്ലാത്തിനും മേലേ എന്തിനെയും താങ്ങാനുണ്ടെന്നും ആ ശക്തിയാണ് പ്രപഞ്ചസ്രഷ്ടാവും പ്രകൃതിനിയന്താവുമായ ദൈവമെന്നും വിശ്വസിക്കുന്നവർക്ക് വെറും സങ്കല്പങ്ങളുടെ ആശങ്കകളിൽ ഉഴറിത്തിരിയേണ്ട ആവശ്യമില്ല. കാരണം, ദൈവം നിത്യസത്യമാണ്; ആദിമധ്യാന്തരഹിതനാണ്. ആ ദൈവത്തിന്റെ തിരുഹിതമാണ് പ്രകൃതി പ്രയോഗിക്കുന്നതും പ്രകടമാക്കുന്നതും.

സകല ചരാചരങ്ങളും കാത്തുപാലിക്കേണ്ടതായ ചില നിയമങ്ങൾ ലോകനിയന്താവ് പ്രകൃതിയെ ഏല്പിച്ചിട്ടുണ്ട്. അലംഘനീയമായ ഈ നിയമങ്ങൾ ലംഘിക്കുകവഴി പ്രകൃതിയെ വെല്ലുവിളിച്ച ആരും നേരേ ചൊവ്വേ പ്രകൃതിയോടു യാത്ര പറഞ്ഞു പോയിട്ടില്ല എന്ന വസ്തുതതന്നെ ഈ പറഞ്ഞതിനു നൂറുവട്ടം തെളിവ്. ദൈവത്തിനും പ്രകൃതിക്കും നിരക്കാത്തതൊന്നും ഒരിടത്തും ഉണ്ടായിക്കൂടെന്നാണ് ദൈവികനിയമവും പ്രകൃതിനിയമവും. പക്ഷേ, നിത്യേന കണ്ടും കേട്ടും നാം അറിഞ്ഞുകൊണ്ടിരിക്കുന്ന സംഭവങ്ങൾ ഈ നിയമങ്ങൾക്കു കടകവിരുദ്ധങ്ങളാണ്. ഫലമോ...? ഒന്നിനു നൂറായി പ്രകൃതി തിരിച്ചടിക്കുന്നു. ഉദാഹരണങ്ങൾ എത്ര വേണമെങ്കിലും ഉണ്ടല്ലോ നമുക്ക്. പണ്ട് ഏദൻതോട്ടത്തിലാണു തുടക്കം.

ഈ പഴം തിന്ന് ദൈവത്തെപ്പോലെയാകണം! എന്തൊരു മോഹമായിരുന്നു ആദിമാതാവിന്. കരഗതമാകാൻപോകുന്ന ശക്തിസൗഭാഗ്യങ്ങൾ! സ്വർഗലോകനിയന്താവായ ദൈവത്തെപ്പോലെ എന്തിനും ശക്തിയുള്ള മറ്റൊരു ദൈവം! പിന്നെ എന്തുവേണം? കണക്കുകൂട്ടലുകൾ ഒത്തിരി നടത്തി. മോഹനസ്വപ്നങ്ങൾ ഒരുപാടു കണ്ടു. കണ്ടുകൂട്ടിയ തങ്കക്കിനാവുകളുടെ ചില്ലുകൊട്ടാരം ആകാശം മുട്ടെ ഉയർന്നു. കൂട്ടുകാരനായ ഭർത്താവിനും കൊടുക്കണം ഒരു പഴം. അതു തിന്ന് അദ്ദേഹവും ദൈവത്തെപ്പോലെയാകട്ടെ. രണ്ടുപേരുംകൂടി ഏദൻതോട്ടത്തിന്റെ ശീതളമായ സുഖലോലുപതയിൽ കാലാകാലം കഴിയുക. യൂഫ്രട്ടീസ് നദിയിലെ കുഞ്ഞോളങ്ങൾക്കിടയിലൂടെ നീന്തിനീരാടിയും മുങ്ങിപ്പൊങ്ങിയും ജലകേളികളിൽ ആർത്തുല്ലസിച്ചുമുള്ള സുഖവാസം. അപ്രകാരമൊരു ജീവിതത്തിന്റെ കോരിത്തരിപ്പിൽ അവൾ ആ പഴങ്ങളിൽ ഒന്നു പറിച്ച് ആർത്തിയോടെ തിന്നു. മറ്റൊന്ന് പറിച്ച് കൂട്ടുകാരനും കൊടുത്തു. അയാളും തിന്നു. ആ നിമിഷം അതിതീവ്രമായ പ്രകാശമുള്ള ഒരു കൊള്ളിയാൻ മിന്നിയതും ചക്രവാളങ്ങൾ ഞെട്ടിവിറച്ച ഇടിനാദം മുഴങ്ങിയതും മനസ്സറിഞ്ഞു. ഭാവനയിലെ കണ്ണാടിമാളിക ഇടിഞ്ഞുപൊളിഞ്ഞു വീഴുന്ന ശബ്ദകോലാഹലങ്ങളുടെ അസഹനീയതയിൽ അവർ കണ്ണു തുറന്നു. അതുവരെ അറിയാതിരുന്ന പലതും അവരറിഞ്ഞു. അനുസരണക്കേട് ശ്രദ്ധയിൽപ്പെട്ട ദൈവം ആദിമാതാപിതാക്കളെ ഏദൻതോട്ടത്തിൽനിന്നു പുറത്താക്കി. മാത്രമല്ല അവർക്കനുഭവിക്കാൻ കൊടുത്ത സകല സൗഭാഗ്യങ്ങളും തിരിച്ചെടുക്കുകയും ചെയ്തു. മാനവരാശിക്കു ദുർമോഹങ്ങളുടെ തിരിച്ചടി ഇവിടെ ആരംഭിക്കുന്നു. ജരാനരകളും ചൊറിചിരങ്ങുകളും ദുഃഖദുരിതങ്ങളും പ്രകൃതിദുരന്തങ്ങളും ജീവിതവ്യഥകളും രോഗമരണങ്ങളും പകർച്ചവ്യാധികളും മഹാമാരികളും മനുഷ്യകുലത്തിന്റെ സന്തതസഹചാരികളായി.

ആ മനുഷ്യൻ നീ തന്നെയെന്നു പറഞ്ഞ് ദാവീദ് രാജാവിന്റെ നെഞ്ചിനു നേരേ നാഥാൻ വിരൽ ചൂണ്ടി. അപ്പോഴല്ലേ ബത്ഷെബയെ സ്വന്തമാക്കിയതും ഊറിയയെ ചതിയിൽപ്പെടുത്തി വധിക്കാൻ ഏർപ്പാടാക്കിയതും തിരിച്ചടിക്കാൻ തുടങ്ങിയിരിക്കുന്നു എന്ന് രാജാവ് തിരിച്ചറിയുന്നത്? ഏഴു ദിവസം മനസ് നീറി ഉപവസിച്ചു പ്രാർത്ഥിച്ചിട്ടും ബത്ഷെബയ്ക്കുണ്ടായ കുഞ്ഞ് മരിച്ചില്ലേ? അപ്പോൾ രാജമനസ്സിന്റെ ആധിക്കും ആകുലതയ്ക്കും കനം കൂടുകയായിരുന്നല്ലോ. മൂന്നു വർഷക്കാലം പൊന്നുപോലെ നോക്കി പരിചരിച്ച് കൂടെക്കൊണ്ടുനടന്ന അരുമശിഷ്യന് ആ തിരുരക്തത്തിന്റെ വിലയായി കിട്ടിയ മുപ്പതു വെള്ളിക്കാശിനെക്കാൾ ഭാരമേറിയ ഒരു ചുമട് ജീവിതത്തിൽ ഒരിക്കൽപ്പോലും എടുക്കേണ്ടിവന്നിട്ടില്ലാത്തതുകൊണ്ടല്ലേ അതു വലിച്ചെറിഞ്ഞിട്ട് നിരാശയിൽ മുങ്ങിയ അവൻ പോയി തൂങ്ങിമരിച്ചത്? വേണ്ടത്ര മുന്നറിയിപ്പ് ഉണ്ടായിട്ടും അവനെ ഞാൻ അറിയുകപോലുമില്ലെന്നു മൂന്നുവട്ടം നിഷേധിച്ചു പറഞ്ഞവൻ കോഴി കൂവുന്നതു കേട്ടപ്പോൾ എഴുന്നേറ്റോടിപ്പോയി ഇടനെഞ്ചു തകർന്ന് വിങ്ങിപ്പൊട്ടിക്കരഞ്ഞത് മറ്റൊരു തിരിച്ചടികൊണ്ടായിരുന്നില്ലേ?



ഭരതൻ രാജാവായാൽമാത്രം പോരാ രാമൻ വനവാസത്തിനു പോകുകയും വേണമെന്നു വാശിപിടിച്ച കൈകേയിയുടെ ദുർമോഹത്തിനല്ലേ ജ്യേഷ്ഠനെ ഓർത്ത് തപസിരുന്ന മകൻ തിരിച്ചടി കൊടുത്തത്? സൂചികുത്താനുള്ള സ്ഥലംപോലും ഹസ്തിനപുരിയിൽ പാണ്ഡവന്മാർക്കു കൊടുക്കുകയില്ലെന്നു വാശി പിടിച്ച കൗരവർക്കുള്ള തിരിച്ചടിയായിരുന്നല്ലോ അവർക്കുണ്ടായ ദയനീയമായ അന്ത്യം.

തിരക്കേറിയ നഗരത്തിലെ ബസ് സ്റ്റാന്റിനോടു ചേർന്ന ടോയ്‌ലറ്റിന്റെ പൊക്കം കുറഞ്ഞ വരാന്തയിൽ ഒരു വൃദ്ധനിരിക്കുന്നു. നൂറോടടുത്ത പ്രായം കാണും. കണ്ണുകൾക്കു കാഴ്ച പോരാ. ചെവി കേൾക്കാനും വയ്യ. രാവിലെമുതൽ ഒരേ ഇരിപ്പാണിവിടെ. ആരോ പറഞ്ഞതനുസരിച്ച് ഒരു പോലീസുകാരൻ അടുത്തു ചെന്ന് തട്ടിവിളിച്ചു. ഉറക്കെ; പിന്നെ കുറെക്കൂടി ഉറക്കെ. ചോദ്യത്തിന് മക്കൾ വരുമെന്നു മറുപടി. ഇവിടെ കൊണ്ടുവന്ന് ഭാരമൊഴിവാക്കിയിട്ടു കടന്നുകളഞ്ഞ മക്കളുണ്ടോ വരുന്നു! ഒടുവിൽ ഒരു സന്നദ്ധസംഘടന ഇടപെട്ട് ആ വയോധികനെ ഒരു വൃദ്ധസദനത്തിലാക്കി പ്രശ്നം താത്കാലികമായി പരിഹരിച്ചു. പലതിനും പരസഹായം അത്യാവശ്യമുള്ള ആ പാവത്താൻ മക്കളെ പ്രതീക്ഷിച്ചു കാവലിരിക്കുന്നു. ആയുഷ്കാലം മുഴുവൻ മക്കൾക്കുവേണ്ടി വെയിൽ കൊണ്ടവൻ. മഴ നനഞ്ഞവൻ. മുണ്ട് മുറുക്കിയുടുത്ത് വിശപ്പകറ്റിയവൻ. ക്രമേണ മക്കൾ വളർന്നു. അപ്പൻ തളർന്നു. ഇപ്പോൾ തീരെ വയ്യെന്നായി. ഈ പുരാവസ്തുവിനെ എവിടേലും കൊണ്ടെക്കളഞ്ഞില്ലെങ്കിൽ ഞാനെന്റെ വീട്ടിൽ പോകുമെന്ന് അടുക്കളയിൽനിന്ന് ഭീഷണി ഉയർന്നപ്പോൾ കുടുംബസമാധാനത്തിനുവേണ്ടി ആ കടുംകൈ ചെയ്യേണ്ടി വന്നു. അങ്ങനെയാണ് ആ വയോവൃദ്ധൻ ബസ് സ്റ്റേഷനിലും തുടർന്ന് വൃദ്ധമന്ദിരത്തിലും എത്തിപ്പെട്ടത്. ഉരുകുന്ന മനസ്സുമായി കഴിയുന്ന ആ പിതാവിന്റെ വേദന കണ്ടില്ലെന്നു നടിക്കാൻ ബന്ധങ്ങൾക്കു വില കല്പിക്കുന്ന പ്രകൃതിക്കുണ്ടോ കഴിയുന്നു? ആ പടുവൃദ്ധനെ ദുരിതക്കയത്തിലേക്കു തള്ളിവിട്ടിട്ട് തിരിച്ചുപോയവരുടെ വാഹനം നിയന്ത്രണം വിട്ട് അമ്പതടിയോളം താഴ്ചയുള്ള കുളത്തിലേക്കു മറിഞ്ഞ് ഭാര്യയും ഭർത്താവും അതിദാരുണമായി മരണപ്പെട്ടത് പ്രകൃതി കൊടുത്ത തിരിച്ചടിയെന്നല്ലേ പറയാനാവൂ?

ഇരുപത്തിമൂന്നു വർഷം ഭർത്താവിനു ഭക്ഷണം പാകം ചെയ്തു വിളമ്പിക്കൊടുത്ത ഭാര്യ. അയാളുടെ നിഴലായി പിന്നാലേ നടന്നവൾ. വേണ്ടതെല്ലാം ഒരുക്കിക്കൊടുത്തവൾ. സ്വന്തം സുഖസൗകര്യങ്ങൾ മറന്ന് ഭർത്താവിനെ പരിചരിച്ചവൾ. അവളെ അയാൾക്കു മടുത്തു. കാരണമുണ്ട്. അടുത്തുള്ള തീപ്പെട്ടിക്കമ്പനിയിൽ ജോലിക്കു വന്ന ഒരുവളുമായി അയാൾ അടുത്തു. അടുപ്പം പ്രേമമായി. അവളുമൊത്തുള്ള ജീവിതം അയാൾ മോഹിച്ചു. അതിന് സ്വന്തം ഭാര്യ ഒരു തടസമാണ്. തടസ്സം നീക്കാതെ മോഹം നടപ്പില്ല. പല ദിവസങ്ങളിലും അയാൾ ഭാര്യയോട് അകാരണമായി വഴക്കിട്ടു. കുടുംബകലഹം. ഒരു ദിവസം ഭർത്താവിന് കഞ്ഞി വയ്ക്കാൻ അവൾ അരി കഴുകുമ്പോൾ അയാൾ വഴക്കിനുവന്നു. ദുർമോഹം സാത്താനായി അയാളിൽ ആവേശിച്ചു. പുറത്തു ചാരിവച്ചിരുന്ന മൺവെട്ടിയെടുത്ത് അയാൾ അവളുടെ തലയ്ക്കു പിറകിൽ ആഞ്ഞൊരടി! അടികൊണ്ടു ബോധരഹിതയായി അവൾ വീഴുന്നതിനിടയിൽ ഭർത്താവിനെ ജീവനെക്കാളുപരി സ്നേഹിച്ച ആ പ്രിയപ്പെട്ട ഭാര്യയുടെ അവസാനവാക്കുകൾ:

"എങ്കിലും....എന്റെ....ചേട്ടാ..."

പണ്ട് ബ്രൂട്ടസ് പിന്നിൽനിന്നു കുത്തിയപ്പോൾ ജൂലിയസ് സീസർ ചോദിച്ചില്ലേ, 'എത്ത് തൂ ബ്രൂത്തെ' എന്ന്? പിന്നീട് സീസറും ഒന്നും സംസാരിച്ചില്ലല്ലോ. പക്ഷേ, ബ്രൂട്ടസിന്റെ മനക്കട്ടി ഈ ഭർത്താവിനുണ്ടായിരുന്നില്ല. ഭാര്യ തറയിൽ വീണുകിടന്ന് കൈകാലിട്ടടിച്ച് പിടഞ്ഞു മരിക്കുന്നതു കണ്ടപ്പോൾ മനസ്സിന്റെ സമനില തെറ്റിയ അയാൾ അലറിനിലവിളിച്ചുകൊണ്ട് ഇറങ്ങിയോടി. ബഹളം കേട്ട് ഓടിക്കൂടിയ നാട്ടുകാർ പിന്നാലേ പാഞ്ഞു. തോട്ടുവരമ്പത്തെ പൊന്തക്കാട്ടിൽ ഒളിച്ചിരുന്ന അയാളെ പിടിച്ചുകെട്ടി പോലീസിലേല്പിച്ചു. ചേഷ്ടകളും വാക്കുകളും ശരിക്കും ഒരു മാനസികരോഗിയുടേതുപോലെ. ആ പരിഗണനയിൽ കോടതി അയാളെ വെറുതെ വിട്ടു. സുബോധം നശിച്ച അയാൾ ഇന്നും അർദ്ധനഗ്നനായി ആ നാട്ടിൻപുറത്ത് അലഞ്ഞുതിരിഞ്ഞു നടപ്പുണ്ട്. ഇതാണ് ദുർമോഹത്തിനുള്ള തിരിച്ചടി!

ഓരോരോ ദുർമോഹങ്ങളുടെ ഭ്രാന്തമായ ആവേശത്തിൽ നിഷ്കരുണം കൊല ചെയ്യപ്പെടുന്ന കുരുന്നുകുഞ്ഞുങ്ങളുടെ സാക്ഷാത്കരിക്കപ്പെടാത്ത ജീവിതമോഹങ്ങൾ ഭൂമിയിൽക്കിടന്ന് നീതിക്കുവേണ്ടി നിലവിളിക്കുമ്പോൾ പ്രകൃതിക്ക് അടങ്ങിയിരിക്കാനാവില്ലല്ലോ. കരിഞ്ചന്തയും കൈക്കൂലിയും മയക്കുമരുന്നും പെൺവാണിഭവും തട്ടിപ്പും വെട്ടിപ്പും ധനസമ്പാദനത്തിനുള്ള കുറുക്കുവഴികളായി കൊണ്ടുനടക്കുന്നവരുടെ ദുർമോഹങ്ങൾക്ക് അതേ നാണയത്തിൽത്തന്നെ തിരിച്ചടി കിട്ടുന്നത് നമ്മളറിയുന്നു. മറ്റുള്ളവരെ ഉന്തിമാറ്റിയിട്ട് ഒന്നാമനാകാൻ നടക്കുന്നവനെ രാഷ്ട്രീയത്തിലോ സമൂഹത്തിലോ സമുദായത്തിലോ എവിടെയായാലും ഒന്നുമാകാനാകാതെ പ്രകൃതി ഇടങ്കാലുകൊണ്ട് ചവിട്ടിപ്പുറത്താക്കുന്നതും നമ്മൾ കാണുന്നു. ചുരുക്കത്തിൽ, ദുർമോഹങ്ങൾക്കു തിരിച്ചടി ഉറപ്പ്; ഇന്നല്ലെങ്കിൽ നാളെ.

■

# ലോകം കൈകൂപ്പുന്ന മഹാവൈദ്യൻ

## ആയുർവേദമഹാചാര്യൻ പദ്മഭൂഷൻ ഡോ. പി.കെ. വാരിയർ നൂറിന്റെ നിറവിൽ

**കെ.ജി. രഞ്ജിത്ത്**

**രോ**ഗികളോടല്ല; രോഗത്തോടു നേരിട്ടു സംസാരിച്ച് രോഗം ശമിപ്പിക്കുന്ന അദ്ഭുതവിദ്യ അറിയാവുന്ന അപൂർവം വൈദ്യന്മാരിലൊരാൾ– അതാണ് കോട്ടയ്ക്കൽ ആര്യവൈദ്യശാലയുടെ അമരക്കാരൻ ഡോ. പി. കെ. വാരിയർ.

ആയുർവേദത്തിന്റെ മഹത്ത്വവും സംസ്കാരവും ലോകത്തിന്റെ നിറുകയിൽ വരച്ചിട്ട കർമയോഗിയാണ് ഡോ. പി. കെ. വാരിയർ. ആയുർവേദം ആയുസ്സിന്റെകൂടി വേദമാണെന്ന് തന്റെ ജീവിതത്തിലൂടെ ലോകത്തിനു കാട്ടിക്കൊടുക്കാൻ ഡോ. പി. കെ. വാരിയർക്കു കഴിഞ്ഞു.

തന്റെ അടുത്തു വരുന്നവരോടു കുശലം ചോദിച്ചുകൊണ്ടാണ് വാരിയർ ചികിത്സയിലേക്കു കടക്കുന്നത്. കുശലാന്വേഷണം ചിലപ്പോൾ നീണ്ടെന്നുവരാം. പക്ഷേ, അതിൽ പരിഭവിക്കേണ്ടതില്ല. കാരണം, അദ്ദേഹം സംസാരിക്കുന്നത് നിങ്ങളുടെ ഉള്ളിലെ രോഗത്തോടാണ്. കുശലാന്വേഷണത്തിനിടയിൽ നിങ്ങളിൽ കയറിക്കൂടിയിരിക്കുന്ന രോഗാവസ്ഥയെ അദ്ദേഹം കണ്ടെത്തുകയും മരുന്നു നിശ്ചയിക്കുകയും ചെയ്യും. അപൂർവമായി മാത്രം ലഭിക്കുന്ന ഈ സിദ്ധി നേടിയെടുത്ത ചുരുക്കം ചില ഡോക്ടർമാരുടെ പട്ടികയിൽ ഏറ്റവും മുന്നിലുള്ള പേര് പി.കെ. വാരിയരുടേതുതന്നെയാണ്.



ആയുർവേദമരുന്നുകളുടെ സിദ്ധി മനപ്പാഠമാക്കിയ അദ്ദേഹത്തിനു തൊട്ടതെല്ലാം പൊന്നാക്കിയ ചരിത്രമാണുള്ളത്. വേദനയോടെ തന്റെ മുന്നിലെത്തുന്നവർ തിരിച്ചുപോകുന്നത് സന്തോഷത്തോടെയാകണമെന്നു വാരിയർക്കു നിർബന്ധമുണ്ട്. ചികിത്സയിലും മരുന്നിലും കൃത്രിമം കാട്ടുന്നത് വൈദ്യവൃത്തിക്കു നിരക്കുന്നതല്ല എന്ന വലിയ പാഠം ലോകത്തെ പഠിപ്പിച്ച മഹാനാണ് പി. കെ. വാരിയർ. ആതുരസേവനരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹത്തെ രാജ്യം പദ്മഭൂഷൺ, പത്മശ്രീ തുടങ്ങിയ ബഹുമതികൾ നൽകി ആദരിച്ചു.

**വ്യത്യസ്തമായ ചികിത്സാരീതി**

ആയുർ എന്നാൽ ജീവിതമെന്നും വേദം എന്നാൽ അറിവെന്നുമാണ് അർത്ഥം. നൂറാമത്തെ വയസ്സിലും ആയുർവേദത്തെക്കുറിച്ചു പഠിക്കുകയും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന തിരക്കിലാണ് ഡോ. പി. കെ. വാരിയർ. ആയുർവേദത്തെ അടിസ്ഥാനമാക്കി നിരവധി പരീക്ഷണങ്ങളും നിരീക്ഷണങ്ങളും നടത്തിയ വ്യക്തിയാണ് വാരിയർ. ആയുർവേദത്തിന്റെ പരമപ്രധാനമായ രണ്ടു ഘടകങ്ങളാണ് ചികിത്സയും പഥ്യവും. ഇവ രണ്ടും കൃത്യമായെങ്കിൽ മാത്രമേ വൈദ്യനു രോഗത്തെ പിടിച്ചുകെട്ടാനാവു. ഇക്കാര്യങ്ങളിൽ കർക്കശക്കാരനായ വൈദ്യനായിരുന്നു വാരിയർ.

**ആദ്യം വിപ്ലവകാരി പിന്നീട് മഹാവൈദ്യൻ**

1921 ൽ തലപ്പണത്ത് ശ്രീധരൻ നമ്പൂതിരിയുടെയും കുഞ്ചി വാരസ്യാരുടെയും ആറു മക്കളിൽ ഇളയവനായാണ് പന്നിയമ്പള്ളി കൃഷ്ണൻകുട്ടി വാരിയർ എന്ന പി. കെ. വാരിയരുടെ ജനനം. പി. കെ. വാരിയർക്കു സംഭവബഹുലമായ ഒരു ഭൂതകാലമാണുള്ളത്. പിന്നിട്ട വർഷങ്ങളിൽ അദ്ദേഹം നടക്കാത്ത വഴികളില്ല. സാധാരണക്കാരുടെ പ്രശ്നങ്ങളിൽ ഇടപെടാനും പൊതുപ്രവർത്തനരംഗത്ത് സജീവമാകാനും വാരിയർ യൗവനകാലം മാറ്റിവച്ച ചരിത്രവുമുണ്ട്. സാധാരണക്കാർക്കായി ശബ്ദിക്കാൻ ചെറുപ്പത്തിൽ പഠനമുപേക്ഷിച്ച പി. കെ. വാരിയർ, 1942 ൽ ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുക്കാനായി വീടുവിട്ട് വിപ്ലവകാരിയായി. മഞ്ചേരിയിലെ കമ്യൂണിസ്റ്റ് ക്യാംപിലായിരുന്നു കുറെക്കാലം. ഒളിവിലുള്ള നേതാക്കൾക്കു രഹസ്യസന്ദേശമെത്തിക്കലും ഫാസിസ്റ്റ് വിരുദ്ധ പ്രചാരണവുമായിരുന്നു അന്നത്തെ പ്രധാന ജോലി. ദേശീയ, സംസ്ഥാന രാഷ്ട്രീയത്തിലെ തലപ്പൊക്കമുള്ള നേതാക്കളെയെല്ലാം പരിചയപ്പെടുന്നത് ഇക്കാലത്താണ്. പാരമ്പര്യത്തിലേക്കു തിരിച്ചുവരണമെന്ന ബോധ്യമുണ്ടായപ്പോൾ സജീവരാഷ്ട്രീയം ഉപേക്ഷിച്ചു. കോട്ടയ്ക്കൽ ആര്യവൈദ്യശാലയിലെ സാധാരണക്കാരനായ ഫാക്ടറി മാനേജറായി, തുടർന്ന് ചരിത്രനേട്ടങ്ങളിലേക്കു നയിച്ച അമരക്കാരനായി, ഇന്ന് ലോകം കൈകൂപ്പുന്ന മഹാവൈദ്യനായി.

**വിശ്വാസ്യതയാണ് ഏറ്റവും വലിയ ഔഷധം**

രോഗിക്കു വൈദ്യനോടും വൈദ്യനു രോഗിയോടുമുള്ള വിശ്വാസ്യതയാണ് ആയുർവേദം നിഷ്കർഷിക്കുന്ന പ്രധാന ഔഷധം. ഒരു മനുഷ്യനെ സ്വാസ്ഥ്യത്തിലേക്കു നയിക്കാൻ ആയുർവേദത്തോളം വലിയ ചികിത്സാസമ്പ്രദായങ്ങളില്ലെന്നും യോഗ, ആയുർവേദവിധിപ്രകാരമുള്ള ജീവിതശൈലി ആയുസ്സിനെ വർദ്ധിപ്പിക്കുമെന്നും ഡോ. പി.കെ. വാരിയർ പറയുന്നു. വേണ്ട സ്ഥലത്തും കൃത്യമായും ഫലപ്രദമായും ദീർഘനാളത്തേക്കും ഫലിക്കുന്ന ഔഷധമാണ് ആയുർവേദത്തിലുള്ളത്.

**കോട്ടയ്ക്കലിന്റെ വളർച്ച വാരിയരിലൂടെ**

1953 ലാണ് പി. കെ. വാരിയർ ആര്യവൈദ്യശാലയുടെ സാരഥ്യമേറ്റെടുക്കുന്നത്. അന്ന് ഒൻപതുലക്ഷം രൂപ മാത്രമായിരുന്നു ആര്യവൈദ്യശാലയുടെ വാർഷികവരുമാനമെങ്കിൽ ഇന്നത് 400 കോടി രൂപയ്ക്കു മുകളിലാണ്. രണ്ടായിരത്തിലധികംപേർ ഇവിടെ നേരിട്ടു ജോലി ചെയ്യുന്നു. രാജ്യത്തെ പ്രധാന നഗരങ്ങളിലെല്ലാം കോട്ടയ്ക്കലിനു ശാഖകളുണ്ട്. പ്രതിവർഷം അഞ്ചുലക്ഷത്തിലധികം രോഗികൾക്കു സൗഖ്യമേകുന്ന ആതുരസേവനം, ധർമാശുപത്രിയിലെ അലോപ്പതിശാഖ, റിസർച്ച് വാർഡ്, ഔഷധത്തോട്ടം, ആയുർവേദഗവേഷണകേന്ദ്രം, പ്രസിദ്ധീകരണവിഭാഗം തുടങ്ങിയവയെല്ലാം അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിന്റെ ഉദാഹരണങ്ങളാണ്. ■

---



## 5 പ്രകൃതിക്കൊരു പുനർവായന



**മാത്യു എം. കുര്യാക്കോസ്**




**‘പാ**യലേ വിട; പൂപ്പലേ വിട’ എന്ന പ്രസിദ്ധമായ ഒരു പെയിന്റിന്റെ പരസ്യവാചകംപോലെ പറയേണ്ടുന്ന ഒരു വാചകമാണ് ‘പ്ലാസ്റ്റിക്കേ വിട...’ എന്നത്. എന്നാൽ, നിയമങ്ങൾക്കുപോലും നിയന്ത്രിക്കാനാവാത്തവിധം പ്ലാസ്റ്റിക്കിന്റെ ഉപയോഗവും അതുവഴി സംഭവിക്കുന്ന മാലിന്യപ്രശ്നങ്ങളും വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. ഭൂമിയിലേക്കു വലിച്ചെറിയുന്ന പ്ലാസ്റ്റിക്കുത്പന്നങ്ങളുടെ ഉപയോഗത്തെക്കുറിച്ചാണു വിയോജിപ്പ്. അതോടൊപ്പം വലിച്ചെറിയപ്പെടാതെതന്നെ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്‌വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതും ആവശ്യമാണ്. ഭക്ഷണസംബന്ധമായ ഉപയോഗത്തിനുവേണ്ടിയുള്ള പ്ലാസ്റ്റിക്‌പാത്രങ്ങൾ ഫുഡ് ഗ്രേഡാക്കണമെന്ന വ്യവസ്ഥ ഉപഭോക്താക്കൾ ശ്രദ്ധിക്കണം.

പ്ലാസ്റ്റിക് കത്തിക്കരുത് എന്നുള്ളത്; ‘കൊല്ലരുത്...’ എന്ന കല്പനപോലെതന്നെ ഗൗരവമുള്ളതാണ്. കാരണം, പ്ലാസ്റ്റിക് കത്തിക്കുമ്പോഴുണ്ടാകുന്ന ഡയോക്സിൻ എന്ന വാതകം ക്യാൻസർ പോലുള്ള ഗുരുതരമായ രോഗങ്ങൾ ഉണ്ടാക്കുന്നുവെന്ന് അസന്ദിഗ്ധമാംവിധം ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. ലേഖകൻ നടത്തിയ ഗവേഷണങ്ങളിൽനിന്നു കുട്ടികളിലും മുതിർന്നവരിലുമുണ്ടാകുന്ന വിട്ടുമാറാത്ത ആസ്ത്മയുടെ പ്രധാന കാരണം, പ്ലാസ്റ്റിക്കിന്റെ കത്തിക്കലാണ് എന്നു കണ്ടെത്തിയിരുന്നു. പരിസരങ്ങളിലെവിടെ പ്ലാസ്റ്റിക് കത്തിച്ചാലും അതിന്റെ ദോഷഫലങ്ങൾ നാം അനുഭവിക്കുകതന്നെ വേണം. വായുവിലൂടെ നമ്മുടെ ശ്വാസകോശത്തിലെത്തുവാൻ ഈ പുകയ്ക്ക് ആരുടെയും അനുവാദം ആവശ്യമില്ലല്ലോ? ഈ യാഥാർത്ഥ്യം നിലനില്ക്കുമ്പോഴും ജനനിബിഡമായ നിരത്തുകളുടെ ഓരങ്ങളിൽ പകൽസമയത്തുൾപ്പെടെ പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കൊണ്ടേയിരിക്കുന്നു എന്ന അവസ്ഥയുണ്ട്. പൊതുസ്ഥലങ്ങളിലെ മാലിന്യങ്ങളുടെയുംകൂടി കസ്റ്റോഡിയനായ ഗ്രാമ, നഗരസഭകളില സെക്രട്ടറിമാർക്കെതിരേ ക്രിമിനൽ കുറ്റംപോലും ചുമത്തേണ്ട രീതിയിലുള്ള നിസ്സംഗതയാണ് പലപ്പോഴും ഇത്തരം കാര്യങ്ങളിൽ തുടരുന്നത്.

ശ്വസിക്കുന്ന വായുവിലും കുടിക്കുന്ന ജലത്തിലും കഴിക്കുന്ന ഭക്ഷണത്തിലും പ്ലാസ്റ്റിക് തരികളുടെ സാന്നിധ്യം റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഇതുവഴി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ നാം അഭിമുഖീകരിക്കുമ്പോൾ, ഗവൺമെന്റിന്റെ നിയന്ത്രണങ്ങളും നിയമങ്ങൾക്കും കാത്തിരിക്കാതെ പ്ലാസ്റ്റിക്കേ... വിട എന്നു പറയേണ്ട വിവേകത്തിലേക്കു നാം ഉണരണം. ആഗോളതാപനം, കാലാവസ്ഥാവ്യതിയാനം തുടങ്ങിയ ഗൗരവമേറിയ പാരിസ്ഥിതികപ്രശ്നങ്ങൾപോലെതന്നെ ആധുനികജനജീവിതത്തെ സാരമായി ബാധിച്ചിരിക്കുന്ന ഒന്നാണ് പ്ലാസ്റ്റിക് പാൻഡമിക് എന്നു പറയേണ്ടിവരും.

ഓരോ ആഴ്ചയിലും ശരാശരി അഞ്ചു ഗ്രാം പ്ലാസ്റ്റിക്, മൈക്രോപ്ലാസ്റ്റിക് രൂപത്തിൽ മനുഷ്യനിലെത്തുന്നു എന്നത് ഞെട്ടലുളവാക്കുന്നു. അഞ്ചു മില്ലീമീറ്ററിലും താഴെ വലിപ്പമുള്ള പ്ലാസ്റ്റിക് തരികളെയാണ് മൈക്രോപ്ലാസ്റ്റിക് എന്ന ഗണത്തിലുൾപ്പെടുത്തിയിരിക്കുന്നത്.

കരയിലും ജലത്തിലും പ്ലാസ്റ്റിക് മാലിന്യങ്ങൾ ക്രമാതീതമായി വർധിച്ച് മരണപ്പെടുന്ന ജീവികളുടെ എണ്ണം ഓരോ വർഷവും വർദ്ധിച്ചുവരുന്നു. വർഷംതോറും 2,69,000 മെട്രിക്ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ കരയിലും 12 മില്യൺ മെട്രിക്ടൺ മാലിന്യങ്ങൾ സമുദ്രത്തിലും നിക്ഷേപിക്കപ്പെടുന്നു എന്ന കണക്ക് ശുഭകരമല്ല.

കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ മാസ്കായും ഗ്ലൗസായും മറ്റും പ്ലാസ്റ്റിക് വസ്തുക്കൾ ധാരാളമായി ഉപയോഗിക്കപ്പെടുമ്പോൾ വർത്തമാനകാലത്ത് പ്ലാസ്റ്റിക് മാലിന്യങ്ങളുടെ അളവ് പതിന്മടങ്ങു വർദ്ധിക്കും എന്നതിൽ സംശയമില്ല. പൂർവികർ പകർന്നുതന്ന ലളിതജീവിതത്തിന്റെയും ആത്മനിയന്ത്രണത്തിന്റെയും മഹത്തായ പാഠങ്ങളുടെ പരിശീലനംകൊണ്ടു മാത്രമേ ഇത്തരം പ്രതിസന്ധികളെ നമുക്ക് അതിജീവിക്കാനാകൂ.

2012 ൽ ഇറങ്ങിയ ക്യാപ്റ്റൻ ചാൾസ് മൂറിന്റെ പ്ലാസ്റ്റിക് ഓഷ്യൻ എന്ന പുസ്തകത്തിന്റെ വായന ഇക്കാര്യങ്ങളിൽ ജാഗ്രത പുലർത്താൻ നമ്മെ സഹായിക്കും. ■

## അത്തിമരങ്ങൾ പൂക്കുന്നു



നോവൽ 8

ഗിരീഷ് കെ. ശാന്തിപുരം

# പതിനാലാമെടം

കല്യാണവീടിന്റെ പിൻപുറത്ത് വിരുന്നിനു ക്ഷണിക്കപ്പെടാത്ത നിന്ദിതരുടെയും യാചകരുടെയും മദ്ധ്യേ അനനിയാദ് ഇടറിയ മനസ്സോടെ നിന്നു. അവന് അല്പംപോലും ആത്മനിന്ദ തോന്നിയില്ല. ഒരു ഭിക്ഷക്കാരന്റെ ഭാവം ഒരനിവാര്യതപോലെ അവൻ ആത്മാവിലേക്കെടുത്തണിഞ്ഞിരുന്നു.

കല്യാണപ്പന്തലിൽനിന്ന് വിരുന്നുസദ്യയുടെ ശബ്ദഘോഷങ്ങൾ. ഉച്ചത്തിലുള്ള സംസാരവും പൊട്ടിച്ചിരിയുമെല്ലാം തുടരുന്നതു കേട്ടാറെ, പിൻപുറത്ത്, സദ്യയുടെ അവസാന ഊഴവുംകാത്തുനിന്ന യാചകർ പിറുപിറുത്തു:

‘‘എന്തെങ്കിലും കിട്ടുമ്പോഴേക്കും വിശന്നു മരിക്കും.’’

സമയം യോർദാൻനദിപോലെ സാവധാനം ഒഴുകിക്കൊണ്ടിരുന്നു. വിരുന്നുണ്ടു പിരിഞ്ഞുപോകുന്നവരെക്കാളധികംപേർ വിരുന്നിനെത്തിക്കൊണ്ടിരുന്നു. ഉടനെയൊന്നും തങ്ങൾക്കുള്ള പന്തി ഒരുക്കപ്പെടുകയില്ലെന്ന് അനനിയാദ് അറിഞ്ഞു. ഒരുപക്ഷേ, ഈ കാത്തിരുപ്പിന്റെ അവസാനം ഒന്നും കിട്ടാതെ മടങ്ങാനും മതി. കാരണം ക്ഷണിക്കപ്പെടാത്തവരുടെ ഗണത്തിലാണല്ലോ താനും.

ഏറെനേരം കഴിഞ്ഞിട്ടും മടങ്ങിപ്പോകാൻ അനനിയാദിനു മനസ്സുണ്ടായില്ല. വയറിനുള്ളിൽ വിശപ്പിന്റെ നെരിപ്പോട് എരിഞ്ഞുകത്തുകയാണ്. ശരീരമാകെ ഒരു തളർച്ച ബാധിക്കുന്നു. അവൻ അഗതികളുടെ പയ്യാരംപറച്ചിലുകൾക്കിടയിലൂടെ കുറച്ചുദൂരത്തേക്കു മാറി ഒരു വൃക്ഷത്തിൽ ചാരി തളർന്നിരുന്നു. സൂര്യൻ പടിഞ്ഞാറ് ചാഞ്ഞുതുടങ്ങിയിരുന്നു. അവന്റെ മനസ്സും ഓരോരോ ഓർമകളിലേക്കു ചാഞ്ഞുപോയി. കടന്നുപോന്ന സംഭവങ്ങളോരോന്നും ക്ഷുഭിതമായ തിരമാലകൾപോലെ അവനിലേക്കു തിക്കിത്തിരക്കി ഇരമ്പിവന്നു.



ഒരുപക്ഷേ, തന്റെ പിതാവും ഭൃത്യന്മാരും മേരിയുടെ ആൾക്കാരും തന്നെ അന്വേഷിക്കുന്നുണ്ടാവും. ഞാനിവിടെ ഈ കാനായിലെ കല്യാണവീട്ടിൽ സദ്യയുടെ അവസാന ഊഴവും കാത്തുനില്ക്കുന്ന യാചകരോടൊപ്പമുണ്ടാകുമെന്ന് അവരൊന്നും കരുതാനിടയില്ല. താൻ ഹെർമോണിലെ ധനാഢ്യനായ യോവാക്കിമിന്റെ പുത്രനാണെന്ന് ഇവിടെയാരും തിരിച്ചറിയാനുമിടയില്ല. അതായിരുന്നു അനനിയാദിന്റെ അപ്പോഴുള്ള ഏക ആശ്വാസം. പക്ഷേ, ഇനി എന്താണ്? എവിടേക്കാണ് തന്റെ വഴികൾ?... എങ്ങനെയാണ് യേശുവിനെ കണ്ടെത്തുക? ഒന്നിനും ഒരു നിശ്ചയവുമുണ്ടായിരുന്നില്ല.

സത്യത്തിൽ താൻ എന്തിനാണ് യേശുവിനെ അന്വേഷിക്കുന്നത്? അറിഞ്ഞുകൂടാ. എങ്കിലും ആ മനുഷ്യനെ കണ്ടെത്തിയേ മതിയാകൂ. നസ്രായനായ ആ മനുഷ്യൻ ദിവ്യത്വത്തിന്റെ മൂർത്തരൂപമായി അനനിയാദിന്റെയുള്ളിൽ നിലകൊണ്ടു. യോർദാന്റെ തീരത്തെ സ്നാപകന്റെ വാക്കുകളും യേശുവിന്റെ അമ്മ മറിയത്തിന്റെ വാക്കുകളും അവൻ ഓർമിച്ചു.

“നീ അന്വേഷിക്കുക, കണ്ടെത്തും.”

അതെ, അന്വേഷിക്കുക തന്നെ. അത് തന്റെ നിയോഗമാണെന്ന് അനനിയാദ് നിനച്ചു. തീർച്ചയായും അവനെ കണ്ടെത്താതിരിക്കില്ല.

പെട്ടെന്നായിരുന്നു കല്യാണവീട്ടിൽ ഒരു നിശ്ശബ്ദത പടർന്നത്. പൊട്ടിച്ചിരിയും സന്തോഷത്തിന്റെ ശബ്ദകോലാഹലങ്ങളുംകൊണ്ട് മുഖരിതമായിരുന്ന കല്യാണവീട്ടിൽ പൊടുന്നനെ പടർന്ന മൂകതയുടെ ആവരണം അനനിയാദിനെയും വന്നുമൂടി.

‘‘എന്താ സംഭവിച്ചത്?’’ അവൻ അല്പമകലെ നിന്നവരോടു തിരക്കി.

‘‘എല്ലാം തീർന്നുകാണും.’’ ഒരാൾ നിരാശയോടെ പറഞ്ഞു. “നാശം, വെറുതെ കാത്തിരുന്നതു മിച്ചം...” അയാൾ സ്വയമെന്നോണം പിറുപിറുത്തു.

അനനിയാദിനു നിരാശ തോന്നിയില്ല. അവിടെ എന്താണു സംഭവിച്ചതെന്നറിയാനുള്ള ആകാംക്ഷ അവനിൽ പടർന്നു. പക്ഷേ, കല്യാണപ്പന്തലിലേക്കു ചെന്ന് അതെന്താണെന്ന് അന്വേഷിക്കാൻ അവനു കഴിയുമായിരുന്നില്ല. കാരണം അവൻ ക്ഷണിക്കപ്പെടാത്തവനും യാചകരുടെ കൂട്ടത്തിലുള്ളവനുമായിരുന്നല്ലോ.

തിരയടങ്ങിയ കടൽപോലെ കല്യാണവീടിനെ ഗ്രസിച്ച നിശ്ശബ്ദത കുറെനേരം നീണ്ടുനിന്നു. വേലക്കാർ കിണറ്റിൽനിന്നു വെള്ളം കോരിക്കൊണ്ടുപോകുന്നതു കണ്ടു, ചിലരാകട്ടെ, യഹൂദരുടെ ശുദ്ധീകരണത്തിന് വെള്ളം നിറയ്ക്കുന്ന കൽഭരണികൾ കഴുകിക്കൊണ്ടു പോകുന്നു.

അനനിയാദിന് ഒന്നും മനസ്സിലായില്ല. ഒരുതരം കൗതുകത്തോടെ അവൻ അതെല്ലാം ശ്രദ്ധിച്ചുകൊണ്ടിരുന്നു. താമസിയാതെ കല്യാണവീട് പൂർവാധികം സന്തോഷത്തിലേക്കു മടങ്ങിവരുന്നതു തെല്ല് അദ്ഭുതത്തോടെ അനനിയാദ് അറിഞ്ഞു.

കല്യാണവീട്ടിലേക്കുള്ള അതിഥികളുടെ വരവ് ഒട്ടൊക്കെ നിലച്ചിരുന്നു. വിരുന്നിനു വന്നവർ മടങ്ങിക്കൊണ്ടിരുന്നു. കാത്തുകാത്തിരുന്ന് അനനിയാദ് മയക്കത്തിലേക്കു വീണുപോയി. പിന്നെയെപ്പോഴോ ആരോ അവനെ ഉണർത്തുകയായിരുന്നു.

‘‘വരൂ നമുക്കുള്ള ഊഴമായി...’’

ക്ഷണിക്കപ്പെടാത്തവർക്കും ഭിക്ഷാടകർക്കുമുള്ള പന്തിയിൽ ആർത്തിയോടെ അനനിയാദും ഇടംതേടി. സദ്യയ്ക്കായി ഒരുക്കിയ എല്ലാ വിഭവങ്ങളും അവിടെ വിളമ്പിയില്ല. വിശിഷ്ടങ്ങളായ ഭോജ്യങ്ങൾക്ക് അവർ യോഗ്യരായിരുന്നില്ലല്ലോ...?

അനനിയാദ് മുന്നിൽ കിട്ടിയതൊക്കെ രുചിയറിയാതെ തിന്നു. ഇടയ്ക്ക് വീഞ്ഞുകോപ്പകളിൽ വീഞ്ഞെത്തി. ഭക്ഷണത്തിനിരുന്ന അവസാനക്കാർ അദ്ഭുതപ്പെട്ടു.

“തങ്ങൾക്കും വീഞ്ഞോ?”

അങ്ങനെ ഒരു പതിവില്ലായിരുന്നു. ക്ഷണിക്കപ്പെട്ടവർക്കു മാത്രമായിരുന്നു വീഞ്ഞ് പതിവ്.

വീഞ്ഞു രുചിച്ച അനനിയാദ് ആശ്ചര്യപ്പെട്ടു. എന്തെന്നാൽ നാളിതുവരെ ഇത്രയും രുചിയും വീര്യവുമുള്ള വീഞ്ഞ് കുടിച്ചിട്ടില്ല. തന്റെ പിതാവിന്റെ ഭവനത്തിലും അനേകം വിരുന്നു സത്കാരങ്ങളിലും മഗ്ദലേനയിലെ മേരിയുടെ മണിമേടയിലും ഇത്തരം വീഞ്ഞ് അനുഭവിച്ചിട്ടില്ല. വിളമ്പുകാരോട് അനനിയാദ് തിരക്കി:

“ഇത്ര രുചിയുള്ള വീഞ്ഞ് എവിടെനിന്ന്? ആരുടെ തോട്ടത്തിൽ വിളഞ്ഞ മുന്തിരിയിൽ നിന്ന്?”

“അതല്ലേ അദ്ഭുതം” വിളമ്പുകാരൻ ശബ്ദം താഴ്ത്തി ഒരു രഹസ്യംപോലെ പറഞ്ഞു. അനനിയാദ് കാതു കൂർപ്പിച്ചു.

“വിരുന്നിനിടയിൽ വീഞ്ഞു തീർന്നുപോയിരുന്നു. അപ്പോഴല്ലേ ആ തച്ചന്റെ മകൻ അവന്റെ അമ്മയുടെ ആവശ്യപ്രകാരം ആറ് കൽഭരണി പച്ചവെള്ളം വീഞ്ഞാക്കിയത്. അദ്ഭുതം തന്നെ.”

“ആര് യേശുവോ?” അനനിയാദ് ചോദിച്ചു.

‘‘അതെ, അവനും ശിഷ്യന്മാരും അവന്റെ അമ്മ മറിയവും കല്യാണത്തിനു ക്ഷണിക്കപ്പെട്ടവരായിരുന്നു.”

‘‘എന്നിട്ട് അവനെവിടെ?’’ അനനിയാദ് ചാടിയെഴുന്നേറ്റു.

“എപ്പഴേ അവനും കൂട്ടരും ഇവിടം വിട്ടുപോയി.”

“എവിടേക്ക്?”

““അത് ഞാനെങ്ങനറിയും...” അയാൾ നിസ്സഹായപ്പെട്ടു.

അനനിയാദ് ഭക്ഷണം പൂർത്തിയാക്കാതെ പന്തിയിൽനിന്നെഴുന്നേറ്റു. കല്യാണവീട്ടിൽ കണ്ടവരോടൊക്കെ യേശു എവിടേക്കാണു പോയതെന്ന് അന്വേഷിച്ചു. ആർക്കും അറിവില്ലായിരുന്നു. മണവാളനോ മണവാട്ടിക്കോ യേശുവിനെയും ശിഷ്യന്മാരെയും ക്ഷണിച്ച മണവാളന്റെ പിതാവിനോ അവൻ എവിടേക്കാണു പോയതെന്ന് നിശ്ചയമുണ്ടായിരുന്നില്ല.

അനനിയാദ് കല്യാണവീട്ടിൽനിന്നു പുറത്തുകടന്ന് വഴിയിലെത്തി. നിരത്തിൽ കണ്ടവരോടൊക്കെ കാനായിലെ കല്യാണത്തിനു വെള്ളം വീഞ്ഞാക്കിയ യേശു എവിടേക്കാണു പോയതെന്ന് അന്വേഷിച്ചു. എന്നാൽ, ആരുംതന്നെ അങ്ങനെയൊന്നു കേട്ടവരായിരുന്നില്ല. അവനെ കേട്ടവരൊക്കെ അവനെ പരിഹസിച്ചു.

‘‘വെള്ളം വീഞ്ഞാക്കിയെന്നോ, നീ ഭ്രാന്ത് പറയുന്നു. ഞങ്ങളും കല്യാണവീട്ടിലുണ്ടായിരുന്നു. അവിടെ ആരും വെള്ളം വീഞ്ഞാക്കിയില്ല. ഒരദ്ഭുതവും പ്രവർത്തിച്ചില്ല. ഞങ്ങൾ അവിടം വിട്ടുപോരുന്നതുവരെ.”

അനനിയാദ് പിന്നെ ഒന്നും ചോദിച്ചില്ല. അവരെക്കടന്ന് അവൻ വേഗത്തിൽ നടന്നു. അപ്പോൾ പിന്നിൽനിന്നാരോ പറയുന്നതു കേട്ടു: “ഭ്രാന്താണെന്നു തോന്നുന്നു...”

അപ്പോൾ അനനിയാദ് ഇപ്രകാരം ചിന്തിച്ചു: “അതേ, തനിക്കു ഭ്രാന്താണ്. സത്യം കണ്ടെത്താനുള്ള ഭ്രാന്ത്... ഇതാ ലോകത്തിന്റെ കുഞ്ഞാട് എന്ന് യോഹന്നാൻ വിശേഷിപ്പിച്ച യേശു സത്യംതന്നെയാണ്. അതിന് ഇനി തനിക്കാരുടെയും സാക്ഷ്യം വേണ്ട. അവനുവേണ്ടിയുള്ള അന്വേഷണം ഭ്രാന്താണെങ്കിൽ തനിക്കു ഭ്രാന്തു തന്നെയാണ്.

അനനിയാദ് മമ്പോട്ടു തന്നെ പോയിക്കൊണ്ടിരുന്നു. നാടും നഗരിയും കടന്ന്, മലകളും സമതലങ്ങളും കടന്ന് അവന്റെ അന്വേഷണം നീണ്ടു. രാവുകളും പകലുകളും മഞ്ഞും മഴയും വെയിലുമെല്ലാം അവന്റെ കാല്ച്ചുവട്ടിൽ ഞെരിഞ്ഞമർന്നു.

അനനിയാദ് ആളാകെ മാറിപ്പോയിരുന്നു. അവന്റെ ശരീരം ക്ഷീണിക്കുകയും രോഗാതുരമാകുകയും ചെയ്തു. അവന്റെ താടിയും മുടിയും നീണ്ടിരുന്നു. കീറിപ്പോയ കുപ്പായത്തിന്റെ ഒരു ഭാഗംകൊണ്ട് അവൻ നാണം മറച്ചു.

*ശേഷം 12-ാം പേജിൽ*

# പതിനാലാമെടം

11-ാം പേജ് തുടർച്ച

യാത്രയിൽ കിട്ടിയതെന്തും അവൻ തിന്നു. കുടിച്ചു. കണ്ടിടത്തൊക്കെ ഇരുന്നും കിടന്നും പിന്നെ നടന്നും അവൻ ദിവസങ്ങൾ തള്ളി. അവന്റെ മുഖത്തെ യൗവനത്തിന്റെ വർണങ്ങൾ മാഞ്ഞുപോയി. പാഴും ശൂന്യവുമായ ഒരു മരുഭൂമിപോലെയായിത്തീർന്നു അവന്റെ ജീവിതം. അവൻ എന്തന്വേഷിക്കുന്നുവോ അതവന് എത്രയോ കാതങ്ങൾക്കപ്പുറമായിരുന്നു.

അവനു സഞ്ചരിക്കാനുള്ള വഴികൾ നിശ്ചയമേതുമില്ലാതായി... അവന്റെ പകലുകൾ ഉഷ്ണം വമിക്കുന്നവയായി. രാത്രികൾ ശീതളിമ നഷ്ടപ്പെട്ടതായി. അവന്റെ ചിന്തകൾ അരൂപങ്ങളായി. സ്വപ്നങ്ങൾ ഭീതിദങ്ങളായി. അവനാകെ ചിതറിയവനായി...

അന്തമില്ലാതൊഴുകുന്ന കാലത്തിന്റെയും ലോകത്തിന്റെയും ഏതോ ദശാസന്ധിയിൽ വച്ച് അനനിയാദ് തന്റെ അന്വേഷണത്തിനു വിരാമമിട്ടു.

യേശുവിനെ വൃഥാ എത്ര കാലം തിരയും? അതിനു തക്ക വണ്ണമുള്ള കരുത്ത് തന്നിൽ ശേഷിക്കുന്നില്ല. അധികം അകലത്തല്ലാതെ തന്റെ മരണം അവൻ കണ്ടു.

അവന്റെ വായിൽ വ്യാജം കലർന്നൊരു കരച്ചിൽ നിറഞ്ഞു. അവനിൽ അശുദ്ധാത്മാവ് ആവസിച്ചു... അവൻ പൂർവകാലങ്ങളിലേക്കു തിരിഞ്ഞു... പാപത്തിന്റെ കനിയിലേക്ക്... മഗ്ദലേനയിലേക്ക്...

തിരിച്ചുനടത്തത്തിന്റെ മൂന്നാം രാത്രിയിലാണ് അനനിയാദ് മഗ്ദലേനയിലെത്തിയത്. രാത്രിക്ക് ഒരുതരം കാഠിന്യമുണ്ടായിരുന്നു. കാറ്റുറഞ്ഞുപോയ രാത്രിയിലെ വിളറിയ നിലാവിൽ സൈത്തുമരച്ചില്ലകൾ മൗനംകൊണ്ടുനിന്നു.

മഗ്ദലേനയിലെ തെരുവിൽ ഒരു ദുരന്തംപോലെ അർദ്ധനഗ്നനായ അനനിയാദ് നിന്നു. തെരുവോരങ്ങളിലെ മണിമേടകളിൽ റാന്തലുകൾ മിഴിയടച്ചിരുന്നു. ദൂരെ മേരിയുടെ മണിമാളികയുടെ മട്ടുപ്പാവിൽ വെള്ളിച്ചങ്ങലയിൽ തൂക്കിയിട്ടിരിക്കുന്ന വിളക്ക് അണഞ്ഞിട്ടുണ്ടാകുമോ? ഈ രൂപത്തിൽ മേരിയുടെ ഭവനത്തിലേക്കുള്ള പ്രവേശനകവാടത്തിലെ കാവൽക്കാരൻ തന്നെ തിരിച്ചറിയാതിരിക്കുമോ?

അങ്ങനെ സംഭവിക്കില്ലെന്ന് അനനിയാദ് ആശ്വസിച്ചു. മേരി നല്ലവളാണ്. സ്നേഹമുള്ളവൾ. അതുകൊണ്ടുതന്നെ വീണ്ടും സ്വീകരിക്കാതിരിക്കുകയുമില്ല. സത്യത്തിൽ തന്റെ തിരിച്ചുവരവ് അവളെ ആഹ്ലാദിപ്പിക്കുകയും അവളത് ആഘോഷിക്കുകയും ചെയ്യും.

അനനിയാദ് അപ്പോഴും നഷ്ടമാകാതെ അരപ്പട്ടയിൽ സൂക്ഷിച്ചിരുന്ന കുഴലെടുത്ത് ചുണ്ടോടു ചേർത്തു. നിർജീവമായ നിലാവിലൂടെ അനനിയാദിന്റെ കുഴൽപ്പാട്ട് സാവധാനം ഒഴുകിക്കൊണ്ടിരുന്നു.

ആ പാട്ട് ഒറ്റപ്പെട്ടുപോയ, പീഡിതനായ, ഒരാത്മാവിന്റെ വിലാപംപോലുണ്ടായിരുന്നു.

ദൂരെനിന്നേ അനനിയാദ് കണ്ടു. വെള്ളികൊണ്ട് മേൽക്കൂര തീർത്തപോലെ മേരിയുടെ മണിമേട. അവൻ സൂക്ഷിച്ചുനോക്കി. മട്ടുപ്പാവിലെ വിളക്ക് അണച്ചുകളഞ്ഞിരുന്നു.

മഗ്ദലേനയ്ക്കൊപ്പം മേരിയും ഉറങ്ങിയിട്ടുണ്ടാകും. മേരിയുടെ കൊട്ടാരം മുഴുവനും ഉറങ്ങിയിട്ടുണ്ടാകും.

എന്നിരുന്നാലും തന്റെ പാട്ട് അവളെയും അവളുടെ ഭവനത്തെയും ഉണർത്താതിരിക്കില്ല.

എല്ലാം മറന്ന് അവൻ കുഴലൂതാൻ തുടങ്ങി. അവന്റെ നൊമ്പരങ്ങളത്രയും അവന്റെ സ്വപ്നങ്ങളത്രയും ശോകസാന്ദ്രമായ ഒരു കുഴൽപ്പാട്ടായി മഗ്ദലേനയ്ക്കു മുകളിലൂടെ അലഞ്ഞു.

അവനപ്പോൾ മേരിയുടെ ഭവനത്തിലേക്കുള്ള പ്രവേശനകവാടത്തുനടുത്തെത്തിയിരുന്നു. അടഞ്ഞുകിടന്നിരുന്ന കവാടത്തിനരികെനിന്ന് അവൻ കുഴൽ വായിച്ചു. പെട്ടെന്ന് പ്രവേശനകവാടം തുറക്കപ്പെട്ടു. കാവൽക്കാരൻ കുഴൽവിളി കേട്ടിരുന്നു. തങ്ങളുടെ യജമാനനാണെന്നു കരുതി വാതിൽ തുറന്ന ഭൃത്യന് തനിക്കു തെറ്റുപറ്റിയെന്നു മനസ്സിലായി. ഇത് യജമാനനല്ല. ഏതോ ഒരു ഭിക്ഷക്കാരൻ. പക്ഷേ, ഈ കുഴൽപ്പാട്ട്... അയാൾ വിളക്കുയർത്തി തന്റെ മുമ്പിൽ നില്ക്കുന്ന രൂപത്തെ നോക്കി. എന്നിട്ടു ചോദിച്ചു:

"ഈ രാത്രിയിൽ നിനക്കെന്തു വേണം?"

ആ ചോദ്യത്തിന് ഒരു ഉത്തരം അനനിയാദിനു സാധ്യമായില്ല. എന്താണു പറയേണ്ടതെന്ന് അവനു നിശ്ചയമില്ലായിരുന്നു. അവന്റെ മൗനം കണ്ടിട്ട് ഭൃത്യൻ വീണ്ടും ചോദിച്ചു:

"ഈ കുഴൽ നിനക്കെവിടുന്നു കിട്ടി?"

"ഇത് എന്റേതാണ്..." അവൻ പറഞ്ഞു.

ഭൃത്യൻ അതുകേട്ട് അവന്റെ മുഖത്തേക്ക് വീണ്ടും വിളക്കുയർത്തി. പിന്നെ പ്രാകൃതമായ ആ രൂപത്തിനുള്ളിൽനിന്നു അനനിയാദിനെ വേർതിരിച്ചെടുത്തു.

"യജമാനനോ?" അവൻ നടുക്കത്തോടെ ചോദിച്ചു.

"അതെ...."

ഭൃത്യൻ അവനെ അകത്തേക്കു നയിച്ചു. പ്രവേശനകവാടത്തിൽനിന്ന് അകത്തേക്കുള്ള ദൂരമത്രയും ചെത്തിമിനുക്കിയ കല്പടവുകൾക്കു മുകളിൽ മങ്ങിയ നിലാവ് ഉറഞ്ഞ മൗനംപോലെ നിശ്ചലം കിടന്നു. മേരിയുടെ മേടയുടെ പ്രവേശനകവാടത്തിൽ അനനിയാദിന്റെ പാദം ആരും കഴുകിയില്ല. ആളനക്കമില്ലാതെ മേരിയുടെ ഭവനം നിശ്ശബ്ദതയുടെ മഹാസമുദ്രംപോലെ ചലനമറ്റുകിടന്നു.

"മേരി എവിടെ?" അനനിയാദ് തിരക്കി. ഒരു നിമിഷം ഭൃത്യൻ മൗനം പൂണ്ടു. പിന്നെ ഒരു വിങ്ങലോടെ പറഞ്ഞു:

"അവർ പിടിച്ചുകൊണ്ടുപോയി. ഇവിടെയുള്ള സമ്പത്തെല്ലാം കൊള്ള ചെയ്തുകൊണ്ടുപോകുകയും ചെയ്തു."

അനനിയാദിനെ ഒരു നടുക്കം വന്ന് പിടികൂടി. ചുഴലിയിൽപ്പെട്ട വടവൃക്ഷംപോലെ അനനിയാദ് ആടിയുലഞ്ഞു.

(തുടരും)

## ചരിത്രത്തിലെ ജ്വാലാമുഖികൾ

**വത്സല നിലമ്പൂർ**

# ചരിത്രമെഴുതിയ വീരവനിത

**അ**വധിലെ അവസാനത്തെ നവാബായിരുന്ന വാജിദ് അലി ഷായുടെ ആദ്യഭാര്യയായിരുന്നു ബീഗം ഹസ്രത്ത് മഹൽ. സൗന്ദര്യത്തിനും ധൈര്യത്തിനും ഒരേപോലെ പേരുകേട്ട ഇവർ 1857 ലെ സ്വാതന്ത്ര്യസമരകാലത്ത് ഈസ്റ്റ് ഇന്ത്യാ കമ്പനിക്കെതിരേ പോരാടുകയുണ്ടായി.

ബ്രിട്ടീഷുകാർ വാജിദ് അലിയെ നാടുകടത്തിയതിനെത്തുടർന്ന് അധികാരമേറ്റെടുത്ത ഹസ്രത്ത് മഹൽ, അവധിനെ ഈസ്റ്റ് ഇന്ത്യാ കമ്പനിയുമായി ചേർക്കുന്ന ശ്രമങ്ങൾക്കെതിരേ ബ്രിട്ടീഷുകാരുമായി യുദ്ധം തുടങ്ങി.

1856 ൽ ബ്രിട്ടൻ അവധ് പിടിച്ചെടുത്തപ്പോൾ നവാബ് കൽക്കത്തയിലേക്കു രക്ഷപ്പെട്ടു. നവാബിന്റെ പത്നിയായ ബീഗം ഹസറത്ത് മഹൽ പ്രായപൂർത്തിയാകാത്ത മകനോടൊപ്പം അവധിൽത്തന്നെ നിലയുറപ്പിച്ചു. ലഖ്നോവിൽ കലാപം നയിച്ച ബീഗം ഹസ്രത്ത് മഹൽ, വിവിധ പ്രദേശങ്ങളിൽ കലാപം സംഘടിപ്പിച്ചു.

ഹിന്ദു - മുസ്ലീം ഐക്യത്തിന്റെ ശക്തി മനസ്സിലാക്കി തന്റെ പ്രജകളെ മുഴുവൻ രാജ്യത്തിനുവേണ്ടി ഒന്നിപ്പിച്ചുനിർത്തി എന്നതാണ് ബീഗത്തിന്റെ മഹത്തായ കഴിവ്.

1857 ലെ ബഹുജനമുന്നേറ്റത്തിൽ അവധിലെ സ്ത്രീകളെ മുഖ്യധാരയിലെത്തിക്കാൻ ബീഗത്തിനു കഴിഞ്ഞു.

ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി അവധ് പിടിച്ചടക്കിയതോടെ പട്ടിണിയിലായി. ലഖ്നോവിൽ കലാപം വ്യാപിച്ചപ്പോൾ കമ്പനിസൈന്യത്തെ തോല്പിച്ച് തന്റെ മകനെ നവാബാക്കി, ബീഗം തന്ത്രപൂർവം കൈകാര്യം ചെയ്തു.



ബീഗം ഹസ്രത്ത് മഹൽ

ബീഗം, ഉയർന്ന ഉദ്യോഗങ്ങൾ ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും നൽകി. സിപായിമാരെയും ജമീന്ദാർമാരെയും കർഷകരെയും അണിനിരത്തി നയിച്ച പോരാട്ടത്തിനൊടുവിൽ നഗരം വിട്ടുപോകാൻ ബ്രിട്ടീഷുകാർ നിർബന്ധിതരായി.

സുശക്തമായ കമ്പനി സൈന്യം നഷ്ടപ്പെട്ട പ്രദേശങ്ങൾ ഓരോന്നായി തിരിച്ചുപിടിക്കാൻ തുടങ്ങിയപ്പോൾ തളരാതെ പൊരുതിയെങ്കിലും വിജയിക്കാനാവില്ലെന്നു ബോധ്യമായ ഘട്ടത്തിൽ ബീഗം നേപ്പാളിൽ അഭയം തേടി.

1859 ൽ ബ്രിട്ടീഷ് അധികാരികൾ ബീഗത്തിന് രാജകീയ പരിഗണന നൽകി അവരെ സ്വാധീനിക്കാൻ ശ്രമിച്ചെങ്കിലും റാണി കീഴടങ്ങുകയോ ഔദാര്യം സ്വീകരിക്കുകയോ ചെയ്തില്ല. അതുകൊണ്ട് അവർക്ക് സ്വന്തം മണ്ണിൽ തിരിച്ചെത്താനായില്ല.

രാജ്യഭ്രഷ്ടയാക്കപ്പെടുന്നതിനു മുമ്പ്, തന്റെ മകനായ ബിർജിസിനെ അവധിന്റെ ഭരണാധികാരിയായി അവർ വാഴിച്ചുവെങ്കിലും, അതു കുറച്ചു നാളേ നീണ്ടുനിന്നുള്ളൂ.

നേപ്പാളിൽ വച്ചാണ് ബീഗം അന്തരിക്കുന്നത്.

നേപ്പാളിലെ കാഠ്മണ്ഡുവിലുള്ള സെന്റർപാർക്കിലാണ് ബീഗം ഹസ്രത്ത് മഹലിന്റെ ശവകുടീരം സ്ഥിതി ചെയ്യുന്നത്. ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യസമരത്തിലുള്ള ബീഗത്തിന്റെ സംഭാവനകൾ കണക്കിലെടുത്ത്, 1962 ഓഗസ്റ്റ് 15 ന് മരണാനന്തരം ആദരിക്കുകയുണ്ടായി. 1984 മേയ് പത്തിന്, ബീഗത്തിന്റെ സ്മരണാർത്ഥം ഭാരതസർക്കാർ ഒരു സ്റ്റാമ്പ് പുറത്തിറക്കി.

ഭാരതം വീണ്ടും ഓർമിച്ചെടുക്കേണ്ട ഒരു വീരവനിതയാണ് ബീഗം ഹസ്രത്ത് മഹൽ.

**കാർഷികം**

**ജോഷി മുഞ്ഞനാട്ട്**

# താരമാകാൻ കൊങ്ങിണിച്ചെടിയും



**കൊ**ങ്ങിണിച്ചെടിയുടെ ജന്മനാട് അമേരിക്കയാണ്. മലയാളിയുടെ ഉദ്യാനക്കാഴ്ചയിലെ നിത്യസാന്നിധ്യം. വർഷം മുഴുവൻ പൂ ചൂടി നില്ക്കുന്ന നിത്യപുഷ്പിണിത്. ഇംഗ്ലീഷിൽ ലന്റാന എന്നാണു വിളിപ്പേര്. വൈവിധ്യമാർന്ന വർണഭേദങ്ങളോടെ പൂക്കൾ വിടർത്തുന്ന പല പുതിയ സങ്കരങ്ങളും നിലവിലുണ്ട്.


കൊങ്ങിണിച്ചെടിയിൽ പൂവിരിയുമ്പോൾ ആദ്യം മഞ്ഞനിറമായിരിക്കും. ക്രമേണ ഓറഞ്ച് കലർന്ന ചുവപ്പായി മാറുന്നു. വെള്ള, മഞ്ഞ, ഓറഞ്ച് തുടങ്ങി വിവിധതരം പൂക്കൾ വിരിയുന്നവയുമുണ്ട്. നല്ല ജൈവവളമായും ജൈവകീടനാശിനിയായും കർഷകർ ഇവ ഉപയോഗിച്ചുവരുന്നു.

സങ്കരയിനങ്ങൾ അധികവും 'ലന്റാന കമാറ' എന്ന വിഭാഗത്തിലാണു പെടുന്നത്. പുതിയ ഇനങ്ങളെ അവയുടെ രൂപം, നിറം, ഇലയുടെയും പൂവിന്റെയും വലിപ്പം തുടങ്ങിയവ അടിസ്ഥാനമാക്കി വേർതിരിക്കുന്നു.


ഉരുണ്ട ചെറിയ കായ്കളാണ് കൊങ്ങിണിച്ചെടികളിൽ ഉണ്ടാകുന്നത്. മഴക്കാലത്തോടനുബന്ധിച്ചുള്ള ആദ്യത്തെ രണ്ടു മാസങ്ങളിലാണ് കൊങ്ങിണിച്ചെടിയിൽ ഏറ്റവും അധികം പൂക്കൾ വിരിയുന്നത്. കൊങ്ങിണിച്ചെടികൾക്ക് അത്ര സുഖകരമല്ലാത്ത ഒരു ഗന്ധമുണ്ട്. നല്ല സൂര്യപ്രകാശം ഇഷ്ടപ്പെടുന്നു. വിത്തുപാകിയും തണ്ട് (കമ്പ്) മുറിച്ചുവച്ചും വളർത്താം. പൂന്തോട്ടങ്ങളിൽ അടിവളമായി ചാണകപ്പൊടിയോ കമ്പോസ്റ്റോ ചേർത്തു കൊടുത്താൽ കരുത്തോടെ വളരും. എത്ര കടുത്ത വരൾച്ചയെയും അതിജീവിക്കാനുള്ള കഴിവ് ഇവയ്ക്കുണ്ട്.

വരമ്പുകളിലും മറ്റും വേലിപോലെ നടാനും ചരിഞ്ഞ സ്ഥലങ്ങളിലും മലമ്പ്രദേശങ്ങളിലും മറ്റും മണ്ണൊലിപ്പു നിയന്ത്രിക്കാനും കൊങ്ങിണിച്ചെടി നട്ടുവളർത്താറുണ്ട്. ഇതിന്റെ ഉണങ്ങിയ ഇലകളും അവശിഷ്ടങ്ങളും ചാണകവുമായി കലർത്തിയാൽ ബയോഗ്യാസ് ഉത്പാദിപ്പിക്കുവാനും ഉത്തമം.

ഫെസ്റ്റിവൽ എന്ന സങ്കരയിനമാണ് ഏറ്റവുമധികം ശ്രദ്ധനേടിയിട്ടുള്ളത്. ചുവപ്പും മഞ്ഞയും പിങ്കും പൂക്കൾ ഇടകലർന്നു വരുന്ന ഈയിനം, പേര് സൂചിപ്പിക്കുന്നതുപോലെ നിറങ്ങളുടെ ഉത്സവമാണ്. സ്വർണമഞ്ഞനിറത്തിൽ പൂക്കൾ വിടർത്തുന്ന ന്യൂഗോൾഡാണ് മറ്റൊരു ശ്രദ്ധേയമായ ഇനം.



പാലാ രൂപതയിലെ 2020-2021 വർഷത്തെ മികച്ച വിശ്വാസപരിശീലകനുള്ള ഫാ. സെബാസ്റ്റ്യൻ നടയ്ക്കൽ അവാർഡിന് ഷാജി എ.കെ. ആവിമൂട്ടിൽ അർഹനായി. പാലാ കത്തീഡ്രൽ സൺഡേ സ്കൂൾ പ്രഥമാധ്യാപകനാണ്. 34 വർഷമായി വിശ്വാസപരിശീലനരംഗത്ത് പ്രവർത്തിക്കുന്ന ഇദ്ദേഹം റിട്ട. ഹെഡ്മാസ്റ്ററും ഇടവക ഗായകസംഘത്തിലെ പ്രധാനിയുമാണ്.




**ജൂൺ 20**
**ശ്ലീഹാക്കാലം**
**അഞ്ചാം ഞായർ**



നിയ. 1:33–46
ഏശ. 1:21–31
1 കോറി. 14:1–12
ലൂക്കാ. 12:22–34

**ഫാ. ആന്റണി ഞള്ളമ്പുഴ CMI**

# സൂര്യകാന്തിപ്പൂവ് സൂര്യനെ നോക്കുന്നപോലെ



“നമ്മൾ എങ്ങോട്ടാ പോകുന്നതെന്ന് എന്തെങ്കിലും രൂപമുണ്ടോ?” ലിയോബ്രദർ അസ്സീസിയിലെ ഫ്രാൻസീസിനോടു ചോദിച്ചു. അതിനു മറുപടിയായി ഫ്രാൻസീസ് പറഞ്ഞു: “നമുക്കെന്തിനാണു രൂപം? കർത്താവിനു രൂപമുണ്ട്. അതു മതി. നിങ്ങൾ സൂര്യകാന്തിപ്പൂവു കണ്ടിട്ടില്ലേ? അതിന്റെ നോട്ടം എപ്പോഴും സഹോദരൻ സൂര്യനിലാണ്. സൂര്യന്റെ യാത്രാപഥം നോക്കി അത് അനുസരണയോടെ കണ്ണുതിരിക്കുന്നു. നമുക്കും അങ്ങനെ ചെയ്യാം. എപ്പോഴും ദൈവത്തിൽ കണ്ണുകൾ ഉറപ്പിച്ചുവച്ച് യാത്ര.”

നിക്കോസ് കസൻദ്സാക്കിസിന്റെ സെന്റ് ഫ്രാൻസീസ് എന്ന നോവലിലെ ഒരു സംഭാഷണശകലമാണിത്. ഇന്നത്തെ തിരുവചനചിന്തകൾക്കുള്ള ചിന്തനീയമായ ഒരു ആമുഖം.

ഒരുവൻ തന്നെക്കുറിച്ചുള്ള ദൈവപദ്ധതികൾ മറന്നിട്ട് ഭാവിയെക്കുറിച്ച് തന്റെ ഉള്ളിലുള്ള പദ്ധതികൾ ഓരോന്നായി ദൈവത്തെ പറഞ്ഞുകേൾപ്പിക്കുകയാണ് അവിടത്തെ ചിരിപ്പിക്കാനുള്ള ഒരു നല്ല വഴി എന്നു പറയാറുണ്ട്. ‘ദൈവപരിപാലനയിൽ ആശ്രയം’ എന്ന ഇന്നത്തെ സുവിശേഷവായന ലൂക്കാസുവിശേഷകന്റെ ഭോഷനായ ധനികന്റെ ഉപമയുടെ തുടർച്ചയായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. മേല്പറഞ്ഞ ഉപമയിലെ പ്രധാന കഥാപാത്രമായ ധനികൻ സമൃദ്ധമായ വിളവു ലഭിച്ചപ്പോൾ തന്റെ മോഹനസുന്ദരഭാവി പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് സുവിശേഷകൻ അവതരിപ്പിക്കുന്നു: “ഞാൻ ഇങ്ങനെ ചെയ്യും, എന്റെ അറപ്പുരകൾ പൊളിച്ച്, കൂടുതൽ വലിയവ പണിയും; വിഭവങ്ങൾ സംഭരിക്കും. അനന്തരം ഞാൻ എന്റെ ആത്മാവിനോടു പറയും... തിന്നുകുടിച്ച് ആനന്ദിക്കുക.”

ഈ ധനവാൻ നിരത്തിവച്ച നീണ്ട ഭാവിപദ്ധതികളുടെ അവസാനം ദൈവത്തിന്റെ ചിരിയുടെ മുഴക്കം കേൾക്കാം: “ഭോഷാ, ഈ രാത്രി നിന്റെ ആത്മാവിനെ നിന്നിൽനിന്ന് ആവശ്യപ്പെടും...!”

സമ്പത്തിൽ ആശ്രയിക്കാതെ സമ്പത്തു വർഷിക്കുന്ന ദൈവത്തിൽ (റോമാ 10:12) ആശ്രയിക്കാനും ദൈവപരിപാലനയിൽ ശരണപ്പെടാനുമുള്ള ആഹ്വാനമാണ് തുടർന്ന് സുവിശേഷകൻ അവതരിപ്പിക്കുന്ന ഇന്നത്തെ വചനഭാഗം.

ആകാശങ്ങളിലിരിക്കുന്നവന്റെ ആകാശം മാത്രം തന്റെ അവകാശമാക്കിയ ഒരു സന്ന്യാസി രോഗിയായി. നാളുകൾ നീണ്ട ചികിത്സയ്ക്കുശേഷം ആ സന്ന്യാസി പറഞ്ഞു: ‘‘ഇനി എനിക്കു ഭൂമിയുടെ ചികിത്സ വേണ്ട. ആകാശത്തിന്റെ ചികിത്സ മതി.” ഇന്നത്തെ തിരുവചനചിന്തയും തരുന്നത് ഈ മനോഹരമായ ബോധ്യമാണ്. മണ്ണിൽ കാലുകുത്തി നടക്കുമ്പോഴും വിണ്ണിൽ കണ്ണുനട്ട് ജീവിക്കണം എന്ന മനോഹരമായ ബോധ്യം! വിണ്ണിനെ നോക്കി പുഞ്ചിരിച്ച് മണ്ണിനെ തഴുകിയൊഴുകുന്ന പുഴപോലെ, സ്വർഗോന്മുഖമായ ഒരു പ്രയാണം.

വിണ്ണിൽ നോക്കി നടന്നവർ മണ്ണിൽ ദൃഷ്ടി പതിപ്പിച്ച ഒരു കഥ വിശുദ്ധഗ്രന്ഥത്തിലുണ്ട്. ഇസ്രായേൽജനത ജോഷ്വയുടെ നേതൃത്വത്തിൽ ഗിൽഗാലിൽ താവളമടിച്ചു. അവർ ആ ദേശത്തെ വിളവിൽനിന്നു ണ്ടാക്കിയ അപ്പം ഭക്ഷിച്ചു. പിറ്റേന്നുമുതൽ മന്നാ വർഷിക്കാതായി. ഇസ്രായേൽജനത്തിന് പിന്നീട് മന്നാ ലഭിച്ചില്ല (ജോഷ്വാ 5:12).

അവർ പിന്നീട് കാനാൻ ദേശത്തെ ഫലങ്ങൾകൊണ്ട് ഉപജീവനം നടത്തിവന്നു. വിണ്ണിൽനിന്നു വീണുകിട്ടിയിരുന്ന മന്നാ തിന്നു കഴിഞ്ഞവർ അങ്ങനെ മണ്ണിന്റെ ഫലങ്ങൾ ആഹരിക്കുന്നവരായി. മണ്ണിലായിരിക്കുമ്പോഴും വിണ്ണിനെ മറക്കാത്തവരായിരിക്കണമെന്ന മനോഹരമായ ബോധ്യവും ഇതിൽ ചാലിച്ചുചേർത്തിരിക്കുന്നതായി തോന്നാം.

വിശുദ്ധ ഡോൺ ബോസ്കോയുടെ ഭാഷയിൽ ഒരു ക്രൈസ്തവൻ കാലുകൊണ്ട് ഭൂമിയിൽ നടക്കണം. ഹൃദയംകൊണ്ട് സ്വർഗത്തിലായിരിക്കണം. സഭാപ്രസംഗകൻ എന്ന ഗ്രന്ഥത്തിൽ പലവട്ടം ആവർത്തിക്കുന്നു, ‘‘സൂര്യനു കീഴേ’ ‘സൂര്യനു താഴേ’ എന്നീ പദക്കൂട്ടുകൾ. ‘മിഥ്യ’ എന്ന പദവും പലവട്ടം ഇതിൽ ആവർത്തിക്കുന്നു. ‘സൂര്യനു കീഴേ’ (മണ്ണിൽ മാത്രം) കണ്ണുനട്ടുള്ള ജീവിതം മിഥ്യയാണ് നിരർത്ഥകമാണ് എന്ന് ഓർമപ്പെടുത്തുന്നതുപോലെയുള്ള ഒരു ആവർത്തനം! തിരുവചനങ്ങൾ അത് വീണ്ടും ആവർത്തിക്കുന്നു:

‘‘ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്ന ക്രിസ്തു വസിക്കുന്ന ഉന്നതത്തിലുള്ളവയെ അന്വേഷിക്കുവിൻ. ഭൂമിയിലുള്ള വസ്തുക്കളിലല്ല; പ്രത്യുത, ഉന്നതത്തിലുള്ളവയിൽ ശ്രദ്ധിക്കുവിൻ” (കൊളോ. 3:1–2).

“ഉത്തമവും പൂർണവുമായ എല്ലാ ദാനങ്ങളും ഉന്നതത്തിൽനിന്ന് ... പ്രകാശങ്ങളുടെ പിതാവിൽനിന്നു വരുന്നു” (യാക്കോ. 1:17).

‘‘ഉന്നതത്തിൽനിന്നുള്ള ജ്ഞാനം ഒന്നാമത് ശുദ്ധവും പിന്നെ സമാധാനപൂർണവും വിനീതവും വിധേയത്വമുള്ളതും കാരുണ്യവും സദ്ഫലങ്ങളും നിറഞ്ഞതുമാണ്” (യാക്കോ. 3:17).

**ആദ്യം തേടേണ്ടത് ആദ്യം തേടുക**

“നിങ്ങൾ അവിടുത്തെ രാജ്യം അന്വേഷിക്കുവിൻ. ഇവയെല്ലാം അതോടൊപ്പം നിങ്ങൾക്കു ലഭിക്കും” (ലൂക്കാ 12:31).

‘‘നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും” (മത്താ. 6:33)

‘‘ഞാൻ കർത്താവിനെ തേടി, അവിടുന്ന് എനിക്കുത്തരമരുളി, സർവഭയങ്ങളിലുംനിന്ന് അവിടുന്ന് എന്നെ മോചിപ്പിച്ചു” (സങ്കീ. 34:14).

കർത്താവാണ് എന്റെ ഇടയൻ; എനിക്കൊന്നിനും കുറവുണ്ടാവുകയില്ല” (സങ്കീ. 23:1).

“ഞാൻ ലജ്ജിക്കുന്നില്ല. എന്തെന്നാൽ, ആരിലാണ് ഞാൻ വിശ്വാസമർപ്പിച്ചിരിക്കുന്നതെന്ന് എനിക്കറിയാം’’ (2തിമോ. 1:12).

ആദ്യം തേടേണ്ടത് ആദ്യം തേടുക. തേടേണ്ടതു തേടിയാൽ കിട്ടേണ്ടതു കിട്ടും. ചോദിക്കേണ്ടതു ചോദിച്ചാൽ ചോദിക്കാത്തതുംകൂടി ലഭിക്കും. ദാവീദ് രാജാവിന്റെയും ജ്ഞാനിയായ സോളമന്റെയും ജീവിതകഥകളിൽ ഈ പരമാർത്ഥമുണ്ട്. ദാവീദ് ദൈവത്തിന് ഒരു ആലയം പണിയാൻ ആഗ്രഹിച്ചു. ആലയം നിർമിച്ചത് ദാവീദ് അല്ലെങ്കിലും ആ ഒരു ആഗ്രഹത്തിന്റെ പേരിൽ, ഒരു നിമിഷത്തെ ദൈവവിചാരത്തിൽ സംപ്രീതനായി ദൈവം ദാവീദിന്റെ ഭവനത്തെ അനുഗ്രഹിച്ചു. സോളമൻ ദൈവത്തോടു നന്മതിന്മകളെ തിരിച്ചറിഞ്ഞ് ജനത്തെ നയിക്കാനുള്ള ജ്ഞാനവും വിവേകവും മാത്രം ചോദിച്ചു. ആ ആഗ്രഹത്തിൽ സംപ്രീതനായ ദൈവം സോളമൻ ചോദിക്കാത്തതുംകൂടി നല്കി അനുഗ്രഹിച്ചു.

ഖലീൽ ജിബ്രാന്റെ ‘മനുഷ്യപുത്രനായ യേശു’ എന്ന ഗ്രന്ഥത്തിൽ സെബദിയുടെ പുത്രനായ യാക്കോബ് തന്റെ അനുഭവം പങ്കുവയ്ക്കുമ്പോൾ പറയുന്ന ഒരു ഭാഗം ഇപ്രകാരമാണ്:

ശിമയോൻ പത്രോസ് മുന്നോട്ടുവന്ന് ഇങ്ങനെ പറഞ്ഞു: “ഇരുട്ടത്ത് ഞങ്ങളെ തനിച്ചുവിടരുതേ. നീ ഞങ്ങളോടുകൂടെയുണ്ടായാൽ പ്രഭാതം ഞങ്ങളെ വൈകാതെ കണ്ടെത്തും.” യേശു പത്രോസിനോടു പറഞ്ഞു: “...മനുഷ്യപുത്രനു തലചായ്ക്കാനിടമില്ല. തീർച്ചയായും എനിക്കിന്നു തനിച്ചാകണം. എന്നാൽ, നിങ്ങൾക്കെന്നെ കാണണമെന്നു തോന്നിയാൽ ഞാൻ തടാകത്തിനരികെ കാണും.” ഭാരിച്ച മനസ്സുകളോടെ ഞങ്ങളവനെ വിട്ടു നടന്നകന്നു. അവനെ വിട്ടുപോകാൻ ഞങ്ങൾക്കു മനസ്സുണ്ടായിരുന്നില്ല. പല തവണ ഞങ്ങൾ തിരിഞ്ഞുനിന്ന് അവനെ നോക്കി. അവന്റെ ഏകാന്തതയിൽ അവനെ തിരിഞ്ഞു നോക്കാത്തതായി ഞങ്ങളുടെ കൂട്ടത്തിൽ യൂദാസ് സ്കറിയോത്താ മാത്രമേയുണ്ടായിരുന്നുള്ളൂ. ■

# കെ.സി.ബി.സി. കമ്മീഷൻ സെക്രട്ടറിമാർ


ഫാ. മൈക്കിൾ പുളിക്കൽ


ഫാ. ജോസ് വടക്കേക്കുറ്റ്


ഫാ. ഷിജു ഐക്കരകാനായിൽ

കെസിബിസി ജാഗ്രത കമ്മീഷന്റെ സെക്രട്ടറിയായി സി.എം.ഐ. മൂവാറ്റുപുഴ കാർമൽ പ്രൊവിൻസ് അംഗമായ ഫാ. മൈക്കിൾ പുളിക്കലിനെയും, കെസിബിസി എസ്സി/എസ്ടി/ബിസി കമ്മീഷൻ സെക്രട്ടറിയായി പാലാ രൂപതാംഗമായ ഫാ. ജോസ് വടക്കേക്കുറ്റിനെയും, വൊക്കേഷൻ കമ്മീഷന്റെ ഭാഗമായ ചെറുപുഷ്പ മിഷൻലീഗിന്റെ സംസ്ഥാന സെക്രട്ടറിയായി മാനന്തവാടി രൂപതാംഗമായ ഫാ. ഷിജു ഐക്കരകാനായിലിനെയും കേരള കത്തോലിക്കാ മെത്രാൻസമിതി നിയമിച്ചു.

# കൊവിഡിന്റെ രണ്ടാംവരവും ചികിത്സാമാനദണ്ഡങ്ങളും



ഡോ. ജോർജ് തയ്യിൽ

ഇരട്ടജനിതകവ്യതിയാനം സംഭവിച്ച കൊറോണ വൈറസ് ഇന്ത്യൻ വേരിയന്റ് ബി വൺ 617 എന്ന നൂതനനാമധേയത്തിൽ രാജ്യത്തുടനീളം വിനാശം വിതയ്ക്കുന്നു.

കഴിഞ്ഞവർഷം കൊവിഡ് രോഗഭീഷണി നേരിടുന്നതിനു സംവിധാനം ചെയ്ത ക്രിയാത്മകമായ എല്ലാ കർമപദ്ധതികളും പിന്നീടു തണുത്തു. വ്യാപകമായ ബോധവത്കരണപരിപാടികളും മുൻകരുതലുകളും കഴിഞ്ഞ വർഷാവസാനത്തോടെ തീർത്തും കുറഞ്ഞുപോയി. തത്ഫലമായാണ് അതിവേഗം രോഗം വ്യാപിച്ചത്.

ആരൊക്കെ ആശുപത്രിയിൽ പ്രവേശിച്ച് ചികിത്സ തേടണം എന്നതിനെപ്പറ്റി ഏറെ ദുരൂഹതകളും സംശയങ്ങളും ഇപ്പോഴും നിലനിൽക്കുന്നു. കൊവിഡ് ടെസ്റ്റ് പോസിറ്റീവായവരിൽ ശ്വാസതടസ്സവും പ്രാണവായുവിന്റെ രക്തത്തിലെ സാന്ദ്രതയും അടിസ്ഥാനമാക്കിയാണ് ചികിത്സ നിശ്ചയിക്കുന്നത്. പ്രകടമായ രോഗലക്ഷണങ്ങളില്ലാത്തവർ കാറ്റഗറി 'എ' യാണ്. തീവ്രമല്ലാത്ത പനി, ചുമ, മൂക്കൊലിപ്പ്, വയറിളക്കം, തലവേദന എന്നിവ മാത്രമാണ് ഇക്കൂട്ടരിൽ കാണുക. പൾസ് ഓക്സീമീറ്റർ വച്ചു നോക്കിയാൽ ഇക്കൂട്ടരിലെ ഓക്സിജൻ ശതമാനം 94 ൽ കൂടിയിരിക്കും. ഗൗരവമല്ലാത്ത രോഗലക്ഷണങ്ങളുള്ള ഇക്കൂട്ടർ വീട്ടിലിരുന്നു വിശ്രമിച്ചാൽ മതിയാകും. ധാരാളം വിശ്രമം, എട്ടു മണിക്കൂറിൽ കൂടുതൽ ഉറക്കം, രണ്ടു ലിറ്ററോളം ചൂടുവെള്ളം കുടിക്കുക, വേദനയുണ്ടെങ്കിൽ പാരസെറ്റാമോൾ ഗുളിക തുടങ്ങിയ പരിരക്ഷകൾ മതിയാകും. ഇക്കൂട്ടർ രോഗലക്ഷണങ്ങൾ വഷളായാൽ മാത്രം ആശുപത്രിയുമായി ബന്ധപ്പെടുക.

കാറ്റഗറി 'ബി' യിൽപ്പെട്ടവർക്ക് ഓക്സിജൻ സാന്ദ്രത 94 ശതമാനത്തിൽ കുറവായിരിക്കും. ഇവർക്ക് കാറ്റഗറി 'എ' യിൽപ്പറഞ്ഞ രോഗലക്ഷണങ്ങളോടൊപ്പം വർദ്ധിച്ച ശ്വാസതടസ്സം, പനി, തളർച്ച തുടങ്ങിയവ കൂടുതലായുണ്ടാകാം. കൂടാതെ, ഹൃദ്രോഗം, പ്രമേഹം, പ്രഷർ, അർബുദം, എയ്ഡ്സ് തുടങ്ങിയ രോഗാവസ്ഥകളുള്ളവരെയും ഗർഭിണികളെയും സ്റ്റിറോയ്ഡുകൾ കഴിക്കുന്നവരെയും കാറ്റഗറി 'ബി' യിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇവരെ സെക്കൻഡ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിൽ പ്രവേശിപ്പിച്ചു ചികിത്സിക്കാം. ഈ വിഭാഗത്തിൽപ്പെട്ടവർക്ക് 'സെക്കൻഡറി ഇൻഫക്ഷൻ' ഇല്ലെങ്കിൽ ആന്റിബയോട്ടിക്കുകൾ ആവശ്യമില്ലെന്നാണ് പുതിയ മാർഗരേഖ പറയുന്നത്.

രക്തത്തിലെ ഓക്സിജന്റെ സാന്ദ്രത 90 ൽ കുറവുള്ളവർ ഗുരുതരാവസ്ഥയിലുള്ള രോഗികളാണ്. അതായത് കാറ്റഗറി 'സി'. വർദ്ധിച്ച ശ്വാസംമുട്ടൽ, നെഞ്ചുവേദന, കുറഞ്ഞ ബി.പി., കഫത്തിൽ രക്തം, ഭക്ഷണം ഇറക്കാൻ പറ്റാത്ത അവസ്ഥ, കലശലായ തളർച്ച, മറ്റു രോഗങ്ങളുടെ തീവ്രത തുടങ്ങിയ ലക്ഷണങ്ങളുള്ളവരെ വെന്റിലേഷൻ സൗകര്യമുള്ള ആശുപത്രിയിൽ അഡ്മിറ്റു ചെയ്യണം. ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ഓക്സിജൻ ചികിത്സയോടൊപ്പം സ്റ്റിറോയ്ഡുകളും ആവശ്യമായി വരും. അഞ്ചുമുതൽ പത്തുദിവസം വരെ കൊടുക്കുന്ന സ്റ്റിറോയ്ഡ് ചികിത്സ കാറ്റഗറി 'സി' യിലുള്ള രോഗികൾക്ക് ഏറെ ഗുണം ചെയ്യുമെന്ന് ഈയിടെ പുറത്തുവന്ന 'റിക്കവറി ട്രയൽ' വ്യക്തമാക്കി.



വിവിധതരം വാക്സിനുകളെപ്പറ്റി പലർക്കും ആശങ്കകളുണ്ട്. ഏതാണു മെച്ചം? ഏതാണ് അപകടകാരി? രോഗാണുവിന്റെ ജനിതകഘടന മനസ്സിലാക്കിയാണ് വാക്സിൻ ഉത്പാദിപ്പിക്കുക. ഇതിന് നിഷ്ക്രിയമാക്കപ്പെട്ട രോഗാണുവിന്റെ അംശങ്ങളാണ് ഉപയോഗിക്കുന്നത്. ഉദാഹരണത്തിന് കോവിഷീൽഡ് ചിമ്പാൻസികളിലെ അഡിനോ വൈറസിൽ കൊറോണ വൈറസിന്റെ സ്പൈക്ക് പ്രോട്ടീൻ സന്നിവേശിപ്പിച്ച് നിർമിക്കുന്നു. നിരുപദ്രവകാരികളായ അഡിനോ വൈറസുകളെ വാഹനമായി ഉപയോഗിച്ചാണ് കൊവിഡ് പ്രോട്ടീൻ ഘടകം മനുഷ്യശരീരത്തിൽ കുത്തിവയ്ക്കുന്നത്. ആദ്യത്തെ കുത്തിവയ്പ്പിനുശേഷം 74 ശതമാനവും രണ്ടാമത്തെ ഡോസിനുശേഷം 84 ശതമാനവും കൊവിഡിനെ പ്രതിരോധിക്കാൻ കെല്പുള്ള ആന്റിബോഡികൾ ശരീരത്തിലുണ്ടാകുന്നു. കുത്തിവയ്പ്പുകൾക്കിടയിലുള്ള സമയം 2–3 മാസങ്ങൾ നീട്ടിയാൽ പ്രതിരോധശക്തി വീണ്ടും വർദ്ധിക്കുന്നു. ഓക്സ്ഫഡും അസ്ട്രോസെനിക്ക ഫാർമകമ്പനിയും സംയുക്തമായി വികസിപ്പിച്ചെടുത്തതാണ് കോവിഷീൽഡ്. ഇത് പൂനയിലെ സിറം ഇൻസ്റ്റിറ്റ്യൂട്ട് നിർമിക്കുന്നു.

ഐ.സി.എം.ആറും ഭാരത് ബയോടെക് കമ്പനിയും ചേർന്ന് വികസിപ്പിച്ചെടുത്ത കോവാക്സിൻ പരമ്പരാഗതമായ വാക്സിൻ നിർമാണശൈലിയിലാണ് ഉത്പാദിപ്പിച്ചത്. നിഷ്ക്രിയമാക്കപ്പെട്ട കൊറോണ വൈറസ്തന്നെയാണ് കോവാക്സിൻ. ഇന്ത്യയുടെ സ്വന്തം കണ്ടുപിടിത്തമായ കോവാക്സിൻ ഇപ്പോൾ പ്രചുരപ്രചാരം നേടുന്നു.

രോഗത്തെ 94 ശതമാനം വരെ ചെറുക്കാൻ ശക്തിയുണ്ടെന്ന് അവകാശപ്പെടുന്ന ഫൈസർ വാക്സിൻ വൈറസിന്റെ ജനിതകപദാർത്ഥമായ എം.ആർ.എൻ.എ. ഉപയോഗിച്ചാണ് നിർമിച്ചിരിക്കുന്നത്. ഇതു മൈനസ് എഴുപതു ഡിഗ്രി സെൽഷ്യസിൽ വേണം സൂക്ഷിക്കാൻ. അതുപോലെ അമേരിക്കയുടെ മൊഡേണ വാക്സിനും ജോൺസൺ വാക്സിനും റഷ്യ നിർമിക്കുന്ന സ്പുട്നിക് വി.യും ചൈനയുടെ സിനോവാക് വാക്സിനും ഇതിനകം ലോകമെമ്പാടും ഉപയോഗിച്ചുതുടങ്ങിയിരിക്കുന്നു. റഷ്യയുടെ സ്പുട്നിക് വാക്സിൻ ഈ മാസം ഇന്ത്യയിൽ ഉപയോഗിച്ചുതുടങ്ങും. ഓരോ വാക്സിനും വിവിധ ശാസ്ത്രീയ മാനദണ്ഡങ്ങളിൽ നിർമിക്കപ്പെട്ടതുകൊണ്ട് പ്രതിരോധശക്തി വർദ്ധിപ്പിക്കുന്നതിലും പാർശ്വഫലങ്ങളിലും വ്യതിരിക്തതകളുണ്ട്. എല്ലാ വാക്സിനുകളും പൊതുവെ നിസ്സാരപാർശ്വഫലങ്ങൾ മാത്രമാണുണ്ടാക്കുന്നത്. നേരിയ പനി, തലവേദന, ശാരീരികാസ്വാസ്ഥ്യം, വയറിളക്കം, തളർച്ച തുടങ്ങിയവ ഒന്നുരണ്ടു ദിവസങ്ങൾക്കകം അപ്രത്യക്ഷമാകും. കൂടിവന്നാൽ ഒരു പാരസെറ്റാമോൾ ഗുളിക മാത്രം മതിയാകും.

ഹാർട്ടറ്റാക്ക്, ആൻജിയോപ്ലാസ്റ്റി, ബൈപ്പാസ് സർജറി, വാൽവ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, സ്ട്രോക്ക് തുടങ്ങിയവയ്ക്കുശേഷം വാക്സിനെടുക്കുന്നതിനെപ്പറ്റി അനേകം സംശയങ്ങൾ നിലനിൽക്കുന്നു. ഹാർട്ടറ്റാക്കും സ്ട്രോക്കും കഴിഞ്ഞാൽ ഒന്നുരണ്ടു മാസങ്ങൾക്കുശേഷം വാക്സിനെടുക്കാം. ആൻജിയോപ്ലാസ്റ്റിയോ ബൈപ്പാസ് സർജറിയോ കഴിഞ്ഞവർ വാക്സിനെടുക്കുന്നതിൽ അപകടമില്ല. മാത്രമല്ല, തീർച്ചയായും എടുക്കുക തന്നെ വേണം. ഹൃദയാഘാതവും വിവിധ ചികിത്സകളും കഴിഞ്ഞ് രക്തം നേർപ്പിക്കുന്ന മരുന്നുകൾ (ആസ്പിരിൻ, ക്ലോപിഡോഗ്രേൽ) എടുക്കുന്നവർ ഇവ തുടർന്നുകൊണ്ടുതന്നെ വാക്സിനെടുക്കണം. യാതൊരു കാരണവശാലും ഈ ഔഷധങ്ങൾ നിർത്തരുത്. ഇക്കൂട്ടർക്ക് വാക്സിനെടുത്താൽ രക്തം കട്ടപിടിക്കുകയും രക്തസ്രാവമുണ്ടാകുകയും ചെയ്യുമെന്ന വാർത്തകൾ അടിസ്ഥാനരഹിതമാണ്. കൃത്രിമഹൃദയവാൽവുകൾ വച്ചുപിടിപ്പിച്ച രോഗികൾ രക്തം നേർപ്പിക്കുന്ന മരുന്നുകളായ 'വാർഫ്', 'ആസിട്രോം' തുടങ്ങിയവ എടുക്കുന്നുണ്ടെങ്കിൽ അതിന്റെ പരിശോധനാസൂചകമായ ഐ.എൻ.ആർ. 3ൽ കുറഞ്ഞിരിക്കണമെന്നുണ്ട്. കൂടുതലുണ്ടെങ്കിൽ കുറച്ചിട്ടുമാത്രം വാക്സിനെടുക്കുക.

വാക്സിനെടുത്ത ചിലരിൽ രക്തം കട്ടപിടിക്കാനുള്ള സാധ്യതകളേറിയെന്നും ഹാർട്ടറ്റാക്കും സ്ട്രോക്കും മരണംതന്നെയും സംഭവിച്ചെന്നും വാർത്തകൾ വന്നു. പ്രത്യേകിച്ച് ആസ്ട്രസെനിക്ക വാക്സിനെതിരായാണ് ഇത്തരം പരാതികൾ ഉണ്ടായത്. തദ്ഫലമായി യൂറോപ്പിലത് കുറച്ചുകാലത്തേക്കു നിരോധിക്കുകയും ചെയ്തു. വാക്സിനെടുത്തശേഷം ശ്വേതരക്താണുക്കളുടെ എണ്ണം കുറയുന്നതായും അതേത്തുടർന്ന് രക്തം കട്ടപിടിക്കുന്നതായും കണ്ടുവെന്നാണ് റിപ്പോർട്ട്. എന്നാൽ, ഈ പരാതികൾ അത്യപൂർവമാണെന്നും വാക്സിനെടുക്കുന്നതുമായി ബന്ധപ്പെടുത്തി കാണരുതെന്നും ലോകാരോഗ്യസംഘടന പ്രസ്താവിച്ചു. അതുപോലെ വാക്സിനെടുത്തശേഷം ഹാർട്ടറ്റാക്കും സ്ട്രോക്കും മരണംതന്നെയും സംഭവിച്ചുവെന്നത് അടിസ്ഥാനരഹിതമെന്നു പിന്നീട് തെളിഞ്ഞു. രൂക്ഷമായിരുന്ന ഏതെങ്കിലും അപകടഘടകങ്ങളുള്ളവർ, അതായത്, ഹാർട്ടറ്റാക്കിനും സ്ട്രോക്കിനുമുള്ള വർദ്ധിച്ച സാധ്യതയുള്ളവർ സ്വാഭാവികമായി സംഭവിച്ച രോഗാവസ്ഥയെ വാക്സിനേഷനുമായി ബന്ധപ്പെടുത്തി ചിന്തിക്കുന്ന പ്രശ്നങ്ങളായി മാത്രം അവ അവശേഷിച്ചു. വാക്സിനെടുത്തതുകൊണ്ട് അറ്റാക്കോ സ്ട്രോക്കോ ഉണ്ടായി എന്നതിന് ഒരു തെളിവുമില്ല.

അതുപോലെ, അമിത രക്തസമ്മർദമുള്ളവർ, പ്രമേഹരോഗികൾ, ആസ്ത്മയോ ശ്വാസകോശരോഗങ്ങളോ ഉള്ളവർ, കരൾരോഗികൾ, വൃക്കരോഗികൾ തുടങ്ങിയവരെല്ലാം വാക്സിൻ എടുക്കുന്നതിൽ വൈമുഖ്യം കാണിക്കരുത്. കരൾരോഗികളിലെ ഐ.എൻ.ആർ. മൂന്നിൽ കുറഞ്ഞിരിക്കണെന്നു മാത്രം. അതുപോലെ പ്രമേഹവും പ്രഷറുമൊക്കെ തീർച്ചയായും നിയന്ത്രണവിധേയമായിരിക്കണം. 18 വയസ്സിൽ കുറഞ്ഞവർ, ഗർഭിണികൾ, മുലയൂട്ടുന്നവർ തുടങ്ങിയവർക്ക് വാക്സിൻ നൽകുന്നതിൽ ഇതുവരെ നിർദേശങ്ങളുണ്ടായിട്ടില്ല.

കൊവിഡ്ബാധ തടയാൻ ജീവിതശൈലിയിൽ ഏറെ വ്യതിയാനങ്ങൾ ഉണ്ടാവണം. ഈ രംഗത്ത് ആന്റിബയോട്ടിക്കുകളും വൈറ്റമിനുകളും ഏറെ ദുരുപയോഗം ചെയ്യപ്പെടുന്നുണ്ട്. നമ്മുടെ ശരീരത്തിന്റെ ആരോഗ്യംതന്നെയാണ് ഏറ്റവും വലിയ പ്രതിരോധം. അതുകൊണ്ട്, ആരോഗ്യം നിലനിർത്താനുള്ള ക്രിയാത്മകപദ്ധതികൾ സംവിധാനം ചെയ്യുക. എട്ടു മണിക്കൂർ ഉറക്കം, കൃത്യമായ വ്യായാമം, ധാരാളം ചൂടുവെള്ളം കുടിക്കുക, ദിവസേന 3–4 പ്രാവശ്യം 'സ്റ്റീം ഇൻഹലേഷൻ' ചെയ്യുക. പഴങ്ങളും പച്ചക്കറികളുമടങ്ങുന്ന സമീഹൃതാഹാരം കഴിക്കുക. വിവിധ രോഗങ്ങളുള്ളവർ ചികിത്സകന്റെ നിർദേശപ്രകാരമുള്ള ഔഷധങ്ങൾ കൃത്യമായി സേവിക്കുക. ഹൃദ്രോഗമോ മറ്റു രോഗങ്ങളോ തീവ്രമായാൽ മടിക്കാതെ ആശുപത്രിയിലെത്തുക, മാറ്റിവയ്ക്കാവുന്ന ചികിത്സകൾ, ശസ്ത്രക്രിയകൾ എന്നിവ വാക്സിനേഷനുശേഷം ചെയ്യുക. എപ്പോഴും ശുഭാപ്തിവിശ്വാസമുള്ളവരായിരിക്കുക, നല്ലതു ചിന്തിക്കുകയും പറയുകയും പ്രവർത്തിക്കുകയും ചെയ്യുക: ഓർക്കുക, ഈ ഭീഷണമായ രോഗവ്യാപനത്തെ നാം തീർച്ചയായും അതിജീവിക്കും. ■

# ശൂന്യത നിറയ്ക്കുന്ന കരുണാർദ്രസ്നേഹം



ഡോ. ജോയി ഫ്രാൻസീസ്

മാനവചരിത്രത്തിലെ വിവിധ മേഖലകളിൽ 'മഹാന്മാർ' എന്നു വിശേഷിപ്പിക്കപ്പെടുന്ന വിജ്ഞാനികളും തത്ത്വചിന്തകന്മാരും കലാകാരന്മാരും ശാസ്ത്രജ്ഞരും കണ്ടെത്തിയ പൊതുജീവിതാനുഭവമാണ് മനുഷ്യജീവിതത്തിന്റെ 'സത്തസ്വഭാവം' (Being) 'അപൂർണമാണ്' എന്നത്. ഇപ്പോളുള്ളതിനെക്കാൾ വലിയ ഒന്നിനുവേണ്ടിയുള്ള തൃഷ്ണ നരജന്മത്തെ അസ്വസ്ഥമാക്കുന്നുണ്ട്. പൂർണതയ്ക്കുവേണ്ടിയുള്ള മനുഷ്യന്റെ അഭിവാഞ്ഛ മനുഷ്യജീവിതത്തിന്റെ അർത്ഥംതേടിയുള്ള അലച്ചിലിലേക്കു നയിക്കാം. അനുഭവിച്ചുതീർത്ത സുഖസന്തോഷങ്ങളിൽ മനംമടുത്ത് പുതിയ അനുഭൂതികൾ തേടിയുള്ള പ്രയാണങ്ങളാകാം, സ്വന്തം സ്വത്വം സാക്ഷാത്കരിക്കാനാവാത്തതിലുള്ള അസ്തിത്വദുഃഖത്തിലാഴ്ത്താം. ഇവയിൽ ഒന്നോ അതിലധികമോ ഒരുവന്റെ സ്വസ്ഥതയെ ഇല്ലാതാക്കാം. എന്തെല്ലാം നേടിയെടുത്താലും സ്ഥായിയായ എന്തോ ഒന്നിന്റെ കുറവ് പലരുടെ ജീവിതത്തിലും ഒരു 'ശൂന്യസ്ഥലം' (Vaccum) സൃഷ്ടിക്കുന്നുണ്ട്.

പ്രകൃത്യാ ശൂന്യസ്ഥലത്തിനു സ്ഥിരതയില്ല. ശൂന്യതയെ ഇല്ലായ്മ ചെയ്യാനുള്ള പ്രവണത സഹജമാണ്. ജീവിതത്തിലനുഭവപ്പെടുന്ന ശൂന്യത നികത്താനായി പലപ്പോഴും തിരഞ്ഞെടുക്കുന്നത് വിനാശകരവും തികച്ചും ഋണാത്മകവുമായ വഴികളാണ്. ദ്രവ്യാഗ്രഹം (വിഗ്രഹാരാധനതന്നെയായ ദ്രവ്യാഗ്രഹം), അധികാരമോഹം, ജഢികാസക്തി, വൈര്യനിര്യാതനപ്രവണത, മദ്യാസക്തി, മയക്കുമരുന്നുകളോടുള്ള അടിമത്തം, നൈരാശ്യം, അവസാനം ആത്മഹത്യാപ്രവണത.

ഇഹലോകജീവിതത്തോടുള്ള വികലമായ വീക്ഷണങ്ങളും സ്വാർത്ഥലക്ഷ്യങ്ങൾ നേടിയെടുക്കാനുള്ള കുത്സിതപ്രവൃത്തികളും നമ്മുടെ മനോവ്യാപാരങ്ങളെ വിഷാദകലുഷിതമാക്കാറുമുണ്ട്. ജീവിതത്തിലുരുത്തിരിയുന്ന ശൂന്യത, പല വ്യക്തികളെയും ലൗകികഭ്രമങ്ങളിലൂടെ ലഭിക്കുന്ന ചില സുഖാസക്തികളുടെ ആരാധകരാക്കുന്നു. ഉദാഹരണം, ദ്രവ്യാസക്തി. ദ്രവ്യം ആരാധനാമൂർത്തിയാകുമ്പോൾ വ്യക്തി ദ്രവ്യത്തിന്റെ ഉപാസകനാകുന്നു. ഉപാസന ആരാധനയിലേക്കും ആരാധന അടിമത്തത്തിലേക്കും നയിക്കുന്ന സ്വഭാവരൂപാന്തരീകരണത്തിന് (metamorphosis) ഇടയാക്കുന്നു.

"പത്തുകിട്ടുകിൽ നൂറു മതിയെന്നും
ശതമാകിൽ സഹസ്രം മതിയെന്നും
ആയിരം പണം കൈയിലുണ്ടാകുമ്പോൾ
അയുതമാകിലാശ്ചര്യമെന്നതും
ആശയാകുന്ന പാശമതിങ്കേന്ന്
വേറിടാതെ കരേറുന്നു മേൽക്കുമേൽ."

ആസക്തികൾ അടിത്തട്ടില്ലാത്ത കൂപമാണ്. എത്ര പകർന്നാലും നിറയാത്ത പൊട്ടക്കിണറാണ്. ജഢികാസക്തി, അധികാരഭ്രമം, മദ്യാസക്തി... ഇവയൊന്നും മനുഷ്യമനസ്സിനെ പൂർണസംതൃപ്തിയിലേക്കു നയിക്കുന്നില്ല. സംസ്കൃതഭാഷയിൽ പത്തുകോടി എന്ന സംഖ്യയ്ക്ക് 'അർബുദം' എന്ന സംജ്ഞയാണുപയോഗിക്കുന്നത്. എത്ര അർത്ഥപുഷ്കലമാണ് ആ നാമം. ജീവകോശങ്ങൾ അമിതമായും അനാവശ്യമായും പെരുകുന്നതാണ് അർബുദം അഥവാ ക്യാൻസർ. അർബുദത്തിന്റെ പരിണതഫലം മരണം. അതുതന്നെയാണ് വ്യക്തിജീവിതത്തിലെ ആസക്തികൾ അർബുദമായിത്തീരുന്നതിന്റെ പരിണാമസിദ്ധിയും.

ജീവിതത്തിൽ അനുഭവപ്പെടുന്ന ശൂന്യതയിലേക്കു പകർന്നു നിറയ്ക്കാവുന്ന ഒന്നേയുള്ളൂ– സ്നേഹം. മറ്റൊന്നിനും പകരം നില്ക്കാനാവാത്ത സർഗാത്മക ഗുണങ്ങൾ മാത്രമുള്ള പുണ്യമാണ് സ്നേഹം. 'സ്നേഹമാണഖിലസാരമൂഴിയിൽ'. മനുഷ്യവ്യക്തികളിലേക്ക് അതിരുകളില്ലാത്ത, അളവുകളില്ലാത്ത സ്നേഹം പകർന്നുനല്കുമ്പോൾ കൊടുത്തതിലേറെ സ്നേഹം തിരിച്ചുകിട്ടും. കത്തോലിക്കാവിശ്വാസമനുസരിച്ച് സ്നേഹോന്മുഖരായിട്ടാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് (ordered to love).

നിരുപാധികസ്നേഹത്തിനു മാത്രമേ ജീവിതത്തിലനുഭവപ്പെടുന്ന ശൂന്യാവസ്ഥയെ സർഗാത്മകവും സന്മാർഗനിഷ്ഠവുമായ മൂല്യങ്ങളുടെ സംഭരണിയാക്കി മാറ്റാനാവൂ. സ്നേഹം സ്വീകരിച്ച്, സ്നേഹം നല്കി സംതൃപ്തജീവിതം സംപ്രാപ്യമാക്കുക. പരിശുദ്ധനായ ദൈവം, ആ സ്നേഹമാണ് പ്രപഞ്ചസൃഷ്ടിക്കു നിദാനമാക്കിയത്. പരസ്പരം സ്നേഹിക്കുന്നതിനാണ് ദൈവം തന്റെ രൂപസാദൃശ്യങ്ങളിൽ മനുഷ്യരെ സൃഷ്ടിച്ചത്. സ്നേഹം അഹം കേന്ദ്രീകൃതമാകുമ്പോൾ (self centred) അതിനെ സ്നേഹമെന്നു വിളിക്കാനാവില്ല. അതു കേവലം സ്വാർത്ഥതയാണ്. സ്നേഹം പൂർണത പ്രാപിക്കുന്നത് അപരനിലൂടെയാണ് (other centred).

ഒരുവൻ തന്റെ സ്വകീയസുഖശീതളിമയുടെ ആശ്വാസമേഖലയ്ക്കു (comfort zone) പുറത്തേക്കു സ്വയംപ്രേരിതരായി കടന്നാൽ മാത്രമേ അപരന്റെ 'ഇല്ലായ്മ'കളിലേക്കു പരസ്നേഹത്തിന്റെ സ്നിഗ്ധസുഖം പകർന്നുനല്കാനാവൂ. അപ്പോഴാണ് സ്നേഹം ദൈവികപുണ്യമായി മാറുന്നത്. ദൈവം തന്റെ ഏകജാതന്റെ സ്വയംശൂന്യവത്കരണത്തിലൂടെ വെളിപ്പെടുത്തിയത് ദിവ്യസ്നേഹത്തിന്റെ ഉദാത്തമാതൃകയാണ്: മനുഷ്യാവതാരവും രക്ഷാകരദൗത്യവും.

**നിരുപാധികസ്നേഹത്തിനു മാത്രമേ ജീവിതത്തിലനുഭവപ്പെടുന്ന ശൂന്യാവസ്ഥയെ സർഗാത്മകവും സന്മാർഗനിഷ്ഠവുമായ മൂല്യങ്ങളുടെ സംഭരണിയാക്കി മാറ്റാനാവൂ.**

അതിരുകളില്ലാത്ത, അളവുകളില്ലാത്ത സ്നേഹം വാഗ്ദാനം ചെയ്യുന്ന ഒരു തത്ത്വസംഹിതയേയുള്ളൂ: അതു ക്രിസ്തുമതമാണ്. വാഗ്ദാനം നിറവേറ്റിക്കൊണ്ട്, സ്നേഹം പ്രദാനം ചെയ്തുകൊണ്ടിരിക്കുന്ന ഒരു വ്യക്തിയേയുള്ളൂ: അതു ക്രിസ്തുവാണ്. ക്രിസ്തുസ്നേഹംതന്നെയായ പൂർണദൈവവും പൂർണമനുഷ്യനുമാണ്.

അനന്തമായ, അപരിമേയമായ സ്നേഹത്തിന്റെ സമൂർത്തരൂപമാണ് നസ്രസിലെ യേശു. യേശുവിന്റെ ഇഹലോകജീവിതം വെളിപ്പെടുത്തിയ സ്നേഹസാക്ഷ്യങ്ങളാണ് നമ്മുടെ ജീവിതയാത്രയുടെ റോഡ്മാപ്പ്.

'ഞാനാണ് വഴിയും സത്യവും ജീവനും', 'നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക' എന്നീ ക്രിസ്തുമൊഴികൾ ജീവിതസാക്ഷാത്കാരത്തിന്റെ അച്ചാരമാണ്; ഇഹത്തിലെയും പരത്തിലെയും. ■



---



ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

## മാതാപിതാക്കൾ

മാതാവ്, പിതാവ് എന്നീ ഘടകപദങ്ങൾ സമാസിക്കുമ്പോൾ മാതാപിതാക്കൾ എന്ന സമസ്തപദം സൃഷ്ടമാകുന്നു. കൂട്ടിച്ചേർക്കുമ്പോൾ സ്ത്രീയെ കുറിക്കുന്ന ശബ്ദം ആദ്യം വരണമെന്നാണ് സംസ്കൃതത്തിലെ വ്യവസ്ഥ; മലയാളത്തിലേതാകട്ടെ നേരേ മറിച്ചും. ഉദാ: മാതാപിതാക്കൾ (സംസ്കൃതം) അച്ഛനമ്മമാർ (മലയാളം).

മാതാവ്, പിതാവ് എന്നീ സംജ്ഞാനാമങ്ങളുടെ മൂലരൂപം മാതൃ, പിതൃ എന്നുവരും. "ഹ്രസ്വമായ ഋകാരത്തിവസാനിക്കുന്ന രണ്ടുവാക്കുകൾ ദ്വന്ദ്വമായി സമാസിക്കുമ്പോൾ പൂർവ്വപദാന്ത്യമായ ഋകാരത്തിനു പകരം ആ കാരം ആദേശിക്കപ്പെടുന്നു. അതിന് 'ആനങ് ഋതോ ദ്വന്ദ്വേ' (vi 3.25) എന്നു പാണിനിസൂത്രം... ഉദാ: മാതാപിതാക്കൾ. ഇവിടെ മാതൃശബ്ദവും പിതൃശബ്ദവും ഋകാരാന്തങ്ങളാണ്. മുറയ്ക്ക് 'മാതൃപിതൃക്കൾ' എന്നാണു വേണ്ടത്. പക്ഷേ, പ്രസ്തുതനിയമംകൊണ്ട് മാതൃ എന്നിടത്തെ ഋകാരത്തിനു പകരം ആ കാരം വന്നു മാതാപിതാക്കൾ എന്ന രൂപം സിദ്ധിക്കുന്നു. അതുപോലെ ഹോതാപോതാക്കൾ"* മാതാ + പിതാ + കൾ = മാതാപിതാക്കൾ – അമ്മയും അച്ഛനും എന്നർത്ഥം. ഘടകപദങ്ങൾക്കു സമപ്രാധാന്യം ലഭിക്കുന്നതിനാൽ, മാതാപിതാക്കൾ ഇതരേതര ദ്വന്ദ്വസമാസത്തിൽ ഉൾപ്പെടും. അന്ത്യപദം പ്രായേണ ബഹുവചനത്തിലായിരിക്കും എന്നതാണ് ഈ സമാസത്തിന്റെ സവിശേഷത.

മാതാപിതാക്കൾപോലെ, മാതാപിതാക്കന്മാർ എന്ന സമസ്തപദവും പ്രചാരത്തിലുണ്ട്. ബഹുവചനപ്രത്യയങ്ങളുടെ കാര്യത്തിൽ ശിഥിലതകൾ ഏറെയുണ്ടെങ്കിലും രണ്ടുരൂപങ്ങളോടും ഒറ്റയ്ക്ക് ഒറ്റയ്ക്കു നിൽക്കുന്ന പ്രത്യയം ഒടുവിൽ ചേർക്കുന്നതാണ് പ്രയോഗവ്യവസ്ഥയ്ക്കു നല്ലത്. മാതാപിതാക്കന്മാർ എന്നിടത്തെ അന്ത്യപദത്തിന്റെ പ്രത്യയം (അൻ) പുല്ലിംഗമാണ്. അത് മാതാവിനോടു ചേരില്ലല്ലോ. അതേസമയം, രാമലക്ഷ്മണന്മാർ എന്നിടത്തെ 'അൻ' രാമനോടും ലക്ഷ്മണനോടും വെവ്വേറെ ചേരും. ദ്വന്ദ്വസമാസത്തിൽ പൂർവ്വപദാന്തപ്രത്യയം ലോപിക്കുന്നു എന്നു കരുതുന്നതിൽ യുക്തിയുണ്ട്. തന്മൂലം മാതാപിതാക്കന്മാരെക്കാൾ, വ്യാകരണശുദ്ധിയുള്ള പ്രയോഗം മാതാപിതാക്കൾ ആണെന്നു കരുതുന്നതാണ് സമീചീനം എന്നു തോന്നുന്നു.

*നാരായണപിള്ള, പി.കെ., പ്രയോഗദീപിക, സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്, തിരുവനന്തപുരം, 1988, പുറം – 128.

Deepanalam Weekly
RNI No : 16998/68
Vol. 54 No. 11 Date of Publication 10 June 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment


49 വർഷത്തെ ചികിത്സാപാരമ്പര്യം

# ശ്രീകൃഷ്ണ ആയുർവ്വേദ കേന്ദ്രം

ഐക്കൊമ്പ് - 686 653
ഫോൺ: 04822 - 246446, 9349507287

## മദ്ധ്യകേരളത്തിലെ പ്രമുഖ ആയുർവ്വേദ ആശുപത്രി

ചങ്ങനാശ്ശേരി ഒ.പി.
വള്ളിക്കാവ് ജംഗ്ഷൻ, പെരുന്ന, ഫോൺ: 04812-402716

## എല്ലാവിധ രോഗങ്ങൾക്കും ഒ.പി. & ഐ.പി. വിഭാഗങ്ങൾ




## ചികിത്സാവിഭാഗങ്ങൾ

- കായരോഗവിഭാഗം (General Medicine)
- പഞ്ചകർമ്മചികിത്സ
- ആയുർവ്വേദിക് ഡയബറ്റിക് ക്ലിനിക്
- തിരുമ്മുചികിത്സ
- യോഗ-പ്രകൃതി ചികിത്സ
- സന്ധിവാത ചികിത്സ
- അമിതവണ്ണത്തിനുള്ള ചികിത്സ
- വന്ധ്യതാ ചികിത്സ
- ബാലചികിത്സ (Paediatrics)

**ചീഫ് ഫിസിഷ്യൻ:**
ഡോ. എൻ.കെ. മഹാദേവൻ D.A.M.

**അസിസ്റ്റന്റ് ഫിസിഷ്യൻസ്:**
ഡോ. കെ.എം. കൃഷ്ണപ്രിയ B.H.M.S.
ഡോ. കെ.എം. കൃഷ്ണപ്രീത B.A.M.S, P.G.D.Y.
ഡോ. ശ്രീദേവി B.A.M.S.

## അസ്ഥിതേയ്മാനത്തിന് (OSTEOPOROSIS)

### പ്രത്യേകചികിത്സ ആരംഭിച്ചിരിക്കുന്നു

കാൽമുട്ടുവേദന, വീക്കം, നടുവേദന, ഡിസ്ക് തള്ളൽ, പിടലിവേദന, ഉരത്തിനു വേദന, മരപ്പ് എന്നിവയൊക്കെ അസ്ഥിതേയ്മാനത്തിന്റെ ലക്ഷണമാകാം. അതിനുള്ള പ്രത്യേക കിഴികൾ, ഉപനാഹം, ബന്ധനം, ലേപനം, ധാര, തൈലസേവ, സൂപ്പു ചേർത്ത ഔഷധങ്ങൾ, ഔഷധഘൃതം എന്നിവ ഫലപ്രദമായി ചെയ്തുവരുന്നു.

## ഞങ്ങളുടെ പ്രത്യേകതകൾ

- പ്രകൃതിരമണീയമായ ഗ്രാമീണാന്തരീക്ഷം
- ചികിത്സയ്ക്കുള്ള ഔഷധങ്ങൾ ആശുപത്രിയിൽത്തന്നെ നിർമ്മിക്കുന്നു
- 43-ൽ പരം വർഷത്തെ പരിചയമുള്ള സ്ത്രീ-പുരുഷ പഞ്ചകർമ്മ ടെക്നീഷ്യൻസ്

ആയുർവ്വേദത്തിന്റെ മൂല്യം കാത്തു സൂക്ഷിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org